# മഹാഭാരതകഥ.

ഒരു നിരൂപണം

മയിസൎവ്വാണികൎമ്മാണിസംന്യസ്യാദ്ധ്യാത്മചേതസാ
നിരാശീൎന്നിൎമ്മമോഭൂത്വായുദ്ധ്യസ്വവിഗതജ്വരഃ.

—ഭഗവൽഗീത, ൩-൩൦.

കുന്നത്ത് ജനാർദ്ദനമേനോൻ.

# മഹാഭാരതകഥ.

ഒരു നിരൂപണം.

—:o:—

കുന്നത്ത് ജനാർദ്ദനമേനോൻ.

എഴുതിയത്.

THE MALAYALAM IMPROVEMENT COMMITTEE
COCHIN GOVERNMENT.

പ്രസിദ്ധീകർത്താ:

കെ. കെ. തമ്പാൻ.

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

കുന്നംകുളം:

അക്ഷരരത്നപ്രകാശിക പ്രെസ്സ്

913

# സ്വന്തം പ്രസ്താവന.

—:o:—

പരക്കേ സ്വധമ്മബോധം ശരിയായി ഉണ്ടാവത്തക്കവണ്ണം എന്നാലാവുന്നപോലെ ശ്രമിപ്പാൻ ഒരുങ്ങിക്കൊണ്ടു് ഞാൻ ഏതാനം മാസങ്ങൾക്കുമുമ്പെ പ്രചരിപ്പിച്ച ലഘുപത്രിക ബഹുജനങ്ങൾ സാദരം കൈക്കൊണ്ടിരിക്കുമെന്നു് വിശ്വസിക്കുന്നു. അതിൽ പ്രസ്താവിച്ചിട്ടുള്ളതിന്മണ്ണം പ്രസിദ്ധീകരിക്കുന്ന മറെറാരു പുസ്തകമാണു് ഈ "മഹാഭാർതകഥാ നിരൂപണം."

എന്റെ മാന്യസുഹൃത്തായ രാജശ്രീ കുന്നത്തു് ജനാർദ്ദനമേനോൻ അവർകൾ എഴുതിയ ഈ പ്രബന്ധം "ആത്മപോഷിണി" യിൽ തുടച്ചയായി പ്രസിദ്ധീകരിച്ചിരുന്നതു് അപ്പപ്പൊൾ ഞാൻ വായിച്ചു കൊണ്ടുവരവെ, ഇതിൽ പ്രകാശിപ്പിച്ചിട്ടുള്ള വിശിഷ്ടങ്ങളായ ജീവിതതത്ത്വങ്ങൾ എന്റെ മനസ്സിനെ ആകൎഷിക്കയാൽ എനിക്കുണ്ടായ ആഗ്രഹപ്രകാരമാണു് ഇതിനെ ഇങ്ങിനെ പ്രത്യേകം പുസ്തകമാക്കി വെളിക്കിറക്കുന്നതു്.

സ്വയംകൃതവും വിശിഷ്ടങ്ങളായ ആശയങ്ങളാൽ പരിപൂണ്ണവുമായ ഒരു ഉത്തമഗ്രന്ഥം ഇതാ മലയാളത്തിലേക്കു് സിദ്ധിച്ചിരിക്കുന്നുവെന്നു് ഞാൻ സന്തോഷിക്കുന്നു.

പുലാപ്പററ<br>
൧൦൯൬, തുലാം, ൧൭. } കെ. സി. ശങ്കരൻതമ്പാൻ.

## ചില പുതിയ പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| മനംപോലെ മംഗല്യം | ൦ | ൪ | ൦ |
| ഈശാവാസ്യോപനിഷത് | ൦ | ൪ | ൦ |
| കുചേലൻ | ൦ | ൪ | ൦ |
| വിജയരഹസ്യം | ൦ | ൪ | ൦ |
| മഹാഭാരതകഥ | ൦ | ൪ | ൦ |
| ലക്ഷണാമൃതം, സവ്യാഖ്യാനം | ൦ | ൨ | ൦ |
| ഭാഗീരഥി, വഞ്ചിപ്പാട്ട് | ൦ | ൦ | ൩ |
| ദേവയാനി, പദ്യകൃതി | ൦ | ൧ | ൦ |

കെ. കെ. തമ്പാൻ,

പുലാപ്പററ

ഒററപ്പാലം.

# മഹാഭാരതകഥ

---

## ഒരു നിരൂപണം.

---

### ഗുണദോഷങ്ങൾ.

ലോകത്തിൽ ഗുണദോഷസമ്മിശ്രമായിട്ടല്ലാതെ യാതൊന്നും തന്നെയില്ല. കേവലം ഗുണപൂൎണ്ണമായിട്ടോ, കേവലം ദോഷപൂൎണ്ണമായിട്ടോ ഏതെങ്കിലുമൊരു വസ്തു ഉണ്ടെങ്കിൽ അതു് ഏകമായ ബ്രഹ്മം മാത്രമാണു. സമത്വത്തിലാണു പ്രകൃതിയുടെ കിടപ്പെങ്കിലും, അതിനുണ്ടായിക്കാണുന്ന വിവിധവികാരവിശേഷങ്ങൾക്കൊക്കെയും കാരണം വിഷമതയാണ്. വികാരമുണ്ടാവേണമെങ്കിൽ വിഷമതയുണ്ടാവണം. വിഷമതയില്ലെങ്കിൽ പ്രപഞ്ചമില്ല. വിഷമത ഭവിക്കാതെയും, വികാരം ജനിക്കാതെയും ഇരുന്നാൽ പ്രപഞ്ചം ഏകത്വത്തിൽ ലയിക്കും; അതാണ് പ്രളയാവസ്ഥ. ഇക്കണ്ട ജീവജാലത്തെയൊക്കെയും പ്രപഞ്ചത്തിൽ പ്രവേശിപ്പിക്കുന്നതു് വിഷമതയുടെ പ്രവൃത്തിയാണ്. വിഷമതയെന്നതു് രണ്ടു വിഭിന്നശക്തികൾ തമ്മിലുള്ള മത്സരത്തിന്റെ ഫലമാകുന്നു. ഈ വിഭിന്ന ശക്തികളെയാകുന്നു ഗുണം, ദോഷം എന്നിങ്ങനെ പേർ കൊടുത്തു തരം തിരിച്ചു വെച്ചിരിക്കുന്നതു്. ഈ രണ്ടു ശക്തികൾ തന്നെയാകുന്നു സുഖദുഃഖങ്ങൾ, ശീതോഷ്ണങ്ങൾ, എന്നീ വക എല്ലാം ദ്വന്ദ്വഭാവങ്ങളെയും വിസ്ഫുരിപ്പിക്കുന്നതു്.

ഏതൊരു വസ്തുവിൽ ഗുണം കുറഞ്ഞും ദോഷം വളൎന്നും ഇരിക്കുന്നുവോ അതിനെ ചീത്തയെന്നു നിരാകരിക്കുന്നു; ഗുണം വളൎന്നും

ദോഷം കുറഞ്ഞും ഇരിക്കുമ്പോ അതിനെ നല്ലതെന്നു സ്വീകരിക്കയും നാം ചെയ്യുന്നു. ലോകമാകെ പുകഴ്ത്തുന്ന ഒരു മഹാത്മാവിൽ– അദ്ദേഹം ലോകത്തിൽ വൎത്തിക്കുന്നുണ്ടെങ്കിൽ– എന്തെങ്കിലുമൊരു ദോഷം തീൎച്ചയായും ഉണ്ടായിരിക്കും. അതിന്മണ്ണം തന്നെ ലോകമാകെ നിന്ദിക്കുന്ന ഒരു ദുരാത്മാവിൽ– അവൻ ലോകത്തിൽ വൎത്തിക്കുന്നുണ്ടെങ്കിൽ– എന്തെങ്കിലുമൊരു ഗുണവും ഉണ്ടായിരിക്കും. തന്റെ നാശത്തിനു കാരണമാവാതെയുള്ള ദോഷവും, തന്റെ അഭിവൃദ്ധിക്കാസ്പദമായുള്ള ഗുണവും ഒരുവനിൽ ഉണ്ടായിക്കാണുമ്പോൾ അവനെ സജ്ജനങ്ങളുടെയും; നേരെ മറിച്ചുള്ള ഗുണദോഷഭാവങ്ങളോടു കൂടിയവനെ ദുൎജ്ജനങ്ങളുടെയും ഗണത്തിൽ ചെൎക്കുകയാണു് നാം ചെയ്യുക.

ഇങ്ങിനെ, മനുഷ്യർ അവരവൎക്കുള്ള പരിചയങ്ങൾക്കും അനുഭവങ്ങൾക്കും ഒത്തവണ്ണം അന്യരെ സംബന്ധിച്ചു് ഗുണദോഷങ്ങളെ പകതിരിക്കുന്നതിൽ, ആകപ്പാടെ നോക്കിയാൽ, ചിലപ്പൊഴെല്ലാം കുറെയൊക്കെ ശരിയാകാറുണ്ടു്. ഗുണത്തിനും ദോഷത്തിനും അസംഖ്യം ഭാവഭേദങ്ങളുള്ളതിനാൽ അവ ഇന്നിന്നവയെന്നു് വിവേചിച്ചറിയുന്നതിനും, അവയുടെ ഫലങ്ങൾ ഇന്നിന്നവയെന്നു് നിൎണ്ണയിച്ചു തൃപ്തിപ്പെടുന്നതിനും, സ്വന്തം കാൎയ്യത്തിലാണെങ്കിൽ, ഒട്ടും തന്നെ ആവാതെ, മനുഷ്യർ ഭ്രമപരവശരായും ദുഃഖാകുലരായും നിരന്തരം ഉഴന്നുകൊണ്ടിരിക്കുന്നു. അന്നു മുതൽ ഇന്നുവരെ ഉണ്ടായിട്ടുള്ള വിജ്ഞന്മാരേവരും, മനുഷ്യരെ ഈ വിഷയത്തിൽ സമൎത്ഥരാക്കുവാൻ വേണ്ടി മാത്രമാണു് ഇത്രയേറെ ശ്രമിച്ചതും, ഇത്രയേറെ ഗ്രന്ഥങ്ങൾ എഴുതിക്കൂട്ടിയതും. എന്നിട്ടും, ഈ വിഷയത്തിൽ, നമുക്കു് എത്രയോ ചുരുങ്ങിയ ജ്ഞാനമേ ഉണ്ടായിക്കഴിഞ്ഞിട്ടുള്ളു. ഗുണദോഷങ്ങൾ നമ്മുടെ ചിത്തവൃത്തിയെ എങ്ങിനെയെല്ലാം പ്രവൎത്തിപ്പിക്കുന്നു എന്നു കണ്ടറിയുകയും, അവയുടെ ഫലങ്ങൾ ഇന്നിന്നവയെന്നു് അനുഭവിച്ചറികയും ചെയ്യുംതോറും നമുക്കു് വിവേചനശക്തി വൎദ്ധിച്ചുകൊണ്ടിരിക്കും. എന്നാൽ ചിത്തവൃത്തിയെ സൂക്ഷ്മമായി പരിശോധിക്കുന്നതിനും, അനുഭവങ്ങളെ ക്രമത്തിൽ പകുത്തുവെക്കുന്നതിനും വേണ്ടുന്ന നിരീക്ഷണശക്തി മനുഷ്യൎക്കു് എത്രയോ ഏറെ

കുറവായിട്ടാണിരിക്കുന്നത്. നമ്മുടെ മനസ്സിൽ നിമിഷംപ്രതി വികാരങ്ങൾ മാറി മാറി വന്നുകൊണ്ടിരിക്കുന്നുണ്ട്; എന്നു തന്നെയല്ല, അവിടെ ചില വികാരങ്ങൾ സ്ഥായിയായിക്കിടക്കുന്നതുമുണ്ട്. ഗുണമായിട്ടും ദോഷമായിട്ടും എത്രയൊക്കെയോ ഫലങ്ങൾ നാം അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു; ചിലതു് ഇപ്പോഴും നാം അനുഭവിച്ചുകൊണ്ടു തന്നെയിരിക്കുന്നു. ആ വക ചിത്തവികാരങ്ങൾക്കും ഈ വക ഫലങ്ങൾക്കും തമ്മിലുള്ള സംബന്ധത്തെ കാൎയ്യകാരണഗതിക്കൊത്തവണ്ണം നിൎണ്ണയിക്കുന്നതിനോ, കീഴ് കഴിഞ്ഞ അനുഭവങ്ങളെ വഴിക്കുവഴി സ്മരിക്കുന്നതിനോ മനുഷ്യർ മിക്കവാറും കഴിവില്ലാത്തവരാണ്.

## സാഹിത്യകാരന്മാർ.

ഈ നിലയിൽ നിന്നു നോക്കുമ്പോഴാണ് സാഹിത്യകാരന്മാരുടെ പ്രവൃത്തികൾക്കുള്ള വില എത്രമാത്രമുണ്ടെന്ന് നാം കാണുക. അവർ സങ്കല്പലോകത്തിൽ പലതരത്തിലുള്ള മനുഷ്യരെ സൃഷ്ടിച്ച് നമ്മുടെ മുമ്പിൽ കൊണ്ടുവന്ന് നിൎത്തുന്നു. വിവിധഭാവങ്ങളോടു കൂടിയ ഗുണദോഷങ്ങൾ അവരിൽ വെവ്വേറെ അങ്കുരിക്കുന്ന ക്രമത്തെയും, അവ അവരുടെ ചിത്തവൃത്തിയെ പ്രവൎത്തിപ്പിക്കുന്ന വിധത്തെയും, അവയിൽ നിന്നുണ്ടാകുന്ന ഫലങ്ങളെ അവർ അനുഭവിക്കുന്ന അവസ്ഥയെയും സാഹിത്യകാരന്മാർ നമുക്ക് ശരിയായും വെളിവായും കാട്ടിത്തരുന്നു. അവരുടെ ഈ മായാമനുഷ്യരിൽ ചിലർ നാം തന്നെയാണെന്നും, ചിലർ നമ്മുടെ സ്വന്തപ്പെട്ടവരാണെന്നും തോന്നുമാറു് നമ്മെ മയക്കുന്നതിന് സാഹിത്യകാരന്മാൎക്ക് സാമൎത്ഥ്യമുണ്ട്. നാം അവരുടെ മായാലോകത്തിൽ സ്വബോധരഹിതരായി പ്രവേശിക്കയും, അവിടെ നടക്കുന്ന അനുഭവങ്ങളും അവയുടെ കാരണങ്ങളും എന്നെന്നും മാഞ്ഞുപോകാത്തവണ്ണം നമ്മുടെ മനസ്സിൽ പതിയുകയും ചെയ്യുന്നു. അങ്ങിനെ, വിവിധങ്ങളായ ഗുണദോഷഭാവങ്ങളുടെ ഉത്ഭവസ്ഥാനങ്ങളെയും അവയുടെ വിവിധങ്ങളായ ഫലങ്ങളെയും നാം തിരിച്ചറിയുമാറാവും. ഗുണദോഷസമ്മിശ്രമായ ലോ

കത്തിന്റെ കിടപ്പും, സുഖദുഃഖങ്ങളുടെ നടപ്പും നാം കാണുമാറാവും. നമ്മെ അവനമിപ്പിക്കുന്ന ദോഷങ്ങളെ ഒടുക്കുന്നതിനും, മാനസിക ദ്വികാരങ്ങളെ അടക്കുന്നതിനും, നമ്മെ ഉന്നമിപ്പിക്കുന്ന ഗുണങ്ങളെ എടുക്കുന്നതിനും നാം ശക്തരാകയും ചെയ്യും. ഇത്രയൊക്കെ ഗുണം സാഹിത്യകാരന്മാരുടെ പ്രവൃത്തിയിൽ നിന്ന് നമുക്ക് കിട്ടുന്നുണ്ട്. ഇങ്ങിനെ, പരാനുഭവങ്ങളേയും ആ അനുഭവങ്ങൾക്കുണ്ടായ മനോവികാരങ്ങളെയും ആ മനോവികാരങ്ങളെ പ്രവൎത്തിപ്പിച്ച വിഷമതയെയും സാഹിത്യകാരന്മാർ ലോകത്തിൽ അനുഭവഗോചരമാക്കീട്ടുള്ളതുകൊണ്ടാണ് നമുക്ക് ഇത്രയെങ്കിലും ഗുണദോഷജ്ഞത ഉണ്ടായിരിക്കുന്നത്. പരാനുഭവങ്ങളെയും സ്വാനുഭവങ്ങളെയും അവരവർ തന്നെ ചികഞ്ഞുനോക്കി കാൎയ്യകാരണങ്ങളെ നിൎണ്ണയിക്കുവാൻ ലക്ഷത്തിൽ ഒരാൾക്കു പോലും ശക്തിയില്ലാതെയാണല്ലൊ ഇരിക്കുന്നത്.

## മഹാഭാരതം.

വ്യാസമഹൎഷി ഒരു സാഹിത്യവീരനായിരുന്നു. അയ്യായിരം കൊല്ലങ്ങൾക്കു മുമ്പെ ജീവിച്ചിരുന്നവരാണെന്ന് നാം വിശ്വസിക്കുന്ന കൗരവന്മാർ, അവരവരുടെ ഗുണദോഷങ്ങളെയും അവയ്ക്കുണ്ടായ ഫലങ്ങളെയും തുറന്നു കാണിച്ചുകൊണ്ട് ഇന്നും നമ്മുടെ മുമ്പിൽ ജീവനോടെ വന്നു നില്ക്കുന്നത് വ്യാസമഹൎഷിയുടെ സാഹിത്യപീയൂഷപ്രയോഗത്താലത്രെ. ഗുണവും ദോഷവും ഇടകലരാത്ത വസ്തു ലോകത്തിൽ ഒന്നും തന്നെ ഇല്ലാത്തതിനാൽ, സജ്ജനദുൎജ്ജനങ്ങളെ വകതിരിച്ചറിയുന്നതിൽ മനുഷ്യലോകം പരിഭ്രാന്തരായിത്തീൎന്നിരിക്കുന്നുവെന്നും, സ്വീകാൎയ്യങ്ങളും പരിത്യാജ്യങ്ങളുമായ ചിത്തവൃത്തികൾ ഇന്നിന്നവയെന്നറിയാതെ കുഴങ്ങുന്നുവെന്നും കണ്ട്, മനുഷ്യരെ ഈ പരിഭ്രാന്തിയിൽ നിന്നും കുഴപ്പത്തിൽ നിന്നും മോചിപ്പിക്കുന്നതിനായിട്ടാണ് അദ്ദേഹം മഹാഭാരത കഥ നിൎമ്മിച്ചത്. ഗുണദോഷസമ്മിശ്രമായിട്ടല്ലാതെയൊ, അവയ്ക്കൊത്ത ഫലങ്ങളെ ശരിയായി അനുഭവിക്കാതെയൊ ഒരു പാത്രവും അതിലില്ല. അമാനുഷമായും, മൃഗൊചിതമായും; അനുകരണീയമായും, നിരാകരണീയമായും; കഥ

തുകകരമായും, ഭയങ്കരമായും;— ഇങ്ങിനെ അനേകതരം ചിത്തവൃത്തികളെ ആ മഹാഗ്രന്ഥത്തിൽ തന്മയത്വത്തോടെ പ്രകാശിപ്പിച്ചിരിക്കുന്നു. വിവിധ ഗുണദോഷഭാവങ്ങളുടെ ഉത്ഭവസ്ഥാനങ്ങളെയും, അവ മനസ്സിൽ വളൎന്നു പ്രവൎത്തിക്കുന്ന വിധങ്ങളെയും, എന്നിട്ടുണ്ടാകുന്ന ഫലങ്ങളെയും അതിൽ വെവ്വേറെ എടുത്തുകാണിച്ചിരിക്കുന്നു. ഒരുവനിൽ ചില ദോഷങ്ങളുണ്ടായിരുന്നാലും- അതിൽ നിന്ന് അവൻ ദുഃഖമനുഭവിക്കുമെന്ന് തീൎച്ചയാണെന്നിരുന്നാലും, പരോപദ്രവത്തിനോ സ്വാത്മനാശത്തിനോ അവ കാരണമാവാത്തവണ്ണം അവയെ താഴ്ത്തി നിൎത്തുവാൻ ശക്തിയുള്ള വേറേ ചില ഗുണങ്ങൾ അവനിലുണ്ടെന്നിരിക്കിൽ അവൻ ശിഷ്ടനാണെന്നും; മറെറാരുവനിൽ ചില ഗുണങ്ങൾ ഉണ്ടെന്നിരുന്നാലും- അതിൽ നിന്ന് അവൻ സുഖമനുഭവിക്കുമെന്നാലും- ആ ഗുണങ്ങളെ കവിഞ്ഞു നില്ക്കുന്ന ദോഷങ്ങൾ അവനിലുണ്ടെന്നിരിക്കിൽ അവൻ ഒരു ദുഷ്ടൻ തന്നെയെന്നും— ഇങ്ങിനെ ദുഷ്ടശിഷ്ടന്മാരെ വകതിരിക്കേണ്ടതു് എങ്ങിനെയെന്ന് ഭാരതത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ദുർവികാരങ്ങളെയും സദ്വികാരങ്ങളെയും ഫലാനുഭവകാലത്തിനു മുമ്പേ തന്നെ ബാഹ്യഭാവങ്ങളെ നോക്കി എങ്ങിനെ നിൎണ്ണയിക്കുവാൻ കഴിയുമെന്ന് അതിൽ വിശദമാക്കിയിരിക്കുന്നു. 'മഹാഭാരതം' ഒരു വലിയ ലോകമാണ്. അതിലെ പാത്രങ്ങളിൽ ഏതെങ്കിലുമൊന്നിനോട് സംബന്ധിക്കാത്ത ജീവിതഗതിയോ മനോഭാവമോ വേറേ കാണുകയില്ല. ലോകതത്വം സൎവ്വവും അതിലുണ്ട്. ജീവിതരഹസ്യങ്ങളൊക്കെയും അതിൽ പരസ്യമാക്കീട്ടുണ്ട്.

## ചിത്തവൃത്തിനിരോധം.

ദോഷങ്ങളൊക്കെയും ദുഃഖഹേതുകങ്ങളാകയാൽ, അവയിൽ കുന്നും കലരാതെ ജീവിക്കുവാൻ കഴികയില്ലെന്നിരിക്കിൽ അവയോടു എങ്ങിനെയാണ് പെരുമാറേണ്ടതു്? കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സൎയ്യം എന്നിവയാണല്ലോ മുഖ്യദോഷഭാവങ്ങൾ. ഇവ നാശകരങ്ങളായ ദുർവൃത്തികളാണെന്നും, ഇവക്കു് മനസ്സിൽ കട്ടം

ഇടം കൊടുക്കരുതെന്നും പലരും പലടത്തും ഉപദേശിക്കുന്നുണ്ട്. യഥാൎത്ഥഭാരതീയരുടെ ജീവിതാദൎശം ഈശ്വരസാക്ഷാൽകാരമാണെന്നതിനാൽ, അതിലേക്ക് മാനസിക ദുൎവൃത്തികളെ ഒന്നൊന്നായോ, കൂട്ടാട്ടായൊ അകററി, ആ സ്ഥാനങ്ങളിൽ പ്രേമം, അനുകമ്പ, ദാനം, നിൎമ്മമത, വിനയം, സമദൎശനം എന്നീ സദ്വൃത്തികളെ മുറയ്ക്കു പ്രവേശിപ്പിച്ചുകൊണ്ടു, ക്രമേണ മനസ്സിനെ ബ്രഹ്മത്തിൽ ലയിപ്പിച്ച് നിൎവികാരാവസ്ഥയെ പ്രാപിക്കേണമെന്നതു കൊണ്ടാണ് ദുൎവൃത്തികളെ ഒഴിക്കേണമെന്ന് എപ്പൊഴും എല്ലാടത്തും വിജ്ഞന്മാർ നമ്മെ ശാസിക്കുന്നത്. ഈ രഹസ്യത്തെ നിരന്തരം അറിഞ്ഞുകൊണ്ടു വേണം ദുൎവൃത്തികളോടു പൊരുമാറുവാൻ. ജീവിതം പ്രപഞ്ചത്തിൽ സ്ഥിതിചെയ്യുന്നെടത്തോളം കാലം ദോഷങ്ങളിലൊന്നെങ്കിലും മായുന്നതായാൽ അത്രത്തോളം ആ ജീവിതം ലോകരംഗത്തിൽ പ്രകാശം കുറഞ്ഞിരിക്കും. തീരെ ക്രോധഹീനനായ ഒരുവനെ നോക്കുക: ആനക്കാരൻ ആനയുടെ തലയിലെന്ന പോലെ, അവന്റെ തലയിൽ ഇതരന്മാർ ചവിട്ടിക്കയറുന്നു. അതുകൊണ്ടു, ഗുണമോ ദോഷമോ ആയ ഏതു ചിത്തവൃത്തിയെയും നശിപ്പിക്കുവാനല്ലാ നാം ശ്രമിക്കേണ്ടത്. അവയെ പതുക്കെ പതുക്കെ നാം കീഴടക്കണം. വിവിധവികാരാകരമായ മനസ്സിനെ നമ്മുടെ ആധിപത്യത്തിൻകീഴിലാക്കണം. ഇപ്പോഴാവട്ടെ മനസ്സിന്, അതായത്, കാമക്രോധാദി ചിത്തവികാരങ്ങൾക്ക് നാം കീഴ്പ്പെട്ടിരിക്കയാണ്. അവയൊക്കെ നമ്മുടെ ജീവിതത്തിൽ സ്വതന്ത്രമായി പ്രവൎത്തിച്ചുവരുന്നു. അവയുടെ കൎമ്മഫലങ്ങൾ നാം അടിമകൾക്കൊപ്പം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ നശ്വരതയെയും സുഖദുഃഖങ്ങളുടെ നിസ്സാരതയേയും പററി നിരന്തരം ചിന്തിക്കയും, വൃത്തിവിശേഷങ്ങൾ മനസ്സിനെ ക്ഷോഭിപ്പിച്ച് നമ്മെ ഏടാകൂടത്തിൽ തള്ളി വിടുന്ന രീതിയെ അപ്പപ്പോൾ സൂക്ഷ്മമായി കണ്ടറികയും, ആ ചിത്തവൃത്തികൾക്കുള്ള കാരണകാൎയ്യങ്ങളെ ക്ഷമയോടെ പരിശോധിക്കയും ചെയ്തുകൊണ്ടിരിക്കുന്നതായാൽ മനസ്സിനെ നമുക്ക് കീഴ്പ്പെടുത്തുന്നതിന് ക്രമേണ കഴിയുമാറാവും. ആ നിലയിലെത്തിയാൽ സ്വേഛരാ

നുസരണം മനസ്സിനെ പ്രവൎത്തിപ്പിക്കുന്നതിനോ, നശിപ്പിച്ചു കളയു ന്നതിന്നോ, എന്തിനും നമുക്കു കഴിയും. അപ്പൊഴത്തെ കൎമ്മഫലങ്ങ ളൊന്നും, അതായതു, സുഖദുഃഖങ്ങളൊന്നും നമ്മെ തീണ്ടുകയില്ല. നാം അപ്പൊൾ സദാനന്ദന്മാരായിരിക്കും. ലൌകികകാൎയ്യങ്ങളിൽ സൎവ്വശക്തന്മാരുമായിരിക്കും. ഈ ഉൽകൃഷ്ടജീവിതത്തിൽ എത്തിയ വരാണ് മഹാ ഭാരതത്തിലെ കൃഷ്ണനും ഭീഷ്മനും.

## കൃഷ്ണൻ.

ഭാരതകഥയുടെ പ്രാണനാകുന്നു കൃഷ്ണൻ. അദ്ദേഹം പ്രപ ഞ്ചസ്ഥിതികൎത്താവായ വിഷ്ണുവിന്റെ അവതാരമാണത്രെ. അവതാ രമെന്നാൽ എന്താണ്? ഒരുവൻ ചിത്തവൃത്തിയെ എത്രത്തോളം നി രോധിക്കുന്നുവോ, അത്രത്തോളം അവനിൽ ഈശ്വരാംശം പ്രകാശി ക്കും. മനസ്സിനെ തീരെ കീഴടക്കുകയും പ്രാപഞ്ചിക ബന്ധത്തിൽനി ന്ന് തീരെ മോചിക്കയും ചെയ്യുന്നവനിൽ അതിലധികം ഈശ്വരാം ശം പ്രകാശിക്കും. അപ്പോൾ, ജീവാത്മാവിനു പരമാത്മാവിനോടു ള്ള ഐക്യത്തെ അവൻ അറിഞ്ഞ് അനുഭവിക്കും; അവന് ഐശ്വ ൎയ്യസിദ്ധിയുണ്ടാകയും ചെയ്യും. ഇങ്ങിനെയുള്ളവൻ സാമാന്യമനുഷ്യ രിൽ നിന്ന് എത്രയോ പടി ഉയൎന്നുനില്ക്കുന്നതിനാൽ അവനെ ഈ ശ്വരാവതാരമെന്ന് ജനങ്ങൾ പൂജിക്കുന്നു. ഇങ്ങിനെയൊരു മഹാ ത്മാവാകുന്നു കൃഷ്ണൻ. പ്രപഞ്ചമൊക്കെയും മിത്ഥ്യയാണെന്നും, ദൈ വം സൎവശക്തനും സൎവ്വവ്യാപിയുമാണെന്നും, അത് താൻ തന്നെ യാണെന്നും അദ്ദേഹത്തിന് അനുഭവപ്പെട്ടിരിക്കുന്നു. എന്നിട്ടും, അ ദ്ദേഹം സാമാന്യജനങ്ങളുടെ ഗുണത്തിനായി പ്രപഞ്ചത്തിൽ തന്നെ സ്ഥിതിചെയ്തു കൎമ്മം ചെയ്തുകൊണ്ടു ജീവിക്കുന്നു. വ്യാസൻ തുടങ്ങി യ മഹൎഷിവരന്മാർ കൂടി പ്രാപിക്കാത്ത അവസ്ഥയാണിത്. മന സ്സിനെ എത്രവളരെ താഴ്ത്തി നിൎത്തിയാലും, ഒരു ചെറിയ പിടി കിട്ടി യാൽ അത് മേലോട്ടു കുതിച്ചു ചാടും. കാമക്രോധാദി ചിത്തവൃത്തി കൾക്ക് അവകാശമില്ലാത്ത വിജനങ്ങളായ വനപ്രദേശങ്ങളിൽ പ്രവേ ശിച്ചു ഈശ്വരധ്യാനൈകപരന്മാരായും ആത്മാനന്ദന്മാരായുമിരിക്ക

ന്ന ഈ ഋഷിവരന്മാർ നാട്ടിൽ വന്ന് ലൊകവ്യവഹാരങ്ങളുടെ തിക്കും തിരക്കും എല്ലുമ്പോൾ അവരുടെ മനസ്സിനു ഒട്ടൊട്ടു കലക്കം തട്ടാറുണ്ട്. കാട്ടിനുള്ളിൽത്തന്നെ ഇവരെ മനസ്സ് ചിലപ്പോഴൊക്കെ വഞ്ചിക്കാറുണ്ടെന്നുമുണ്ട്. എന്നാൽ കൃഷ്ണനൊ? എവിടെയെവിടെ ലൌകിക ക്ലേശങ്ങൾ ഊക്കൊടെ തിരക്കുന്നുവൊ, അവിടെയൊക്കെയും കൃഷ്ണനുണ്ട്. അദ്ദേഹം എത്രയോ വളരെ പുത്രകളത്രങ്ങളോടും എത്രയോ വളരെ ആശ്രിതന്മാരോടും കൂടിയ ഗൃഹസ്ഥനാണ്. അതേകാലത്തു തന്നെ അദ്ദേഹം സൎവ്വസംഗപരിത്യാഗിയായ മഹൎഷിയുമാണ്; രജോഗുണം മൂൎത്തീകരിച്ച ക്ഷത്രിയൊത്തമനുമാണ്. അദ്ദേഹം പരമാത്മാവിനെയും പ്രണയിനിയെയും ഒരേ സമയത്തു തന്നെ ആശ്ലെഷിച്ചാനന്ദിക്കുന്നു. ഹാ, എത്രത്തോളം പരമോന്നതമായ അവസ്ഥയാണത്! കയ്യൊന്നുയൎത്തിയാൽ ലോകത്തിലെ കിരീടങ്ങളൊന്നൊഴിയാതെ അദ്ദേഹത്തിന്റെ കാല്ക്കൽ വന്നു വീഴും. എന്നാൽ ഒരു ചെറിയ ദേശം പോലും അദ്ദേഹത്തിന്നു വേണ്ടാ. അദ്ദേഹം എല്ലാരുടെയുംമിത്രമാണ്. എല്ലാരുടെയും ദാസനാണ്; എല്ലാരുടെയും യജമാനനുമാണ്. അദ്ദേഹത്തിന്റെ കാല്ക്കൽ ലൗകികസുഖഭോഗങ്ങളൊക്കെയും കവിഞ്ഞു കവിഞ്ഞു കിടക്കുന്നുണ്ട്. എന്നിട്ടും അദ്ദേഹം ഹഷിക്കുന്നില്ല. ദുസ്സഹങ്ങളും ദുരന്തങ്ങളുമായ അനവധി ക്ലേശങ്ങൾ അദ്ദേഹത്തെ ഞെരുക്കുന്നതായി നാം കാണുന്നു. എന്നാൽ അദ്ദേഹം ശോചിക്കുന്നതായി നാം കാണുന്നില്ല. ഒരു ഉത്തമഗൃഹസ്ഥന്റെ നിലയിൽ എപ്പൊഴും കൎമ്മം ചെയ്തുകൊണ്ടു തന്നെയിരിക്കുന്നു. അവയുടെ ഫലങ്ങളൊന്നും അദ്ദേഹത്തിനെ ബാധിക്കുന്നില്ലെന്നേയുള്ളു. ഇത്രയും പരമോൽകൃഷ്ടാവസ്ഥയെ പ്രാപിച്ച ഇദ്ദേഹം കൂടി ഒരു ക്ഷണനേരത്തേക്ക് മനസ്സിനാൽ വഞ്ചിക്കപ്പെട്ടു. അൎജ്ജുനരക്ഷക്കായി ഭീഷ്മന്റെ നേരെ ചക്രമെടുത്തു കുതിച്ചുചാടിയതു നൊക്കുക. ഇങ്ങിനെയിരിക്കെ, മററു മുനികളുടെയും സാമാന്യ ജനത്തിന്റെയും കഥ പറവാനുണ്ടോ? ദുഷ്ടതയെ നിഗ്രഹിക്കയും ശിഷ്ടതയെ പരിഗ്രഹിക്കയുമാകുന്നു ഉത്തമ പുരുഷലക്ഷണമെന്നും, അതു നിൎമ്മമതയോടും ഫലകാംക്ഷ കൂടാതെയും നിൎവ്വഹിക്കേണമെന്നുമുള്ള തത്തോപദേ

ദേശത്തെ അദ്ദേഹം സ്വജീവിതത്താൽ വ്യാഖ്യാനിച്ചു. ഗീതയിൽ പ്രതിപാദിച്ചിട്ടുള്ള തത്വങ്ങളെയൊക്കെയും അദ്ദേഹം, ഇങ്ങിനെതന്നെ, വ്യാഖ്യാനിച്ചിട്ടുണ്ട്.

കൃഷ്ണനെപ്പോലെ വഞ്ചന ചെയ്തിട്ടുള്ള ഒരാൾ ലോകത്തിൽ വേറെയില്ലെന്ന് പലക്കും തൊന്നാം. അദ്ദേഹത്തിന്റെ വഞ്ചനകളെ ഒന്നൊഴിയാതെ വ്യാസൻ വെളിവാക്കീട്ടുള്ളതു കൊണ്ടാണ് അങ്ങിനെ തോന്നുന്നത്. നാമോരോരുത്തനും നിമിഷംപ്രതി ചെയ്തുകൊണ്ടിരിക്കുന്ന വഞ്ചനകളെ വെറെ പകുത്തു വെയ്ക്കുവാൻ കഴിയുമെങ്കിൽ അവയുടെ എണ്ണവും വണ്ണവും കണ്ടു നാം ഭ്രമാന്ധരായിപ്പോകും! എന്നാൽ, കൃഷ്ണന്റെ വഞ്ചനകളാവട്ടെ, ബഹുജനഗുണത്തിനായി പ്രവൎത്തിക്കുന്ന ഒരാൾക്ക് ഒഴിച്ചുകൂടാത്തവയാണ്. അദ്ദേഹം പലരുടെയും കുലത്തെ ചതിയാൽ നശിപ്പിച്ചതു്, സ്വാൎത്ഥതയാൽ പ്രേരിതനാവാതെയും, ഭൂരിപക്ഷഗുണത്തിന്നായിട്ടുമാണെങ്കിലും, ആ വഞ്ചനകൾ പോലും ഫലിക്കാതെ പോയിട്ടില്ല. അദ്ദേഹത്തിന്റെ ജീവാവസാനം ഏറെ മോശമായ നിലയിലാണ്. തന്റെ കുലം ആകപ്പാടെ നശിച്ചുപോയി. തന്റെ ദേഹമോ, നിസ്സാരനും നീചനുമായ ഒരുവന്റെ അമ്പേററുനശിക്കേണ്ടതായും വന്നു. ഇതുകൊണ്ട് അദ്ദേഹത്തിന് ശോകമൊട്ടും ഉണ്ടായിട്ടില്ല, എങ്കിലും ഏതു ദുഷ്കൎമ്മവും, ആരിലായാലും, ഫലിക്കാതിരിക്കയില്ല എന്ന് ലൊകം അറിയുമാറായിട്ടുണ്ട്. ആ മഹാപുരുഷന്റെ ജീവാത്മാ ഇപ്പോൾ നിൎവ്വികല്പസമാധിയിൽ ലയിച്ചിരിപ്പാണ്. ലോകത്തിൽ ദുഷ്ടത വൎദ്ധിക്കുമ്പൊഴൊക്കെയും താൻ വന്നെത്തിക്കൊള്ളാമെന്ന് അദ്ദേഹം നമ്മെ ആശ്വസിപ്പിച്ചിട്ടുണ്ട്.

## ഭീഷ്മൻ.

ഇനി ഭീഷ്മന്റെ അടുക്കൽ ചെല്ലുക. അംബ എന്ന രാജപുത്രിയെ നിൎഗ്ഗതിയാക്കിയതിന്റെ ഫലമായിട്ടൊ എന്ന് തൊന്നുമാറ്റ് അദ്ദേഹം ഇതാ, നിൎഗ്ഗതിയായി ശരശയ്യയിൽ കിടക്കുന്നു. അംബയുടെ ദേഹനാശത്തിന് താൻ കാരണമായതു പോലെ, തന്റെ

ദേഹനാശത്തിന് അവളും കാരണമായി. വീരപുരുഷോചിതമായ ശരശയ്യയിൽ അദ്ദേഹം ആത്മാനന്ദത്തോടെയാണ് കിടക്കുന്നതെങ്കിലും, ഇതരന്മാക്ക് അങ്ങിനെയല്ലാ തോന്നുക. അംബയുടെ കാൎയ്യത്തിൽ അദ്ദേഹം ദോഷചിന്ത കൂടാതെയാണ് പ്രവൎത്തിച്ചതെങ്കിലും ഇതരന്മാക്ക് അങ്ങിനെയല്ലല്ലോ തോന്നിയത്. ദോഷമാണെന്ന് മററുള്ളവക്ക് തോന്നത്തക്ക പ്രവൃത്തി താൻ ചെയ്തു. ദുഃഖമാണെന്ന് മററുള്ളവക്ക് തോന്നത്തക്ക അനുഭവം തനിക്കുണ്ടായി. ബഹുജനഗുണത്തിനായി തനിക്ക് ദുഃഖകരമായി വരാവുന്ന കൃത്യങ്ങളിൽ കൂടെയും പ്രവേശിക്കുവാൻ ധൈൎയ്യപ്പെടേണ്ടത് പുരുഷധൎമ്മമാണ്. ആ ധൎമ്മത്തെ നിവ്വഹിച്ചു കാണിക്കുകയാണ് കൃഷ്ണനും ഭീഷ്മനും ചെയ്തത്- ദോഷമൊന്നും ചെയ്യാതെ ജീവിക്കുവാൻ കഴികയില്ല. ആ ദോഷങ്ങൾ സ്വാൎത്ഥതയെന്നിയെ പരഗുണത്തിനായിട്ടാണ് ചെയ്യുന്നതെങ്കിൽ അവയുടെ ഫലങ്ങളെ സമാധാനത്തോടെ അനുഭവിക്കുവാനാവും.

ചിത്തവൃത്തിയെ നിരോധിച്ച്, ലോകരഹസ്യം ഒട്ടൊഴിയാതെ പ്രത്യക്ഷാനുഭവമാക്കി, നിഷ്കാമഭാവത്തോടെയിരിക്കുന്ന ഗംഭീരാശയനാണ് ഭീഷ്മർ. ലോകത്തിൽ പൌരുഷത്തെ അദ്ദേഹം അധികം വിലവെച്ചിരിക്കുന്നു. ഇന്ദ്രിയവശഗമല്ലാതെയും മമതയില്ലാതെയുമുള്ള പരിശുദ്ധമായ പൌരുഷത്തിന് സ്വാധീനമാവാതെ ലോകത്തിൽ ഒന്നും തന്നെയില്ലെന്നാണ് അദ്ദേഹത്തിൻെറ സിദ്ധാന്തം. ദൈവം പോലും ആ പൌരുഷത്തിൽ അടങ്ങിയിരിക്കുന്നു. താൻ പരമാത്മാവിൽനിന്ന് വേറിട്ടിട്ടുള്ളവനല്ലായ്കയാൽ, തൻെറ നിലയെ അറിഞ്ഞ് അതിനെ സൎവ്വോൽകൃഷ്ടമാക്കുവാൻ ശ്രമിക്കയല്ലാതെ, ദൈവം എന്നൊന്നിനെ വേറേ തിരിഞ്ഞുനോക്കേണ്ടതില്ലെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഗുണത്തെ അദ്ദേഹം ആദരിക്കുന്നുണ്ടെന്ന് നമുക്ക തോന്നാമെങ്കിലും, ഗുണത്തെയും ദോഷത്തെയും ഒരുപോലെ അദ്ദേഹം തള്ളി നിൎത്തിയിരിക്കയാണ്. ലോകത്തിൽ സാരമായിട്ട് അദ്ദേഹത്തിന് ഒന്നും തന്നെയില്ല. സുഖദുഃഖങ്ങളൊന്നും അദ്ദേഹത്തെ സ്പൎശിക്കുന്നില്ല. പാണ്ഡവധാൎത്തരാഷ്ട്രന്മാർ തമ്മിൽ ഊ

ക്കോടേ കൂട്ടി മുട്ടിക്കലമ്പുമ്പൊഴൊക്കെയും അദ്ദേഹം കലുക്കം കൂടാതെയിരിക്കുന്നതേയുള്ളൂ. കൃഷ്ണനിലാവട്ടേ, സവ്വവും തൻെറതെന്നും, സവ്വും താൻതന്നെ എന്നുമുള്ള ഭാവമാണു. എന്നാൽ ഭീഷ്മനിലോ, സവ്വത്തെയും ഉപേക്ഷിച്ച് ഒന്നും തനിക്ക് വേണ്ടാ എന്ന ഭാവമാണുള്ളത്. ജനസാമാന്യം വഴിതെററിപ്പോകരുതെന്നു കരുതി, അവക്കു വേണ്ടി അദ്ദേഹം കമ്മം ചെയ്തുകൊണ്ടിരിക്കയാണ്. അച്ഛൻെറ സുഖത്തിനുവെണ്ടി, അദ്ദേഹം ദാമ്പത്യവൃത്തിയെയും തനിക്കു ന്യായമായി ഉണ്ടായിരുന്ന രാജ്യാവകാശത്തെയും യൌവനത്തിൽ തന്നെ ധീരതയോടെ ഉപേക്ഷിച്ചു. പോരാട്ടത്തിൽ പൌരുഷത്താൽ പരശുരാമനെക്കൂടെയും പമ്പരം തിരിപ്പിച്ചു. രാജാക്കന്മാരെയൊക്കെയും അദ്ദേഹം കിടുകിടെ വിറപ്പിച്ചു. അതെല്ലാം കഴിഞ്ഞ് ബഹുനാൾ സ്വസ്ഥനായി വിശ്രമിച്ചിരുന്നു. വിരാടദേശത്തും കുരുക്ഷേത്രത്തിലും വെച്ചുണ്ടായ യുദ്ധങ്ങളിൽ, ചോറുതിന്ന കൂറു ആക്കും വേണ്ടതാണെന്ന് ലോകത്തെ പഠിപ്പിക്കുവാൻ വേണ്ടി മാത്രം ചിലതു കാട്ടിക്കൂട്ടിയെന്നല്ലാതെ, അദ്ദേഹത്തിൽ പൂണ്ണമായുള്ള പൌരുഷത്തെ അവിടെയൊന്നും ശരിയായി പ്രയോഗിച്ചിട്ടില്ല. ദുജ്ജനം ചോററിപ്പുലത്തിയ തൻെറ ദേഹത്തെ അവക്കായും, സൽഭാവത്താൽ സമ്പാച്ച ജ്ഞാനത്തെ സജ്ജനത്തിനായും വിട്ടുകൊടുത്ത് ആ മഹാത്മാ ബ്രഹ്മത്തിൽ ലയിച്ചു.

## ധൃതരാഷ്ട്രൻ.

പുരുഷകേസരിയായ ഭീഷ്മൻെറ ഗംഭീരാശയത്തിൽ അന്തൎഭവിച്ചിട്ടുള്ള ഭാവവും, പുരുഷോത്തമനായ കൃഷ്ണൻെറ കമ്മഗതിയും ഇന്ന നിലയിലാണെന്ന് ധൃതരാഷ്ട്രൻ അറിയാതെയിരുന്നിട്ടില്ല. അവരുടെ ഈ പ്രതികൂലഗതി തൻെറ കുലത്തോടെയുള്ള നാശത്തിനു ഹേതുവാകുമെന്ന് അദ്ദേഹം ഭയപ്പെടാതെയുമിരുന്നിട്ടില്ല. എന്നാൽ, ഈ അറിവും ഭയവും അദ്ദേഹത്തിൻെറ മനസ്സിൽ ഇടയ്ക്കിടെ മിന്നിമിന്നിക്കൊണ്ടിരുന്നതല്ലാതെ സ്ഥിരമായും ദൃഢമായും പതിയുകയുണ്ടായില്ല. മക്കളുടെ കൊട്ടിനൊപ്പം താളം ചവുട്ടിക്കൊണ്ടുനിന്നാ

ൽ, ക്രമേണ നരകത്തോളം താണുപോകുമെന്ന് അദ്ദേഹത്തോടു വിദുരൻ രാപ്പകലെ രുപോലെ ഓതിക്കൊണ്ടിരുന്നിട്ടും ഫലമൊന്നുമുണ്ടായില്ല. അത്രമാത്രം കലശലായ വാത്സല്യം മക്കളുടെ പേരിൽ ധൃതരാഷ്ട്രനുണ്ട്. അദ്ദേഹത്തിൻെറ ഏതു ദൃഢനിശ്ചയവും അടിയോടേ ഇളക്കിമറിയ്ക്കുന്നതിന് ദുര്യോധനൻ എങ്ങാനുമൊന്ന് അനങ്ങിയാൽ മതി. ധൃതരാഷ്ട്രൻ ഒരു ദുഷ്ടനോ മൂഢനോ അല്ല. സജ്ജനത്തെയും സദാചാരത്തെയും സദുപദേശത്തെയും അറിയുന്നതിനും ആദരിക്കുന്നതിനും അദ്ദേഹത്തിന് ശക്തിയുണ്ട്. വിദുരൻെറയും മറ്റു മാന്യന്മാരുടെയും ഉപദേശങ്ങളെ അദ്ദേഹം ശ്രദ്ധയോടെ ശ്രവിക്കയും സൽഭാവത്തോടെ മാനിക്കയും ചെയ്യുന്നുണ്ടു. എങ്കിലും അവ താൽകാലികമായ ഉന്മേഷത്തെ ജനിപ്പിക്കുന്നതിനല്ലാതെ, സ്ഥിരമായി നിലനില്ക്കുന്നതിന് മക്കളിൽ അതിരററുള്ള വാത്സല്യം നിമിത്തം മനസ്സിൽ ഇടമില്ലാതെയായി. മക്കൾ എന്തൊന്ന് ആവശ്യപ്പെട്ടാലും എന്തൊന്ന് പ്രവൎത്തിച്ചാലും അതിനെ തടുക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞില്ലെന്നല്ലാ, അതൊക്കെയും അദ്ദേഹത്തിന് കൌതുകകരമായിരിക്കയും ചെയ്തു. കഷ്ടം! മറെറല്ലാ ഗുണവും അദ്ദേഹത്തിലുണ്ട്. സന്താനവാത്സല്യവും ഒരു ഗുണവിശേഷം തന്നെ. എന്നാൽ, തന്നെത്താൻ മറന്നുപോകത്തക്കവണ്ണം ആ വാത്സല്യം അമിതമായി വളൎന്നിരുന്നു എന്നൊരു ദോഷം മാത്രമെ അദ്ദേഹത്തിലുള്ളു. ആ ദോഷം എന്തുമാത്രം ഘോരമായ ദുഃഖത്തെയാണ് അദ്ദേഹത്തിൽ കുടിയേററിയതു്! അഹോ, അതു വിചാരിക്കാൻ വയ്യ.

പുത്രപൌത്രന്മാർ ഒന്നൊഴിയാതെ ചത്തു മണ്ണടിഞ്ഞുപോയി. അധികാരശക്തിയും അഹംകാരഭാവവും ഇടകലൎന്നുകൊണ്ട്, ഇടിവെട്ടുംവണ്ണമുള്ള ദുര്യോധനൻെറ ആ ആജ്ഞാധ്വനി ധൃതരാഷ്ട്രൻെറ സ്മരണയിൽ നിന്നു പോലും ഏറെ ദൂരപ്പെട്ടു പോയിരിക്കുന്നു. മക്കളുടെ വീരവാദകോലാഹലം ഒരിടത്തും അദ്ദേഹം ഇപ്പോൾ കേൾക്കുന്നില്ല. ബന്ധുമിത്രാദികളുടെ വരവും അപ്പോഴത്തെ സന്തോഷഭാവവുമെല്ലാം അദ്ദേഹത്തിന് പഴങ്കഥകളായിത്തീൎന്നു.

ഭീഷ്മദ്രോണാദികളുടെ ആ ശാസ്ത്രീയ വാദഘോഷം ഒന്നുകൂടി കേട്ടാ
നന്ദിക്കുന്നതിന് അദ്ദേഹത്തിന് ഇനി എന്നെന്നും കഴികയില്ലെന്നാ
യി. നാലുകെട്ടിലെ ആട്ടവും പാട്ടും കളികളും ആരവുമൊക്കെ ഒടുങ്ങി.
ഒരുനേരത്തും തിരക്കൊഴിയാതെയും, ഹർഷധ്വനിയൊതുങ്ങാതെയും
ഇരുന്നിരുന്ന ആ കൊട്ടാരം ഇപ്പോൾ നിശ്ശബ്ദവും ഭയങ്കരവുമായ
ശ്മശാന ഭൂമിപോലെയാണ് ധൃതരാഷ്ട്രന് തോന്നുന്നത്. വൃദ്ധ
രന്റെ ഇപ്പോഴത്തെ സ്വാന്തവാക്കുകളെല്ലാം അദ്ദേഹത്തിന് മർമ്മ
ഭേദകങ്ങളായിട്ടാണു തീരുന്നത്. ഒന്നിനും കുറവില്ലാതെ, നാട്ടിലെല്ലാം
അധിപതികളായി, പൂർണ്ണസുഖത്തോടെ വാണിരുന്ന തന്റെ മക്കൾ
ഇപ്പോൾ വെറുംമണ്ണിൽകിടന്നു ചീയുന്നുവെന്നും, അവർ കഴുകൾക്കും
കുറുക്കന്മാർക്കും ഭക്ഷണസാധനങ്ങളായി തീരുന്നുവെന്നും കേൾക്കു
വാനും ഓർക്കുവാനും— ആരെങ്ങിനെയെല്ലാം സമാശ്വസിപ്പിച്ചാലും
ധൃതരാഷ്ട്രന് കഴിയുമോ? പുത്രഭാര്യമാർ അങ്ങുമിങ്ങുമായി മാ
റടിച്ചു കിടന്ന് വിലപിക്കുന്നതും, കൊച്ചുകിടാങ്ങൾ അവരവരുടെ
അച്ഛനെ കാണാതെ വിളിച്ചു വിളിച്ചു കരയുന്നതും അദ്ദേഹം കേട്ടു
കൊണ്ടിരിക്കുന്നതെങ്ങിനെ? പുണ്ണിൽ അമ്പുതറയ്ക്കുന്നതു പോലെ ഇ
ടയ്ക്കിടെ ശത്രുക്കളുടെ വിജയഘോഷം മുഴങ്ങുന്നതുമുണ്ട്. എല്ലാം
കൊണ്ടും ദുരന്തവും ദുസ്സഹവുമായ സന്താപത്തിൽ പെട്ട് അദ്ദേഹം
വെന്തുനീറുന്നു. ഇനിയൊരു ഗതി എങ്ങും കാണാതെയുമായി. മക്ക
ളൊക്കെയും എന്നെന്നേക്കുമായി പിരിഞ്ഞുപോയി. സർവ്വസുഖഭോ
ഗങ്ങളും അതേ പോക്കിൽത്തന്നെ പോയി. ഒരു മകനെങ്കിലും,
ഒരൊററസുഖമെങ്കിലും ഇങ്ങു തങ്ങി നിന്നുവെങ്കിൽ ആശ്വസിക്കാമാ
യിരുന്നുവെന്ന് അദ്ദേഹത്തിന് ഇപ്പോൾ തോന്നുന്നുണ്ടാവാം. എന്തു
ചെയ്യാം! താൻ തന്നെയല്ലേ ഈ നാശത്തെ വലിച്ചിട്ടതു. മക്കളിൽ
സ്നേഹവും നിരപരാധികളായ പാണ്ഡവന്മാരിൽ ദ്വേഷവും ഒപ്പം
അദ്ദേഹത്തിൽ വളർന്നുകൊണ്ടിരുന്നു. പാണ്ഡവന്മാർ കുലത്തോടെ ന
ശിക്കണേ എന്ന് അദ്ദേഹം നേർന്നുകൊണ്ടിരിക്കയും ചെയ്തു. മററുള്ള
വർ എങ്ങിനെയാവേണമെന്ന് താൻ കരുതുകയും പ്രവർത്തിക്കയും
ചെയ്തുവോ, അങ്ങിനെതന്നെ താൻ ആവേണ്ടിവന്നു. ഇപ്പോഴ

ട്ടെ, തന്റെ ഈ സങ്കടങ്ങളെ മററു വല്ലവരോടും എണ്ണിയെണ്ണിപ്പറഞ്ഞുതീർത്തിട്ടെങ്കിലും കുറെ ആശ്വസിക്കാമെന്നു വെച്ചാൽ, അതിനും തരമില്ലാതെയാണിരുപ്പ്. മക്കളുടെപോക്ക് സന്മാർഗ്ഗത്തിൽ കൂടിയല്ലെന്നും അവരോടൊന്നിച്ചു തന്നെ പോയിക്കൊണ്ടിരുന്നാൽ ഒടുക്കം വമ്പിച്ച വിപത്തിൽ ചെന്നു വീഴുമെന്നും അന്ന് തന്നോടു ഋഷികൾ കൂടിയും ഉപദേശിച്ചിരുന്നു. അദ്ദേഹം അതിനെ ശരിവെച്ചുവെങ്കിലും അങ്ങിനെ പ്രവർത്തിക്കയുണ്ടായില്ല. മക്കളൊക്കയും നിരന്നിരുന്ന് തമ്മിൽത്തമ്മിൽ കയ്യടിച്ചു പൊട്ടിച്ചിരിച്ചു കൊണ്ടിരിക്കവേ, ദുശ്ശാസനൻ പാഞ്ചാലിയെ സഭയിൽ പിടിച്ചിഴച്ചുകൊണ്ടു വന്നു അവമാനിക്കുന്നതു കണ്ടു് ഒന്നിനും ആവാതെ തലതാഴ്ത്തി നിന്നിരുന്ന ആ പാണ്ഡവന്മാർ, ഇപ്പോൾ തന്റെ മക്കളുടെ നാശത്തെപ്പററി, തന്നെ ആശ്വസിപ്പിക്കാൻ വന്നു നില്ക്കുമ്പോൾ ആ വൃദ്ധന്റെ മനസ്സു ഒക്കെപ്പാടെയൊത്ത് പൊട്ടിച്ചിതറുന്നു. ഹാ, അന്നത്തെ കഥ ഓർക്കുക വയ്യ. മക്കളുടെ ഘോഷയാത്രകളും; ഉത്സവാഘോഷങ്ങളും, വിനോദവിശേഷങ്ങളും ഒഴിഞ്ഞിട്ടു് ഒരു നേരവുമില്ലാതിരുന്നതിനാൽ, തനിക്കു ശ്രവണ സുഖദമാംവണ്ണം എപ്പൊഴും ഘോഷാരവം മുഴങ്ങിക്കൊണ്ടേയിരുന്നു. മക്കളുടെ പ്രഭാവങ്ങളെപ്പററിയും തന്റെ ഭാഗ്യവൈഭവങ്ങളെപ്പററിയും പുകഴ്ത്തിക്കൊണ്ടിരിക്കുന്ന ബന്ധുമിത്രാദികൾ ചിലരല്ലെങ്കിൽ മററു ചിലരെന്ന നിലയിൽ ഒരു നേരവും ഒഴിഞ്ഞിട്ടില്ല. മക്കളിൽ നവംനവങ്ങളായി ഉദിച്ചുകാണുന്ന വീരഭാവവിശേഷങ്ങളെപ്പററി പ്രണയിനിയായ ഗാന്ധാരീദേവിക്ക്, തന്നെ അറിയിക്കുന്നതിന് എന്തെങ്കിലും പുതുതായിയൊന്ന് ഇല്ലാതെയുള്ള നേരമുണ്ടായിട്ടില്ല. അവിടെയുള്ള കോലാഹലവും തനിക്കുള്ള കുതൂഹലവും അന്ന് അങ്ങിനെയെല്ലാമായിരുന്നു. ഇപ്പോഴോ? എന്തു ഭയങ്കരമായ നിശ്ശബ്ദത. കൃഷ്ണനടക്കം ആറു ഭൂതങ്ങൾ തന്നെ ചുററിനില്ക്കുന്നു. അവരുടെ വാക്കുകൾ തന്റെ മനസ്സിനെ ആഞ്ഞു തല്ലിപ്പൊടിക്കുന്നു. ഒരാളും തനിക്കു സഹായമില്ല. ഈ നിലയ്ക്കു് ഒരന്തവും കാണുന്നില്ല. അഹോ, ഇതൊരു ഭയങ്കര സ്വപ്നമോ അല്ല, അല്ല. ധൃതരാഷ്ട്ര! സ്വപ്നമല്ലാ

ഇതു്. അങ്ങു ചെയ്ത കമ്മങ്ങളുടെ ശരിയായ ഫലങ്ങളത്രെ. അവ അനുഭവിച്ചു തന്നെ തീരണം. അങ്ങയുടെ ഹൃദയത്തിൽ വിദ്വേഷവൃക്ഷത്തെ നട്ടുവളൎത്തി. അതു്, വളൎന്നു, പുഷ്പിച്ചു. അതിനെ മക്കളോടൊന്നിച്ചിരുന്നു കണ്ടു് അങ്ങു് അന്നു് ആനന്ദിച്ചു. പിന്നെ, ആ വിഷവൃക്ഷം അതിനു സ്വാഭാവികമായുള്ള വിഷഫലങ്ങളെ ഉതിൎത്തു തുടങ്ങി. അതെല്ലാം അങ്ങേയ്ക്കും മക്കൾക്കും അനുഭവിക്കാതെ കഴികയില്ലെന്നായി. മക്കളൊക്കെയും കൂട്ടത്തോടെ നശിച്ചു. ഇതിനൊക്കെയ്ക്കും ഹേതുഭൂതനായ അങ്ങു് ഇപ്പോഴം എരിഞ്ഞു പൊരിഞ്ഞു കൊണ്ടിരിക്കാറായി. ഇനി, അങ്ങു ചെയ്തുപോയ പാപങ്ങളെ സ്മരിച്ചു്, ദൈവത്തോടു ക്ഷമായാചനം ചെയ്തുകൊണ്ടു് ഈശ്വരധ്യാനൈകപരനായി കാട്ടിൽ ചെന്നിരിക്ക തന്നേ നല്ലൂ. കൊട്ടാരത്തിൽ തന്നെയിരിക്കുന്നതായാൽ ഏതു ഭാഗത്തും ഏതു നേരത്തും മക്കളെ സംബന്ധിച്ചു് കഴിഞ്ഞുപോയ ഓരോരോ കാൎയ്യങ്ങൾ അങ്ങയ്ക്കു് ഓൎക്കുവാൻ ഇടയാകയും അവ മനസ്സിനെ ദഹിപ്പിച്ചുകൊണ്ടിരിക്കയുംചെയ്യും.

ധൃതരാഷ്ട്രൻ ഒടുക്കം അങ്ങിനെതന്നെ ചെയ്തു. അദ്ദേഹത്തിന്റെ അന്ത്യജീവിതവും മരണവും കാട്ടിൽ വെച്ചായിരുന്നു. സന്താനവാത്സല്യം വേണ്ടതിൽക്കവിയുകയാലുണ്ടായ വിപത്തുകൾ നോക്കുക. മററനേകം സൽഗുണങ്ങളുണ്ടായിരുന്നിട്ടും ഈ ഒരൊററ ദോഷം, തന്നെയും തന്റെ കൂട്ടുകാരെയും ആകപ്പാടെ നശിപ്പിച്ചു. നിരവധി നാശകാരണമായ ഈ ദോഷത്തിനു കൂടെയും അദ്ദേഹത്തെ നിന്ദ്യചരിതനാക്കുവാൻ ശക്തിയുണ്ടായിട്ടില്ലെന്നു കാണുമ്പോൾ അദ്ദേഹത്തിലുണ്ടായിരുന്ന മററു ഗുണങ്ങളുടെ എണ്ണവും വണ്ണവും എന്തുമാത്രമായിരിക്കണം. ധൃതരാഷ്ട്രന്റെ പേരിൽനമുക്കു് അനുകമ്പയല്ലാതെ അത്ര അധികം വെറുപ്പു തോന്നുന്നുണ്ടോ? കഷ്ടം! ഒരേ ഒരു ദോഷം! ഗുണം നില കവിഞ്ഞു എന്ന ഒരു ദോഷം! അതിൽ നിന്നു മറെറന്തെല്ലാം ദോഷങ്ങൾ പൊട്ടിപ്പുറപ്പെട്ടു! എണ്ണിയാലൊടുങ്ങാത്ത ആപത്തുകൾ അതു വരുത്തിക്കൂട്ടുകയും ചെയ്തു.

## ദ്രുപദൻ.

ധൃതരാഷ്ട്രനെപ്പോലെ തന്നെ പാഞ്ചാലരാജാവായ ദ്രുപദനും പുത്രനാശം അനുഭവമായിട്ടുണ്ട്. ഒരുവന്നു നൂറെണ്ണവും പോയിയെങ്കിലും മററവന്നു ഒന്നുള്ളതേ പോയുള്ളുവെങ്കിലും ദുഃഖം ഇരുകൂട്ടൎക്കും ഒരുപോലെ തന്നെ. ധൃതരാഷ്ട്രനാവട്ടെ, പുത്രവിരഹവ്യഥയാൽ വെന്തുരുകിക്കൊണ്ടിരിക്കുന്നു. പാഞ്ചാലനോ, ഏററ കൃതാൎത്ഥതയോടും ഏററ സമാധാനത്തോടും കൂടിയാണിരിക്കുന്നത്. ധൃതരാഷ്ട്രനെപ്പോലെ പുത്രൻ ചമഞ്ഞുഞെളിഞ്ഞിരുന്നു കാണേണമെന്ന ആഗ്രഹമല്ലാ ദ്രുപദന്നു ഉണ്ടായിരുന്നത്. തന്റെ ശത്രുവായ ദ്രോണാചാൎയ്യനെ വധിക്കണമെന്നു തനിക്കുള്ള ഉദ്ദേശ്യത്തെ സാധിപ്പിപ്പാൻ തക്കവണ്ണം അദ്ദേഹം മകനെ യോഗ്യനാക്കികൊണ്ടുവന്നു. ധൃതരാഷ്ട്രനെപ്പോലേതന്നെ ദ്രുപദനും സ്വതന്ത്രനായ ഒരു മഹാരാജാവു തന്നെയെന്നിരുന്നിട്ടും, തന്റെ മകനെ സുഖഭോഗങ്ങളെ ശീലിപ്പിച്ചു ക്ലേശമെന്തെന്നറിയിക്കാതെയല്ലാ വളൎത്തിയത്. ഏന്തെങ്കിലുമൊരു മഹാ കൎമ്മം ചെയ്യാതെയുള്ള ജീവിതം തുച്ഛമാണെന്നു മകനെ പഠിപ്പിക്കയും, ക്ലേശങ്ങളെ ശീലിപ്പിച്ചു മനസ്സിൽ ഉന്നച്ചയെയും ഉറപ്പിനെയും വളൎത്തുകയും ചെയ്തുകൊണ്ടു ജീവിതത്തിൽ വിജയം നേടേണ്ടതെങ്ങിനെയെന്നു മകനെ നല്ലവണ്ണംബോധിപ്പിച്ചു. ധീരോദാത്തനായിത്തീൎന്ന ആ പുത്രൻ ദുഷ്കരങ്ങളായ കൎമ്മങ്ങളിൽ പോലും പ്രവേശിച്ചു വിജയം നേടുവാൻ സമൎത്ഥനാകയും, അച്ഛന്റെ ഉദ്ദേശ്യത്തെ നല്ലവണ്ണം ഗ്രഹിച്ചു അതിനെ സാധിപ്പിക്കേണ്ടതു തന്റെ ധൎമ്മമാണെന്നു ധരിക്കയും ചെയ്തു. ആ ഉത്തമ പുത്രനായ ധൃഷ്ടദ്യുമ്നൻ ഭാരതയുദ്ധത്തിൽ തുടക്കം മുതൽ ഒടുക്കം വരെ സൎവ്വസൈന്യാധിപനായിരുന്നു കൊണ്ടു ഉത്സാഹത്തോടെ പൊരുതു; അച്ഛന്റെ ആഗ്രഹത്തെ നിവൎത്തിപ്പിക്കയും ചെയ്തു. അത്രമാത്രമെ ധൃഷ്ടദ്യുമ്നൻ തന്റെ ജീവിതംകൊണ്ടു ആവശ്യപ്പെട്ടിട്ടുള്ളു. ഭീഷ്മർ, ദ്രോണൻ, ശല്യർ, കൎണ്ണൻ എന്നീ മഹായുദ്ധവീരന്മാരോടൊപ്പം സൎവ്വസൈന്യാധിപത്യം വഹിച്ചു പോരാടി വിജയം നേടുകയും അച്ഛന്റെ ഉദ്ദേശ്യത്തെ സാധിപ്പിച്ചു തൃപ്തിപ്പെടുത്തുക

യും ചെയ്തു പിന്നെ ആ മഹാരഥൻ വരസ്വൎഗ്ഗം പ്രാപിച്ചു; ദ്രോണൻ കൃതാൎത്ഥനാകയും ചെയ്തു. കണ്ടുരസിച്ചു കൊണ്ടാടുവാനുള്ള ഒരു കളിപ്പാട്ടമെന്ന നിലയിലല്ലാ മകനെ ദ്രോണൻ ഗണിച്ചിട്ടുള്ളതു്. തന്റെ സമ്പത്തുകളെ ഇരുന്നനുഭവിച്ചു് തെളിഞ്ഞു കഴിയുവാനല്ലാ അദ്ദേഹം മകനെ വളൎത്തിയതു്. മകൻ, അവന്റെ ജീവിതം യശസ്കരമായ നിലയിൽ ഉയൎത്തുകയും, തന്റെ ഉദ്ദേശ്യത്തെ സാധിപ്പിക്കയും ചെയ്വാൻ യോഗ്യനാവേണമെന്നു് ആഗ്രഹിച്ചു് അതിന്മണ്ണം മകനെ വളൎത്തിക്കൊണ്ടു വന്നു. തന്റെ ആഗ്രഹം പൂൎണ്ണമായി; അതുകൊണ്ടു് അദ്ദേഹം ധന്യനായി. മരണം എല്ലാവൎക്കും ഉള്ളതല്ലയോ? ആഗ്രഹം പൂൎണ്ണമാകാതിരിക്കുമ്പോഴേ മനുഷ്യർ മരണത്തെപ്പററി ഭയപ്പെടുകയും പേടിക്കയും ചെയ്കയുള്ളൂ.

## ബാല്യത്തിലെ സുഖഭോഗശീലം.

ജന്മാന്തരവാസന എന്നൊന്നു് എല്ലാ ജീവിയിലും അന്തൎല്ലീനമായിരിക്കുന്നുണ്ടെന്നതു് ശരി തന്നെ ആവട്ടെ. ആ വാസനയെപ്പോലും വളൎത്തുന്നതിനോ കുറയ്ക്കുന്നതിനോ തീരെ ഇല്ലാതെയാക്കുന്നതിനോ ഈ ജന്മത്തിലെ കൎമ്മങ്ങൾക്കു ശക്തിയുണ്ടു്. ആ ജന്മാന്തരവാസന ഈ ജന്മത്തിലെ കൎമ്മങ്ങൾക്കു് പ്രേരകമായിരിക്കുമെന്നതും ശരി തന്നെയാവട്ടെ. പൊതുവെയുള്ള അനുഭവങ്ങളെ നോക്കി ഗുണദോഷഗതിയെ അറിഞ്ഞു്, തന്നെ ദുഷ്പഥത്തിലേക്കു നയിക്കുന്ന കൎമ്മങ്ങളിൽ നിന്നു് പിന്മാറി സൽപഥത്തിലേക്കു് തിരിഞ്ഞുപോകേണ്ടതു് മനുഷ്യരുടെ ധൎമ്മമാണു്. ഇങ്ങിനെ ഒരുവൻ സന്മാൎഗ്ഗബോധത്തോടെ വൎത്തിക്കുമ്പോൾ ജന്മാന്തരവാസനയിലെ ദോഷഭാഗങ്ങൾ—അവ ഉപയോഗശൂന്യമായി കിടക്കുകയാൽ— തീരെ നശിക്കുകയും, ഗുണഭാഗങ്ങൾ—അവയെ നിരന്തരം എടുത്തുപയോഗിക്കുന്നതിനാൽ— പൂൎവ്വാധികം ബലവത്താകുകയും ചെയ്യും. ഈ പൂൎവ്വവാസന എന്നാലെന്താണു്? ഒരു ചക്രത്തെ ഒന്നു രണ്ടു തവണ വട്ടം ചുററിച്ചാൽ പിന്നെയും കുറെ നേരത്തേക്കു കൂടി അതു് ചുററിക്കൊണ്ടിരിക്കും. അതുപോലെ, മനുഷ്യമനസ്സ് ഏതേതു കൎമ്മങ്ങ

ത്തിൽ അധികമായി പരിചയിക്കുമ്പോൾ ആ കർമ്മങ്ങളിലേക്ക് വീണ്ടും ചാഞ്ഞുകൊണ്ടിരിക്കും. ഇതാണ് പൂർവ്വകർമ്മവാസന. മേല്പടി ചക്രത്തെ വീണ്ടും ചുറ്റുവാൻ വിടാതെ പിടിച്ചു നിർത്താവുന്നതു പോലെ ഈ വാസനയെയും അടക്കാവുന്നതാണ്. ശിശുക്കളുടെ പ്രാരംഭകർമ്മങ്ങൾ അവരുടെ പൂർവ്വവാസനയ്ക്കൊത്തവണ്ണമായിരിക്കുമെന്നും, അതിനെയല്ലാ രക്ഷിതാക്കന്മാരുടെ കർമ്മങ്ങളെ പകർത്തീട്ടു് അതിന്മണ്ണമായിരിക്കുമെന്നും രണ്ടുപക്ഷമുണ്ടു്. പൂർവ്വവാസനാനുസരണമാണ് ജീവിതം ആരംഭിക്കുന്നത് എന്നിരുന്നാൽ തന്നെയും, ദോഷഭാഗങ്ങളിലേക്ക് ചായുന്ന ശിശുക്കളുടെ ഭാവങ്ങളെ തടുത്ത് ഗുണഭാഗങ്ങളിലേക്ക് തിരിക്കേണ്ടത് പിതൃജനത്തിന്റെ കടമയാണ്. അവിവേകത്താൽ മക്കളെ പൂർവ്വവാസനയ്ക്കു ബലികൊടുക്കുന്ന മാതാപിതാക്കന്മാരാരും ദുഃഖത്തിന്ന് ഇരയാവാതെ കഴികയില്ല. വാസനയുടെ നിലയെ ഭൂതജന്മങ്ങളിൽ കടന്ന് തിരയുന്നതിനെക്കാൾ വർത്തമാനജന്മത്തിൽത്തന്നെ നിന്നു നോക്കുന്നതായാൽ അധികം തെളിവായിക്കാണാം. ശൈശവത്തിൽ ഏതേതു കർമ്മങ്ങളിൽ പ്രവേശിച്ചു പരിചയിക്കുമ്പോൾ അതെല്ലാം ശീലമായി ഉറയ്ക്കയും ആ ശീലം ഭാവിജീവിതത്തിൽ കലർന്നിരിക്കയും ചെയ്യും. ഇങ്ങിനെ ശൈശവത്തിൽ നേടിയ ചില ദുശ്ശീലങ്ങളെ അകറ്റുന്നതിന്ന് പിന്നീട് ബുദ്ധിമാന്മാർ കൂടിയും ഏറെ ക്ലേശിക്കുന്നുണ്ട്. മൂഢന്മാരാവട്ടെ, ആ ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ട് തങ്ങളുടെ ഗതി എങ്ങോട്ടെന്നറിയാതെ ഒടുക്കം ഘോരമായ ആപത്തിൽ ചെന്നു ചാടുന്നു. ശീലവും വാസനയും ഒരേ ഇനത്തിൽപ്പെട്ടവ തന്നെ. അസംഖ്യം വലിയ വലിയ കർമ്മങ്ങൾക്കിടയിൽ കിടന്ന് നട്ടംതിരിയുന്ന നമുക്ക് കുട്ടികളുടെ കർമ്മങ്ങൾ എത്രയും തുച്ഛങ്ങളായിട്ടാണ് തോന്നുക. അവരുടെ നിലയിൽ നിന്നു നോക്കുമ്പോഴേ, അവയുടെ വലിപ്പം അറിവാൻ കഴികയുള്ളു. വകതിരിവുകൂടാതെ, കുട്ടികളെ അവരുടെ പോക്കിൽത്തന്നെ വിടുന്നതായാൽ ഒടുക്കം അവർക്കും നമുക്കും തീർച്ചയായും ദുഃഖിക്കേണ്ടതായി വരും. മനുഷ്യജീവിതം ക്ലേശഭൂയിഷ്ഠമായ ഒന്നാണ്. ക്ലേശങ്ങളോട് അക്ഷീണം എതിരിടുന്നവർക്കു മാത്രമേ വിജയമുണ്ടാകയു

ളു. ശൈശവത്തിൽത്തന്നെ ചെറിയ ചെറിയ ക്ലേശങ്ങളെ സഹി
പ്പാനാണ് കുട്ടികളെ ശീലിപ്പിക്കേണ്ടത്. ഭാരവാഹിത്വമുള്ള ജീവി
തത്തിൽ പ്രവേശിക്കുമ്പോൾ ക്ലേശങ്ങൾ ഉൗക്കോടെ കൂട്ടിമുട്ടുന്നതിൽ
പ്പെട്ടു വീണു പോകാതെ ഉറച്ചു നില്ക്കേണമെങ്കിൽ മനുഷ്യർ ചെറു
പ്പത്തിൽത്തന്നെ ക്ലേശങ്ങളുടെ സ്വാദ് അനുഭവിച്ചിട്ടുണ്ടായിരിക്ക
ണം. കുട്ടിക്കാലം മുതല്ക്കു സുഖഭോഗങ്ങൾ അനുഭവിച്ചു കൊണ്ട്
അതിൽത്തന്നെ ലയിച്ചു വളൎന്നവരാരും ജീവിതത്തിൽ വിജയിയായി
ത്തീൎന്നിട്ടില്ല. അവരിൽ സ്വാതന്ത്ര്യത വളരുകയും ഭ്രാതാനുകമ്പ കുറയു
കയും മററനേക ദുൎഗ്ഗുണങ്ങൾ വിളയുകയുമാണുണ്ടായിട്ടുള്ളത്. മെ
യ്യനക്കാതെയും ഒന്നിനും കുറവില്ലാതെയും വളൎന്നിട്ടുള്ള ഇവൎക്ക് ബ
ഹുജനസങ്കടത്തെപ്പററി അറിവുണ്ടാകയില്ല; പരിശ്രമിപ്പാൻ ഒട്ടും
കഴികയുമില്ല. എല്ലാ വിഭവങ്ങളും തികഞ്ഞിട്ടുണ്ടെന്ന അഹംകാ
രത്താൽ വിജയലാഭത്തിനായി യത്നിക്കയൊ അതിലേക്ക് വേണ്ട
സാമഗ്രികൾ ഒരുക്കയോ ചെയ്വാൻ തുനിയുകയേയില്ല. ദുഃഖിച്ച്
ശീലമില്ലായ്കയാൽ പരദുഃഖത്തിൽ ഇവൎക്ക് അനുതാപമുണ്ടാകയില്ലെ
ന്നു തന്നെയല്ലാ അതിൽ ഇവർ വിനോദിക്ക കൂടി ചെയ്യും. സൎവ്വസ
മ്പന്നിധികളാണെന്ന ഗൎവ്വം ഇവൎക്കുള്ളതിനാൽ അന്യസമ്പത്തിൽ
ഇവർ അസൂയപ്പെടുകയും അവരെ നശിപ്പിക്കുവാൻ വഴിതേടുകയും
ചെയ്യും. ധനധാന്യങ്ങളുടെ ആധിക്യത്താൽ ഇവരെ ആശ്രയിച്ച്
ഒട്ടേറെ ജനങ്ങൾ ജീവിക്കേണ്ടി വരുന്നതിനാൽ ചെറുപ്പം മുതല്ക്കു
ആശ്രിതന്മാരുടെ സ്തുതിവചനങ്ങൾ കേട്ടു ശീലിച്ചിട്ടുള്ള ഇവൎക്ക് മററു
ള്ളവർ അന്യരെ സ്തുതിക്കുന്നതോ ആരെങ്കിലും തങ്ങളെ ദൂഷിക്കുന്ന
തോ കേട്ടു സഹിക്കുവാൻ കഴികയില്ല. ഇവരുടെ മനോഗതിക്കൊ
ത്ത സ്നേഹിതന്മാരാണല്ലൊ ഇവൎക്കുണ്ടായിരിക്കുക. അവരോടുള്ള
സഹവാസത്താൽ ഇവരുടെ ഈ ദുൎഗ്ഗുണങ്ങൾ വിജൃംഭിച്ചു കൊണ്ടിരി
ക്കയും ചെയ്യും. അച്ഛൻ സമ്പാദിക്കുന്നത് മക്കളെ സൎവ്വസുഖഭോ
ഗങ്ങളും അനുഭവിപ്പിക്കുന്നതിനായിട്ടായിരിക്കരുത്; പരിശ്രമത്തി
ന്റെ ഫലം ഇന്നവിധമാണെന്ന് മക്കളെ ഗ്രഹിപ്പിക്കാൻ മാത്രമെ
ആയിരിക്കാവു. ശരിയായ സുഖം നേടേണ്ടതിനുള്ള വഴിയിൽ കൂടി

മക്കളെ തിരിച്ചുവിടുകയല്ലാതെ അവരെ അതിൽകൂടി ചുമലിൽ കയററിക്കൊണ്ടു പോകേണ്ട ഭാരം അച്ഛനില്ല. സ്വപരിശ്രമത്താൽ സുഖസ്ഥാനത്തെ പ്രാപിപ്പാൻ മക്കളെ ശീലിപ്പിക്കയല്ലാതെ താൻ ചെന്നെത്തിയ സ്ഥാനത്തിൽത്തന്നെ മക്കളേയും വെച്ചുകൊണ്ടിരിക്കുന്ന അച്ഛൻ ഭോഷനാകുന്നു. ആ മക്കൾ ഇരുന്നു തിന്നു് ഒടുക്കം ഇരന്നു പോകയേയുള്ളു. പരിശ്രമം കൊണ്ടു പോഷിപ്പിക്കാതെയിരുന്നാൽ എത്രയേറെ സമ്പത്തുണ്ടായിരുന്നാലും നശിക്കാതെയിരിക്കയില്ല; ഇവരുടെ ദുർഗ്ഗുണങ്ങളോ നിമിഷംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കയും ചെയ്യും. ധാർത്തരാഷ്ട്രന്മാരുടെ കഥ ഇതിനു നല്ലൊരു തെളിവാണ്. എത്ര ഘോരമായ നാശമാണ് അവർക്കു സംഭവിച്ചതു്!

## സുയോധനൻ.

ഭീഷ്മദ്രോണാദി മഹാരഥന്മാരും പ്രിയമിത്രമായ കർണ്ണനും അമ്മാമനായ ശകുനിയും സഹോദരന്മാർ തൊണ്ണൂററി ഒമ്പതും എണ്ണിയാലൊടുങ്ങാത്ത സൈന്യങ്ങളും യുദ്ധഭൂമിയിൽ വീണു മലന്നുകിടക്കുന്നതും, ശത്രുക്കൾ ആരുമൊട്ടും കുറവില്ലാതെ നിറഞ്ഞു നിരന്നു നിൽക്കുന്നതും കണ്ടപ്പോൾ സുയോധനൻ ഭയത്തിന്റെയും പരിതാപത്തിന്റെയും ഇരിപ്പിടമായിത്തീർന്നു. ആയാൾ ജീവനിൽ കൊതിയോടെ ആരുമേതുമറിയാതെ ചാടിയോടി ഒരു ചളിക്കുളത്തിൽ മുങ്ങിയൊളിച്ചു. അതിൽ കിടന്നുകൊണ്ടു് കഴിഞ്ഞ കാര്യങ്ങളെ ഒന്നൊന്നായി ഓർത്തോർത്തു് ആയാൾ എത്രയേറെ ഖേദിച്ചിരിക്കാം! കരയിൽ കാലടിയൊച്ചയും വിജയഘോഷവും കേട്ടുതുടങ്ങിയ ഉടനെ ആയാളുടെ ഹൃദയം തകർന്നു പോയിരിക്കയില്ലയോ! ശത്രുക്കളുടെ ശല്യം സഹിക്കവയ്യാതെയായപ്പോൾ ആയാൾ ഗത്യന്തരമില്ലാതെ പുറത്തേയ്ക്കു ചാടി. തന്റെ പ്രാകൃതഭാവത്തെ കണ്ടു് ഭീമാർജ്ജുനന്മാർ കൈകൊട്ടിച്ചിരിക്കുന്നു. ദേഹമാകെ മുറിഞ്ഞു കീറി ചോരയൊലിച്ചു് ക്ഷീണിച്ചു വശംകെട്ടിട്ടുള്ള താൻ നിരായുധനായും നിരാലംബനായും ഒററപിരിഞ്ഞു നില്ക്കുന്നു. തന്നെ കൊല്ലുവാൻ ഞാൻ ഞാ

നെന്ന ഭാവത്തിൽ കയ്യുയൎത്തി നില്ക്കുന്ന ശത്രുക്കളോ അസംഖ്യം വിരഭാവത്തോടെ ചാടിത്തിമിൎക്കുന്ന ഒട്ടേറെ സഹോദരന്മാരും രണവീരനായ കൎണ്ണനും, കപടപടുവായ ശകുനിയും മററസംഖ്യം ബന്ധുജനങ്ങളും നിറഞ്ഞിരിക്കവേ, എല്ലാവൎക്കും യജമാനനായി, വിചാരിച്ചതൊക്കയും സാധിച്ചുകൊണ്ട്, സൎവ്വാഡംബര വിഭൂഷിതനായി, സിംഹാസനസ്ഥനായി ഞെളിഞ്ഞിരുന്നിരുന്ന ആ സുയോധനനല്ലേ ഇപ്പോൾ വെറും മണ്ണിൽ ഇതാ, ചോരണിഞ്ഞും നനഞ്ഞൊലിച്ചും വികൃതരൂപനായി, പരാധീനപ്രാണനായി ശത്രുക്കൾക്കിടയിൽ കിടകിടെ വിറച്ചുനില്ക്കുന്നത്! യുദ്ധഭൂമിയിൽ കണ്ണെത്താത്തേടത്തോളം നീണ്ടു പരന്നു നില്ക്കുന്ന സൈന്യങ്ങൾക്കിടയിൽ പല മഹാരഥന്മാരാലും ചുററപ്പെട്ടുകൊണ്ട് രഥാരൂഢനായി ശത്രുക്കളെ നോക്കി ധൃഷ്ടഭാവത്തോടേ ഗൎജ്ജിച്ചിരുന്ന ആ നാഗധ്വജനല്ലേ, തന്റെ മുഖത്തെ ഇടിച്ചുതകൎക്കുവാൻ പല്ലിറുമ്മി ഓങ്ങി നില്ക്കുന്ന ഭീമന്റെ മുഷ്ടിയേയും, തന്റെ മാറിടത്തെ കുത്തിപ്പിളൎക്കുവാൻ കുതിച്ചു നില്ക്കുന്ന അൎജ്ജുനന്റെ അസ്ത്രത്തേയും, തന്റെ ശിരസ്സിനെ ലക്ഷ്യമാക്കി നില്ക്കുന്ന നകുലന്റെ ഖഡ്ഗത്തെയും കണ്ട് മനസ്സു ഞടുങ്ങി തലചുററി വീഴാറായി നില്ക്കുന്നത്!! സുയോധന! അന്നു നീ വിഷച്ചോറു കൊടുത്ത് കെട്ടിവരിഞ്ഞ് ഗംഗയിൽ താഴ്ത്തിയ ആ ഭീമൻ തന്നെയാണ് ഇതാ നില്ക്കുന്നത്; അതേ, അന്നു നീ പാമ്പുകളെ വിട്ടു കടിപ്പിച്ച ഭീമൻ തന്നെ. അന്നു നീ അരക്കില്ലത്തിലിട്ടു ദഹിപ്പിച്ചു കളഞ്ഞ ആ പാണ്ഡവന്മാർ തന്നെ ഇവർ; പാഞ്ചാലിയെ സഭയിൽ കൊണ്ടുവന്നു നിൎത്തി നീ അവളെ ക്രൂരമായി അപമാനിക്കുമ്പോൾ പെണ്ണുങ്ങളെപ്പോലെ തലതാഴ്ത്തിനിന്നിരുന്ന ആ പാണ്ഡവന്മാർ തന്നെ ഇവർ. പിന്നെ നീ എന്തിനു ഭയപ്പെടുന്നു! നിന്നെ പേടിച്ചിട്ടും നിന്റെ പ്രതാപം കൊണ്ടുമല്ലേ ഇവർ കാടുകളിലും മലകളിലും ചുററിത്തിരിഞ്ഞ് കായും കനിയും തിന്ന് ഉഴന്നുനടന്നത്! നിന്റെ ആ ആജ്ഞാശക്തിയും പ്രതാപവും പ്രഭാവവുമൊക്കെ ഇപ്പോൾ എവിടെപ്പോയി! ഇതാ, ഭീമൻ ഗദ ചുഴററി ചീറിപ്പാഞ്ഞുവരുന്നു. ഇപ്പോൾ, കൂടെ നിന്ന് അഹങ്കരിച്ചു തുള്ളുന്നതിന് സഹോദരന്മാരോ, കൎ

ടമാൎഗ്ഗങ്ങൾ കാട്ടിത്തരുന്നതിന് ശകുനിയോ, പരനിന്ദയാൽ നിന്നെ ഉദ്ധതനാക്കുന്നതിന് ആ കൎണ്ണനോ ഇവിടെയില്ല. നീ തനിയേനിന്നു കൊണ്ടുള്ള സാമൎത്ഥ്യം കാണട്ടെ.

മൃത്യുവശഗനാണെന്ന ദൃഢബോധത്താൽ അനന്യചിന്തയോടേ സുയോധനനും, വിജയലാഭേച്ഛയോടെ ഭീമനും തമ്മിൽ ഇടഞ്ഞു പൊരുതു. ഭീമനാണ് ഒട്ടൊട്ടു ക്ഷീണം തട്ടിത്തുടങ്ങിയതെങ്കിലും ഒടുക്കം ഭീമൻ സുയോധനന്റെ തുട തച്ചു തകൎക്കയും അവന്റെ ഉടലിനെ ചവിട്ടിത്തള്ളുകയും ചെയ്തു. സൎവ്വസുഖസമ്പൂൎണ്ണനായിരുന്ന ആ രാജകുമാരൻ— ധൃതരാഷ്ട്രമഹാരാജാവിന്റെ പ്രാണൻ— തൊണ്ണൂറ്റിയൊമ്പതുസഹോദരന്മാരുടെ ജ്യേഷ്ഠൻ-൧൧ അക്ഷൌഹിണി ബലത്തിന്റെ അധിപതി— ഒട്ടേറെ യുദ്ധവീരന്മാരുടെ യജമാനൻ അതാ, താനേ തന്നെ മരണചിഹ്നങ്ങളോടേ മണ്ണിൽ കിടന്നുരുളുന്നു. ആയാൾ ഇപ്പോൾ അനുഭവിക്കുന്ന പ്രാണവേദനയൊ മനോവേദനയോ ഏതാണ് വലിയതെന്ന് നിൎണ്ണയിക്കുവാൻ ആൎക്കും വയ്യ. പ്രിയതമയായ ഭാനുമതിയുടെ സുന്ദരഭാവങ്ങളും കാമനക്കിടാങ്ങളുടെ ലീലാവിലാസങ്ങളും ഒരിക്കൽ ആയാളുടെ മനോദൎപ്പണത്തിൽ പ്രതിബിംബിച്ചു. ഉടൻ അതു മാറി, താൻ പാഞ്ചാലിയെയെന്ന പോലെ ശത്രുക്കൾ തന്റെ ഭാൎയ്യയെ പിടിച്ചിഴച്ചു വലിച്ച് അവമാനിക്കുന്നതായി ആയാൾ കണ്ടു. താനൊന്നു വിചാരിച്ച് കഴിയും മുമ്പെ അതിനെ സാധിപ്പിപ്പാൻ തയ്യാറായി നില്ക്കുന്ന തന്റെ സഹോദരന്മാരുടെ വീരഭാവങ്ങളെയും, പിന്നെ ആ സഹോദരന്മാർ ശത്രുസൈന്യത്തിന്റെ ചവിട്ടുകൊണ്ടു മണ്ണിൽ കിടന്ന് ചതഞ്ഞുരുളുന്നതിനെയും ആയാൾ കണ്ടു. പ്രാണമിത്രമായ കൎണ്ണൻ അംഗരാജ്യാഭിഷിക്തനായും മററൊരിക്കൽ സൎവ്വസൈന്യാധിപനായും പ്രശോഭിക്കുന്നതും, പിന്നെ ആ കൎണ്ണൻതന്നെ ശത്രുക്കളുടെ ശരമേററ് കീറിപ്പൊളിഞ്ഞു കിടക്കുന്നതും, അദ്ദേഹത്തെ ക്രോഷ്ടാക്കൾ കടിച്ചു വലിക്കുന്നതും ആയാൾ കണ്ടു. അനന്തത്തെ സുഖഭോഗങ്ങളും ഘോഷയാത്രകളും മഹോത്സവങ്ങളും ബന്ധുജനാഭിനന്ദനങ്ങളും, ഇന്നത്തെ നിശ്ശേഷം മുടിഞ്ഞുകിടക്കുന്ന അവസ്ഥയും വിജനസ്ഥലത്ത്

പ്രാണവേദനയോടെ താൻ കിടന്നുരുളുന്ന ഭാവവും ആയാൾ കണ്ടു. അഹോ, സുയോധനൻ ഇപ്പോൾ മരണവേദനയേക്കാൾ ഘോരമായ മനോവേദന അനുഭവിക്കുന്നു! കഷ്ടം! ദുഷ്കർമ്മഫലം!!

യുദ്ധഭൂമിയിൽ നിന്ന് ഒളിച്ചോടിപ്പോകാതെ അവസാനംവരെ ധീരതയോടെ നിന്നു പൊരുതിയിരുന്നുവെങ്കിൽ ദുര്യോധനന്റെ മനോദാർഢ്യത്തിനെപ്പററിയെങ്കിലും നമുക്ക് അഭിനന്ദിക്കാമായിരുന്നു. ഭീഷ്മർ, ദ്രോണർ, വിദുരൻ മുതലായ പലരും പലതും ഉപദേശിച്ചിട്ടും അതൊന്നും അനുസരിക്കാതെ അവരെയൊക്കെയും വെറുപ്പിക്കയാണ് ദുര്യോധനൻ ചെയ്തതു്. ആ മഹാന്മാരുടെ സഹായം തന്റെ ഉദ്ദേശ്യസാദ്ധ്യത്തിന് അത്യാവശ്യമാണെന്നറിഞ്ഞിട്ടും അവരോട ഇണങ്ങിനില്ക്കുന്നതിനുള്ള സാമർത്ഥ്യം സുയോധനന് ഉണ്ടായില്ലെന്നല്ലാ അവരെ കഴിയുന്നെടത്തോളം നിന്ദിച്ചു മുഷിപ്പിച്ചു. യുദ്ധനയമൊന്നും സുയോധനന്ന് അറിഞ്ഞുകൂടാ. ശത്രുപക്ഷത്തെ സ്നേഹിക്കുന്നവരാണെന്നറിഞ്ഞിട്ടും പലരെയും ആളെണ്ണം പെരുകുന്നതിനു മാത്രം തന്റെ പക്ഷത്തിൽ വിളിച്ചുകൂട്ടി. ഭീഷ്മർ, ദ്രോണർ, ശല്യർ എന്നിവരുടെ വെറും ദേഹങ്ങൾ തന്റെ പക്ഷത്തിൽ നില്ക്കുന്നതു കണ്ടു് ആ മൂഢൻ അഭിമാനിച്ചു. യുദ്ധാവസരത്തിൽ കൂടിയും തന്റെ ദുശ്ശീലങ്ങളാൽ പലക്കും നീരസം ജനിപ്പിച്ചു. തന്റെ പക്ഷത്തെ പ്രതികൂലിക്കുന്നതായാൽ മഹാന്മാരെ കൂടിയും ദുഷിക്കുവാൻ സുയോധനന്നു കൂസലില്ല. പിതാമഹനായ ഭീഷ്മർ കൂടിയും തന്റെ അഭിപ്രായത്തെ അനുസരിക്കേണമെന്നാണ് സുയോധനന്റെ ശാസന. പാണ്ഡവരെപ്പററിയ ദ്വേഷവിചാരം ആയാളുടെ മനസ്സിൽ വളർത്തിക്കൊണ്ടേയിരുന്നു. പാഞ്ചാലീസ്വയംവരകാലത്തും, ഗോഗ്രഹണഘട്ടത്തിലും, ദ്വൈതവനഘോഷയാത്രാവസരത്തിലും താൻ തീരെ അപജയപ്പെടുകയും അപ്പോഴെല്ലാം പാണ്ഡവക്കു വിജയമുണ്ടാകയും ചെയ്തു കണ്ടപ്പോൾ പാണ്ഡവരുടെ പേരിലുള്ള ദ്വേഷം വർദ്ധിച്ചു വർദ്ധിച്ചു വരുകയാണുണ്ടായതു്. അവക്കു് വിജയമുണ്ടാകുന്നതുപോലെ തനിക്കും വിജയമുണ്ടാകേണമെന്നുവെച്ചു പരിശ്രമിക്കുന്നല്ല ദുര്യോധനന്നു തോന്നിയതു്. അവരെ എത്ര തന്നെ ചവി

ത്താഴ്ത്തിയാലും പൂർവ്വാധികം ഉയരുന്നതിനു കാരണമായി അവരിലുണ്ടായിരുന്ന ഗുണങ്ങളെ കണ്ടറിഞ്ഞ് അവയെ തന്നിൽ പകർത്തുവാൻ യത്നിക്കേണമെന്ന ബോധം ദുര്യോധനനുണ്ടായില്ല. ഇങ്ങിനെ, ഗുണമുള്ളേടത്തും ശിഷ്ടന്മാരുള്ളേടത്തും, സുയോധനനെ കാണുകയില്ല. അതു രണ്ടിനെയും തന്നോട് ഇണക്കേണമെന്ന ആഗ്രഹം കൂടിയും ആയാൾക്കില്ല. ദോഷവും ദുഷ്ടന്മാരും ഉള്ളേടത്തൊക്കെ സുയോധനനുണ്ട്. അവ രണ്ടിനെയും ആദരിക്കുവാൻ താൻ ഏറെ മിടുക്കനാണു താനും. ഗുണത്തെ ഉദ്ദേശിച്ചു കൂടിയും തന്റെ അഭിപ്രായത്തിനു പ്രതികൂലമായി ഒന്നും മിണ്ടാതെയിരിക്കുകയും എപ്പോഴും പുകഴ്ത്തിക്കൊണ്ടിരിക്കയും ചെയ്യുന്നവരെ സ്നേഹിക്കുന്നവൻ ഒരു യഥാർത്ഥ മിത്രസ്നേഹിയാണെന്നു വരുമോ? തന്നെപ്പററി ശ്ലാഘിക്കുന്നവർക്ക് വല്ലതുമൊക്കെ വാരിക്കൊടുക്കുന്നത് ദാനശീലമാകുമോ? ഒരിടത്തും വിജയമുണ്ടാവാതെ, ചെന്നേടത്തൊക്കെ അപജയപ്പെടുന്ന ഒരുവന്റെ ശൂരതയെപ്പററി അഭിനന്ദിക്കാമൊ? അന്യരിൽ ദ്വേഷഭാവത്തോടെയിരിക്കയും അവരുടെ വിജയത്തിൽ അസൂയപ്പെടുകയും മാത്രം ചെയ്യുന്നവനാണോ അമിത്രകർശനൻ? സുയോധനനുള്ള ഗുണം വേറെ ചിലതാണ്. ആയാൾ ധീരനായിരുന്നു. പാണ്ഡവന്മാരെ നശിപ്പിക്കേണ്ട കാര്യത്തിൽ ആയാൾ എപ്പോഴും ധീരതയോടേ പ്രവർത്തിച്ചിരുന്നു. ധീരതകൊണ്ടാണ് ആയാൾ കുറേക്കാലമെങ്കിലും സ്വതന്ത്രമായി രാജ്യം അനുഭവിക്കുമാറായത്. അപ്പോൾ തന്നെ മനസ്സു പതറിക്കൊണ്ടിരുന്നുവെന്നു വരികിൽ രാജ്യത്തെ കൈവശം വെച്ചിരിക്കുന്നതിന് സാധിക്കയില്ലായിരുന്നു. എന്നാൽ ഇടക്കിടെ തനിക്കുണ്ടാകുന്ന അപജയങ്ങളാലും നിരന്തരം ശത്രുക്കൾക്കുണ്ടാകുന്ന വിജയങ്ങളാലും ദുര്യോധനന് ഒരു നേരത്തും മനസ്സമാധാനത്തിന് ഇടയുണ്ടായില്ല. ദുരഭിമാനികൾക്ക് ചെറിയ നഷ്ടം കൊണ്ടുണ്ടാകുന്ന അവമാനം കൂടിയും ദുസ്സഹമായിരിക്കുമല്ലോ. പാണ്ഡവരോട് പലേടത്തും തോററു മടങ്ങിയപ്പോഴൊക്കെയും ദുര്യോധനൻ എത്ര മാത്രം സങ്കടം അനുഭവിച്ചിരിക്കാം! ആയാളുടെ ധീരത അവസാനം വരെ നില നിന്നുവെന്നിരിക്കിൽ മരണകാ

ലത്തിൽ ഇത്രയേറെ ദുഃഖിക്കാതെ കഴിക്കാമായിരുന്നു. ആയാളിൽ തിങ്ങിയിരുന്ന അസംഖ്യ ദുർഗ്ഗുണങ്ങൾ ഒന്നിച്ചു തിരക്കുകയാൽ കൂട്ടൊട്ടുണ്ടായിരുന്ന ഗുണങ്ങൾക്ക് നില കിട്ടാതെയായി. ആരെല്ലാം മരിച്ചാലും എന്തെല്ലാം നശിച്ചാലും സ്വജീവനെ രക്ഷിക്കുവാൻ ആയാൾ മോഹിച്ച് യുദ്ധഭൂമിയിൽ നിന്നു ഒളിച്ചോടുകയാൽ ഏതാനും നാഴിക നേരം ആയാൾ അനുഭവിച്ച ദുഃഖം അനേകവഷം നീണ്ടുനില്ക്കുന്നവയെന്ന് ആയാൾക്ക് തോന്നത്തക്കവണ്ണമായിരുന്നു. മററെല്ലാക്കയും നശിച്ചു എന്നു കണ്ട ഉടനെ ശത്രുക്കളുടെ നേരേ പാഞ്ഞ്, കഴിയുമെങ്കിൽ ചിലരെയെങ്കിലും കൊന്ന് സ്വദേഹത്തെ ത്യജിക്കേണ്ടതായിരുന്നു. എന്നാൽ ആയാൾക്ക് മരണഘട്ടത്തിൽ പലതുമോത്ത് പരിതപിക്കേണ്ടിവരില്ലായിരുന്നു. ദുഷ്ടതയുടെ ഫലം അങ്ങിനെ വന്നുകൂടല്ലോ.

## കർണ്ണൻ.

കർണ്ണൻ വീണതോടു കൂടി സുയോധനൻെറ ആശയും അഹങ്കാരവും മിക്കവാറും അടങ്ങിക്കഴിഞ്ഞു. ഭീഷ്മദ്രോണന്മാരുടെ സഹായത്തെ കരുതീട്ടല്ലാ സുയോധനൻ യുദ്ധത്തിന്ന് കോപ്പു കൂട്ടിയത്. അർജ്ജുനനെ വധിക്കുന്നതിന് മററൊരാൾ ഉണ്ടായിരുന്നാൽ മററുള്ള പാണ്ഡവന്മാരെ നശിപ്പിക്കുന്നതിന് താൻ മതിയാകുമെന്നായിരുന്നു സുയോധനൻെറ അഹങ്കാരം. കർണ്ണൻ തൻെറ പക്ഷത്തിൽ നിൽക്കുമ്പോൾ അർജ്ജുനൻ തലയുയത്തുകയില്ലെന്നും ആയാൾ വിശ്വസിച്ചിരുന്നു. സൂക്ഷ്മത്തിൽ, കർണ്ണനോട് എതിത്തു ജയിക്കുന്നതിന് അർജ്ജുനന്ന് കഴികയില്ലെന്നുള്ള അഭിപ്രായം തെററല്ല. കർണ്ണൻ നിലയുറ്റു നിന്നിരുന്നുവെന്നു വരികിൽ അദ്ദേഹത്തെപ്പോലെ സമത്ഥനായൊരു വില്ലാളി വീരൻ വേറേ കാണുകയില്ലായിരുന്നു. കഷ്ടം! ആ മാന്യപുരുഷൻ രണ്ടു വിപരീതഭാവങ്ങൾക്കിടയിൽ പെട്ട് നശിച്ചുപോയി! തന്നെത്താൻ മറന്നുകൊണ്ടുള്ള ദാനശീലവും, തന്നോളം വലിയവൻ വേറെയില്ലെന്നുള്ള വമ്പും ആണ് ആ രണ്ടു ഭാവങ്ങൾ. അന്യൻ ആവശ്യപ്പെടുന്നതായാൽ ആത്മാവിനെക്കൂ

ടെയും കൊടുക്കുവാൻ അദ്ദേഹം തയ്യാറാണ്. തന്നോളം കൎമ്മകുശലതയും കാൎയ്യജ്ഞാനവും ഉള്ളവർ വേറെയില്ലെന്ന് അദ്ദേഹം ഗൎവ്വിക്കയും ചെയ്യുന്നുണ്ട്. തനിക്ക് വിജയലാഭത്തിനായി ഉണ്ടായിരുന്ന ഉപകരണങ്ങളെയൊക്കെയും ആത്മത്യാഗശീലത്താൽ അദ്ദേഹം അന്യാധീനപ്പെടുത്തി. അതേകാലത്തിൽത്തന്നെ നിലകവിഞ്ഞ ഗൎവ്വത്താൽ മഹാന്മാരെയൊക്കെയും അദ്ദേഹം അനാദരിച്ചു. ആത്മത്യാഗമെന്ന പോലെ തന്നെ സ്വാഭിമാനവും ഉൽകൃഷ്ടന്മാരായ ഉള്ളവൎക്കെല്ലാം ഉണ്ടാവേണ്ടതു തന്നെ. സമദൎശനത്തോടു കൂടിയ സ്വാഭിമാനം മാത്രമെ പരിശുദ്ധമായും ശുഭഫലോല്പാദകമായും ഇരിക്കയുള്ളൂ. താൻ മാത്രം കേമനാണെന്ന് കരുതുകയും മററൊക്കയും തുച്ഛമെന്നു തള്ളുകയും ചെയ്യുന്ന ആ അഭിമാനത്തിന് ഗൎവ്വമെന്നാണ് പേർ പറയുക. അത് എത്രയോ ഏറെ നാശകരമായ ഭാവമാകുന്നു. നിഷ്കാമഭാവത്തോടേ സ്വദേഹത്തെ കൂടിയും അന്യന് നല്കുവാൻ ഒരുങ്ങത്തക്കവണ്ണം കൎണ്ണനിലുള്ള ആ യശസ്കരമായ ദാനശീലവും, ലോകത്തെയൊക്കെയും തൃണവൽകരിച്ച് ഞാനൊന്നേ നന്നു" എന്ന ശൂന്യാക്ഷരങ്ങളെ ഉരുവിടത്തക്കവണ്ണം അദ്ദേഹത്തിലുള്ള ആ അപകൎഷകരമായ ഗൎവ്വഭാവവും രണ്ടു തലയ്ക്കൽ നിന്നുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതത്തെ ഇഴുത്തു വലിയ്ക്കയാൽ അത് എത്രയും ദുൎബ്ബലമായിത്തീൎന്നു. ആരാലും പിളക്കുവാൻ കഴിയാത്ത നിസ്തുലപ്രഭാവത്തോടു കൂടിയ അദ്ദേഹത്തിന്റെ കവചകുണ്ഡലങ്ങളെ അന്യന് നൽകയോ, പ്രത്യേക ശക്തിയുള്ള നാഗാസ്ത്രത്തെ ഒരു തവണ മാത്രമെ പ്രയോഗിക്കയുള്ളുവെന്നും അൎജ്ജുനനെയൊഴികെ പാണ്ഡവരിൽ മററാരെയും താൻ വധിക്കുവാൻ ശ്രമിക്കയില്ലെന്നും കുന്തിയോട് ശപഥം ചെയ്കയോ ചെയ്യാതിരിക്കിൽ അദ്ദേഹം പാണ്ഡവരെ ഇങ്ങിനെ വെറുതേ വിടുകയില്ലായിരുന്നു. സത്യസന്ധനും ധൎമ്മിഷ്ഠനുമായ അദ്ദേഹം, ശത്രുക്കൾ തന്നെ വഞ്ചിക്കയാണെന്നറിഞ്ഞിട്ടും, പ്രാണൻ പോയാലും സ്വധൎമ്മത്തിൽ നിന്നു പതറുകയില്ലെന്ന ദൃഢവ്രതത്തോടെ തനിക്ക് വിജയകരങ്ങളായുള്ള എല്ലാററിനേയും, സ്വാതന്ത്ര്യത്തെ കൂടിയും ദാനം ചെയ്തുകളഞ്ഞു. ഒന്നു തീൎച്ചയാണ്: കൎണ്ണന്റെ കഥ ക

ഴിഞ്ഞു പോയിട്ടെങ്കിലും അദ്ദേഹത്തിന്റെ ദാനശീലം ലോകമുള്ളെടത്തോളംകാലം നിലനില്ക്കും. ആ വിഷയത്തിൽ അദ്ദേഹം എന്നും ഒരു മാതൃകാപുരുഷനായിരിക്കയും ചെയ്യും.

ആയുധാഭ്യാസ പ്രദർശനത്തിൽ വെച്ച് കർണ്ണാർജ്ജുനന്മാർ ദ്വന്ദ്വയുദ്ധത്തിനൊരുങ്ങിയപ്പോൾ, അർജ്ജുനന്നാണ് അപജയമുണ്ടാകുക എന്നറിഞ്ഞ കൃപാചാര്യർ, കർണ്ണൻ കുലീനനല്ലെന്നും അർജ്ജുനനോട് സമത്വമില്ലെന്നും സമത്വമില്ലാത്തവർ തമ്മിൽ ദ്വന്ദ്വയുദ്ധം ചെയ്തുകൂടെന്നും വാദിച്ചു. നിറഞ്ഞ സഭയിൽ വെച്ച് കർണ്ണന്നുണ്ടായ, ഈ ദുസ്സഹമായ അവമാനത്തിൽ നിന്ന് സുയോധനനാണ് കർണ്ണനെ രക്ഷിച്ചത്. അർജ്ജുനൻ രാജകുമാരനാകയാൽ രാജത്വമുള്ളവർക്കേ അദ്ദേഹത്തോട് സമത്വമുണ്ടാകയുള്ളു. ഒരു മഹാത്മരന്നോ സൈന്യാധിപനോ ആണെങ്കിൽ അവന്ന് രാജത്വമുണ്ടെന്നാണ് അന്നത്തെ നിശ്ചയം. സുയോധനൻ കർണ്ണനെ അംഗരാജാവായി അഭിഷേകം ചെയ്തതു മുതൽ കർണ്ണൻ സർവ്വസൈന്യാധിപനും അർജ്ജുനനോടു സമനും ആയിവന്നു. ഇങ്ങിനെ, തന്നെ അവമാനത്തിൽ നിന്നു രക്ഷിച്ച സുയോധനന്നായി കൃതജ്ഞതയോടെ തന്റെ ജീവിതത്തെ അർപ്പിച്ചു. അന്നു മുതൽ സുയോധനന്റെ ദുഷ്കർമ്മങ്ങളിൽ കൂടിയും പങ്കു കൊള്ളുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. ദുര്യോധനനെയും കൂട്ടുകാരെയും പോലെ അന്യസമ്പത്തിൽ അസൂയപ്പെട്ട് അന്യനെ നശിപ്പിക്കുവാൻ കാപ്പുകെട്ടിയിരിക്കയല്ലാ കർണ്ണൻ ചെയ്തിട്ടുള്ളത്. സ്വന്തം പരിശ്രമം കൊണ്ടാണ് അദ്ദേഹം ഒരു ഉയൎന്നനിലയിൽ എത്തിയത്. അന്യന്ന് വിജയമുണ്ടാകുന്നത് പോലേ തനിക്കും വിജയമുണ്ടാവേണമെന്നു വെച്ച് അദ്ദേഹം എപ്പോഴും പ്രയത്നിച്ചു കൊണ്ടു തന്നെയിരുന്നു. എന്നിട്ടും, ദുഷ്ടന്മാരുടെ കൂട്ടത്തിൽ പെട്ടുകയാൽ അദ്ദേഹം ദുഷിച്ചു നശിച്ചു. ദുര്യോധനനെ കർണ്ണനാണ് ദുഷിപ്പിച്ചതും നശിപ്പിച്ചതും എന്ന് ജനങ്ങൾ പറയുന്നു; അനുഭവം നേരേ മറിച്ചാണ്. കർണ്ണൻ സ്വദേഹത്തെ സുയോധനന്നായി അർപ്പിച്ചു കഴിഞ്ഞതു കൊണ്ട് സുയോധനൻ പോകുന്നെടത്തൊക്കെ ആ ദേഹത്തെയും വിട്ടയയ്ക്കുക എന്നല്ലാതെ അദ്ദേഹത്തിന് വേറേ നീക്കുപോ

കുണ്ടായിരുന്നില്ല. സുയോധനൻെറ അഭിമതമേതോ അതു തന്നെയാവേണ്ടി വന്നു തൻെറ അഭിമതവും. ദുഷ്ടതയോ ക്രൌൎയ്യമോ കൎണ്ണനില്ല. പാണ്ഡവരിൽ ദ്വേഷവും അദ്ദേഹത്തിനില്ലെന്നു്, താൻ അൎജ്ജുനനെയൊഴികെ മററാരെയും ഉപദ്രവിക്കയില്ലെന്നു് കുന്തിയോട്ടു് ശപഥം ചെയ്കതിൽ നിന്നു് വെളിവാകുന്നുണ്ടു്. ഇരുവൎക്കു തമ്മിൽ കിടമത്സരമുണ്ടായി വന്നാൽ, ഏതു കാരണം കൊണ്ടായാലും, ആദ്യമായി അതിൽ നിന്നു് ഒഴിഞ്ഞു മാറുന്നവനെ ലോകം പുച്ഛിക്കുമെന്നു് ഓൎത്തിട്ടാണു്, കൎണ്ണൻ അൎജ്ജുനനോടു് എതിൎത്തേയിരിക്കു എന്നു് നിശ്ചയിക്കിയതു്. ദുഷ്ടരുടെ കൂട്ടത്തിൽ കൂടുകയാൽ അദ്ദേഹം നശിച്ചു എന്നു ഞാൻ ഒരിക്കൽ കൂടി പറയുന്നു. പാണ്ഡവബന്ധുവാണെന്നറിഞ്ഞിട്ടും ശല്യരാജാവിനെ ആ അവിവേകിയായ ദുൎയ്യോധനൻ തൻെറ പക്ഷത്തിൽ ചേൎത്തുവിട്ടു. ശല്യൻ പാണ്ഡവഗുണത്തിന്നായി കൎണ്ണനെ തേജോവധം ചെയ്തുകൊണ്ടു് മനശ്ശക്തിയെ ക്ഷീണിപ്പിച്ചു. ഒരുവൻ ഒരു മഹോദ്യമത്തിൽ പ്രവേശിക്കുമ്പോൾ, അവൻെറ കൂടെ നിൽക്കുന്ന ആൾ അവൻ അതിന്നു് ശക്തനല്ലെന്നു് ദുഷിക്കയും അവൻ നശിക്കയേയുള്ളുവെന്നു് ശപിക്കയും ചെയ്തു കൊണ്ടിരിക്കുന്നതു് തേജോവധം ചെയ്കയാകുന്നു. അവൻെറ വീൎയ്യപരാക്രമങ്ങളെ ഒന്നൊന്നായി അവനെ സ്മരിപ്പിച്ചുകൊണ്ടു് പുകഴ്ത്തുകയല്ലാതെ അവൻെറ അപജയത്തെപ്പററിയോ അപ്രാപ്തിയെപ്പററിയോ ഭാവം കൊണ്ടു കൂടിയും വെളിപ്പെടുത്തിക്കൂടാ. വിജയലാഭത്തിൽ ദൃഢവിശ്വാസമുണ്ടാകുന്നവനല്ലാതെ, ഭൂവിയെപ്പററി നിരാശപ്പെടുന്നവനു് വിജയമുണ്ടാകയില്ലെന്നാണു് ഇതിൻെറ സാരം. ഈ രഹസ്യം ഗ്രഹിച്ചുകൊണ്ടു് കൎണ്ണനെ ശല്യൻ നിരന്തരം ദുഷിച്ചുതുടങ്ങി. തന്നെ ഇങ്ങിനെ തേജോവധം ചെയ്യരുതെന്നു് കൎണ്ണൻ പലതവണ അപേക്ഷിച്ചുവെങ്കിലും ശല്യൻ അതിൽ നിന്നു് പിന്മാറിയതേയില്ല. ഇങ്ങിനെ കൎണ്ണൻെറ മനശ്ശക്തി ക്ഷീണിക്കയും ഉണൎച്ച കുറയുകയും ചെയ്കയാൽ യുദ്ധഭൂമിയിൽ അദ്ദേഹത്തെ വിസ്മൃതി ബാധിച്ചു. അദ്ദേഹത്തിൻെറ തേൎച്ചക്രത്തിനു് കേടു പററിയപ്പോൾ അതിനെ ശരിപ്പെടുത്തുവാൻ ശ്രമിക്കുന്ന ഘട്ടത്തിൽ അൎജ്ജുനൻ അസ്ത്രമയച്ചു അദ്ദേഹത്തെ വീഴ്ത്തി.

കണ്ണനെപ്പററി, പിന്നീട് പാണ്ഡവന്മാർ ഏറെ ദുഃഖിച്ചുവെങ്കിലും, മരിച്ചു വീണ ഘട്ടത്തിൽ സുയോധനനൊഴികെ അദ്ദേഹത്തെപ്പററി മററാൎക്കും വിഷാദമുണ്ടായില്ല. എന്നുതന്നെയല്ല, അദ്ദേഹം പൂൎണ്ണബലത്തോടെയിരിക്കുമ്പോൾ കൂടിയും അദ്ദേഹത്തിന്റെ ശൌൎയ്യപരാക്രമങ്ങളെ ആരും മാനിച്ചിരുന്നതുമില്ല. ഇതിനൊക്കെ കാരണം അദ്ദേഹത്തിന്റെ ഒതുക്കമില്ലാത്ത കെട്ട വായയാണ്. എപ്പോഴും വമ്പുനടിക്കുക എന്ന സ്വഭാവത്താൽ അദ്ദേഹത്തെ യോഗ്യന്മാരെല്ലാം വെറുത്തുകളഞ്ഞു. ഈ ഒരു ദുസ്സ്വഭാവം അദ്ദേഹത്തിനില്ലാതിരിക്കിൽ ഭീഷ്മദ്രോണാദികൾ അദ്ദേഹത്തെ സ്നേഹപൂൎവ്വം ആദരിക്കുന്നതിനും ലോകത്തിൽ അനശ്വരമായ വിജയത്തെയും കീൎത്തിയേയും നേടുന്നതിനും ഇടയാകുമായിരുന്നു. തനിക്കുള്ള നിലകവിഞ്ഞ ഗൎവ്വം കൊണ്ട് മനസ്സ് ആകുലപ്പെടുകയാലാണ് ഏകാഗ്രഭാവത്തോടേ യുദ്ധം ചെയ്യാൻ ആവാതെ പലപ്പോഴും അവജയപ്പെടേണ്ടി വന്നത്. ഈ ഒരു ദോഷം അദ്ദേഹത്തിന്റെ യശസ്സിനെയും വിജയത്തെയും നിശ്ശേഷം വിഴുങ്ങിക്കളഞ്ഞുവെങ്കിലും ദാനശീലം, മിത്രസ്നേഹം, സത്യസന്ധത, ഉൽകൎഷേച്ഛ, പരിശ്രമശീലം, എന്നീ ഗുണങ്ങൾക്കുള്ള പ്രകാശത്തെ മറയ്ക്കുന്നതിന് ആ ദോഷത്തിന് ഇന്നും കഴിഞ്ഞിട്ടില്ല.

## ശകുനി.

ലോകത്തിൽ പരോപദ്രവം കൊണ്ടു തന്നെ രസിച്ചു ജീവിക്കുന്ന ഒരു വകക്കാരുണ്ട്. തങ്ങൾക്കോ തങ്ങളെ സംബന്ധിച്ചുള്ളവൎക്കോ എന്തെങ്കിലും ലാഭമുണ്ടാകേണമെന്ന് മോഹിച്ചല്ല ഇവർ അന്യരെ ഉപദ്രവിക്കുന്നത്. ഇവരുടെ ദുഷ്കൎമ്മങ്ങൾ അന്യരെ ബാധിച്ചാലും ഇല്ലെങ്കിലും ഇവരുടെ ഭാവം ഒരുപോലെ തന്നെ. ഇവരുടെ ധൎമ്മം അതാണ്. അതിനെ ഇവർ നിഷ്കാമഭാവത്തോടെ ആചരിച്ചു വരികയാണ്. ഇവരുടെ മനോഭാവങ്ങളൊക്കെയും എപ്പോഴും പരോപദ്രവമെന്ന ഒരേ ഭാഗത്തിൽ മാത്രമേ പ്രവൎത്തിച്ചുകൊണ്ടിരിക്കയുള്ളൂ. സ്വധൎമ്മാനുഷ്ഠാനത്തിന് ഇവരിൽ അശക്തന്മാരു

ള്ളവർ അതിന്ന് ശക്തിയുള്ള മറ്റൊരാളെ ഉപകരണമായെടുക്കും.
ഇതിൽനിന്ന് ആ ഉപകരണത്തിന്ന് ഗുണമുണ്ടായാലും ദോഷമുണ്ടാ
യാലുംതന്റെ ധൎമ്മം താൻ ചെയ്തു എന്ന കൃതാൎത്ഥതയേ അവന്നു
ണ്ടാകയുള്ളു. ഇക്കൂട്ടരിൽ പെട്ട ഒരാളാണ് ശകുനി. താൻ ഗാന്ധാ
രരാജ്യത്തിലെ രാജാവായിരുന്നിട്ടും ആ വക സുഖഭോഗങ്ങളിലൊ
ന്നും താല്പൎയ്യമില്ലാതെ സഹോദരീപുത്രനായ ദുൎയ്യോധനന്റെ കൂ
ടെ പാൎത്തുവരികയാണ്. ദുൎയ്യോധനനെക്കൊണ്ടു പാണ്ഡവരെ ദ്വേ
ഷിപ്പിച്ചു കൊണ്ടിരിക്കയല്ലാതെ വേറെ തൊഴിൽ ശകുനിക്കില്ല. ദു
ൎയ്യോധനനെ വഞ്ചിച്ച് കുറെയൊക്കെ തട്ടിപ്പറിച്ച് തന്റെ രാജ്യ
ത്തോടു കൂട്ടിച്ചേൎത്ത് താൻ കേമനായി തീരുന്നതിന്ന് ശകുനി ആഗ്ര
ഹിച്ചിരുന്നുവെങ്കിൽ അത് സാധിക്കാതിരിക്കയില്ല. അതൊന്നും ശ
കുനിക്ക് വേണ്ട. തനിക്ക് ആരെ എങ്കിലും എപ്പൊഴും ഉപദ്രവിച്ചു
കൊണ്ടിരിക്കയേ വേണ്ടു. അതിന്ന് പാണ്ഡവരെ നല്ല തരത്തിൽ
കിട്ടി. സുയോധനൻ അതിലേക്ക് ഒരു ഉപകരണമായും വന്നു. ഒ
രേ വിഷയത്തിൽ തന്നെ ഏകാഗ്രമായി മനസ്സിരുത്തിക്കൊണ്ടിരിക്കു
ന്ന ഒരുവൻ ആ വിഷയത്തിൽ ഏറെ സമൎത്ഥനായി വരുമല്ലൊ. ഉ
ള്ളും കള്ളിയും ശരിക്കറിയുന്നതിനും ലക്ഷ്യത്തിൽത്തന്നെ ചെന്നു ത
റയ്ക്കത്തക്കവണ്ണം വഞ്ചന പ്രയോഗിക്കുന്നതിനും ശകുനിക്കുള്ള മിടുക്ക്
നിസ്തുലമാണ്. ഭീമനെ കൊല്ലുവാൻ ശ്രമിച്ചിട്ട് അപജയപ്പെട്ടപ്പോ
ഴാവട്ടെ, പാണ്ഡവരെ ദഹിപ്പിക്കുവാൻ ചെയ്ത ചതി പിഴച്ചു പോയ
പ്പോഴാവട്ടെ ദുൎയ്യോധനനല്ലാതെ ശകുനിക്കു വിഷാദമൊട്ടും ഉണ്ടായി
ട്ടില്ല. കള്ളച്ചൂതാൽ പാണ്ഡവരുടെ രാജ്യത്തെമുഴുവൻ തട്ടിപ്പറിച്ചപ്പോ
ഴും, പാണ്ഡവർ സ്വൎഗ്ഗോപമം ഇന്ദ്രപ്രസ്ഥത്തെ, സ്ഥാപിച്ചപ്പോ
ഴും ശകുനിയുടെ ഭാവം ഒരേ നിലയിൽ തന്നെ. വൃക്ഷം കുസുമഫല
ങ്ങളെ സംരക്ഷയെയോ പരാഗ്ഗുണത്തെയോ ആഗ്രഹിച്ചിട്ടല്ലല്ലോ ഉ
ല്പാദിപ്പിക്കുന്നത്. ശകുനി ചെയ്യുന്ന വഞ്ചനകളും അങ്ങിനെ ത
ന്നെ. ഗത്യന്തരമില്ലാതെയാണ് ആയാൾ യുദ്ധത്തിനൊരുങ്ങിയ
ത്. ആയാളുടെ വഞ്ചനകൾക്കൊന്നും അപ്പോൾ തരം കിട്ടിയില്ല.
ഇനി എന്തു ചെയ്താലും പാണ്ഡവർ തന്നെ വെച്ചേയ്ക്കയില്ലെന്ന് ആ

യാൾ അറിഞ്ഞു. അതുകൊണ്ടു് യുദ്ധഭൂമിയിൽ ചെന്നു് അവിടെ മരിച്ചു വീഴേണ്ടി വന്നു.

അങ്ങിനെ, ശകുനിയുടെ കാലം സുഖമായിത്തന്നെ കഴിഞ്ഞു. ആജീവനാന്തം ആയാൾക്കു് ഒരിക്കലും ദുഃഖിക്കേണ്ടി വന്നിട്ടില്ല. പാണ്ഡവരിൽ ദുര്യോധനന്നു് വിദ്വേഷത്തെ ജനിപ്പിച്ചതും, യോഗ്യന്മാരും അയോഗ്യന്മാരും അടങ്ങിയ അസംഖ്യം ജനത്തിന്റെ നാശത്തിന്നു് കാരണമായ ഭാരതയുദ്ധത്തിന്നു് വിത്തിട്ടതും, ദുഷ്ടത മൂർത്തീകരിച്ച ആ ശകുനിയാണു്. മഹാഭാരതത്തിലെ കഥാപാത്രങ്ങളിൽ വെച്ചു് അധികം നിന്ദ്യചരിതനും നീചനും ശകുനിയാണു്. നിങ്ങൾ ആയാളെ എത്രയെങ്കിലും ശകാരിച്ചുകൊള്ളുക. ലോകമുള്ള കാലത്തോളം, കുട്ടി തൊട്ടു കുമ്പിട്ടു നടക്കുന്ന മുത്തുമുത്തശ്ശി വരെ ആയാളെ വെറുക്കാതിരിക്കയില്ല എന്നു ആക്കും അറിയാം. ഇങ്ങിനെയൊക്കെ ആണെങ്കിലും ആയാളുടെ ജീവിതം മനസ്സമാധാനത്തോടെയായിരുന്നു. നിഷ്കാമഭാവത്തോടും ഏകാഗ്ര മനസ്സോടും കൂടിയാണെങ്കിൽ ദുഷ്കർമ്മം ചെയ്താലും ദുഃഖിക്കേണ്ടി വരികയില്ല. വഞ്ചനയിലല്ലാതെ മററു യാതൊരെടത്തും ശകുനിയുടെ മനസ്സു് പതറീട്ടില്ല. ആ വഞ്ചനയിൽ നിന്നു് യാതൊരു ലാഭത്തേയും ശകുനി ആഗ്രഹിച്ചിട്ടുമില്ല. ഈ മനോഭാവം സൽകർമ്മങ്ങളിലാണു് ആയാൾ പ്രയോഗിച്ചിരുന്നതെങ്കിൽ വലിയൊരു മഹാനായി തീർന്നേനെ. അഥവാ, ആയാളിലുണ്ടായിരുന്ന ആ മമതയെ—ഞാൻ, നീ എന്ന ഭാവത്തെക്കൂടിത്യജിച്ചിരുന്നുവെങ്കിൽ മനസ്സിൽനിന്നു് വിഷമത നീങ്ങി സമത്വത്തിൽ കൂടി ബ്രഹ്മൈക്യത്തെ പ്രാപിക്കാമായിരുന്നു. അതൊന്നുമുണ്ടായില്ലെങ്കിലും ഏകാഗ്രമനസ്സിന്റെയും നിഷ്കാമഭാവത്തിന്റെയും ഗുണഫലം ആയാൾ അനുഭവിച്ചു. അതുതന്നെയാണു് മനസ്സമാധാനം. ദുഷ്ടതയുടെ ഫലമാവട്ടെ, ലോകം ഇന്നും ആയാളിൽ ശാപം വർഷിച്ചുകൊണ്ടു തന്നെയിരിക്കുന്നു എന്നതാണു്.

## വികർണ്ണൻ.

ചണ്ടി നിറഞ്ഞും, ചേറു കലർന്നും വഷളായികിടക്കുന്ന ഒരു കുളം ഇതാ. അതിൻ നടുക്കായി ഒരു താമരപ്പൂ മനോജ്ഞമായും നിർമ്മലമായും വികസിച്ചു വിലസുന്നു. കുളം നന്നാക്കാനായി ഒരു കൂ

ട്ടം ആളുകൾ ഇതാ അതിൽ ഇറങ്ങുന്നു. "എടോ കൂട്ടരെ, നിങ്ങൾ ആ താമരപ്പൂവിനെ നശിപ്പിക്കരുതേ! ശിഷ്ടന്മാരേവരും അതിന്റെ ആകർഷകമായ സൌന്ദര്യ വിലാസത്താൽ ഹൃതരായിരിക്കുന്നുവെന്നു നിങ്ങൾ ഓൎക്കേണമേ!" കഷ്ടം! അവർ അങ്ങിനെ ചെയ്തില്ല. വെള്ളമൊക്കയും കലക്കിമറിച്ചു; ചണ്ടിയൊക്കെയും ഇഴുത്തു വലിച്ചു കളഞ്ഞു; ചേറൊക്കെയും കോരി എറിഞ്ഞു. ബഹളങ്ങളൊക്കെയും ഒതുങ്ങിയപിന്നെ—ഹാ!— ആ താമരപ്പൂവിനെ കാണ്മാനില്ല. ചണ്ടികൾക്കിടയിൽപ്പെട്ടു അതു നശിച്ചു പോയിരിക്കുന്നു.

വികൎണ്ണന്റെകഥയും ഇങ്ങിനെ തന്നെയാണു്. വികൎണ്ണൻ ധാൎത്തരാഷ്ട്രകുലത്തിൽ വിശിഷ്ടാശയനും സമ്മാന്യനുമായ ഒരുയുവാവായിരുന്നു. പാഞ്ചാലീവസ്ത്രാക്ഷേപ ഘട്ടത്തിൽ വൃദ്ധന്മാരും മഹാന്മാരുമെല്ലാം ഒതുങ്ങിയിരിക്കവേ, ധീരതയോടെ സഭയിലിറങ്ങി നിന്നു് ന്യായവാദത്താൽ ജ്യേഷ്ഠാനുജന്മാരുടെ കൃത്യത്തെ അധിക്ഷേപിച്ചു പ്രസംഗിച്ച ആ യുവാവിനെപ്പററി ഓൎക്കുമ്പോഴൊക്കെയും മനസ്സ് പ്രേമാകുലമായിത്തീരുന്നു. സുയോധനന്റെ സംരംഭങ്ങളൊന്നും വികൎണ്ണനു് രസിച്ചിട്ടില്ല. പാണ്ഡവരുടെ സൌശീല്യത്തെ അദ്ദേഹം ഹാൎദ്ദമായി മാനിക്കുന്നുണ്ടു താനും. എന്നാലും ദേഹം കൊണ്ടുള്ള ഏതൊരു കാൎയ്യത്തിലും ജ്യേഷ്ഠനെ അദ്ദേഹം പിരിഞ്ഞിട്ടില്ല. തന്റെ കുടുംബത്തിലുള്ളവരൊക്കെ ദുഷ്ടന്മാർ തന്നെ എന്നിരുന്നാലും, ശത്രുപക്ഷത്തിൽ ചേരുകയോ കുടുംബത്തെ സഹചരിക്കാതിരിക്കയോ ചെയ്യുന്നവനെ വിജ്ഞന്മാർ മാനിക്കയില്ല. അവൻ ഒരു കുലദ്രോഹിയാകുന്നു. കുടുംബം ദുഷ്ടമാണെന്നു് തോന്നുന്നുവെങ്കിൽ അവിടെ ശിഷ്ടതയെ നടുവാൻ ശ്രമിക്കുക. അങ്ങിനെയല്ലാതെ ഏതുദ്ദേശ്യത്തോടു കൂടിയായാലും അവിടെ നിന്നു് മാറിയൊഴിയുന്നവനെ ഭീരു എന്നാണു് ലോകം വിളിക്കുക. മനസ്സിൽ വിശുദ്ധിയും സ്ഥൈൎയ്യവും ഉണ്ടായിരിക്കട്ടെ. ദേഹത്തെ അതിനെ പോററിപ്പുലൎത്തിയവൎക്കായി വിട്ടുകൊടുത്തേക്കുക. ഭീഷ്മദ്രോണരെപ്പോലെ തന്നെ വികൎണ്ണനും യുദ്ധഭൂമിയിൽ ജ്യേഷ്ഠനു വേണ്ടി തന്റെ ദേഹത്തെ എറിഞ്ഞുകൊടുത്തു. ഭീമന്റെഗദ അതിനേയും സൂക്ഷിച്ചു നോക്കാതെ വിട്ടില്ല.

## പാ ണ്ഡ വ ന്മാ ർ .

അങ്ങിനെയിങ്ങിനെ പാണ്ഡവന്മാർ ധാൎത്തരാഷ്ട്രകുലത്തെ കട്ടോഴിയാതെ മുടിച്ച് രാജ്യത്തെ നിൎബ്ബാധം അനുഭവിക്കാറായി. ഏതു വലിയ കഷ്ടത്തെയും മനസ്സമാധാനത്തോടേ സഹിപ്പാനും അവയോട് ധീരതയോടേ എതിരിടുവാനും ശക്തിയുണ്ടായിരുന്നതു കൊണ്ടാണ് പാണ്ഡവന്മാർ അനശ്വരമായ യശസ്സും പരിപൂൎണ്ണമായ വിജയവും നേടിയത്. സ്വന്തം പരിശ്രമമല്ലാതെ ഉന്നതിക്കു വേറേ വഴിയൊന്നുമില്ലെന്ന ബോധം ഉറക്കത്തക്കവണ്ണമായിരുന്നു ബാല്യത്തിൽ അവർ വളൎന്നിട്ടുള്ളത്. പിതൃജനത്തിൻെറ ലാളന കൊണ്ടോ സമ്പൽപ്രഭാവത്തിൻെറ ആധിക്യം കണ്ടോ അഹംകരിക്കാൻ അവൎക്ക് തരമുണ്ടായിട്ടില്ല. രാജകുമാരന്മാരായിരുന്നിട്ടും അവരെ വളൎത്തിയിരിക്കുന്നത് സാധാരണന്മാരുടെ നിലയിലാണ്. ക്ലേശങ്ങളുടെ സ്വാദ് അവർ ചെറുപ്പത്തിൽ തന്നെ അനുഭവിച്ചു തുടങ്ങി. പരമാൎത്ഥ സുഖം ക്ലേശങ്ങൾക്കപ്പുറമാണെന്ന് അവർ ഗ്രഹിച്ചു. ഭാവിസുഖത്തിലേക്കുള്ള മാൎഗ്ഗം സ്വപ്രയത്നത്തിൽ കൂടെയാണെന്നു കണ്ടപ്പോൾ അതിലേക്കു വേണ്ടുന്ന ഉപകരണങ്ങൾ ഒന്നൊന്നായി തേടുന്നതിനും നേടുന്നതിനും അവർ ഉൽസുകരായി. വിനയവും വിവേകവും അവരിൽ വിളഞ്ഞു. ധൈൎയ്യവും സ്ഥൈൎയ്യവും അനുകമ്പയും വിശുദ്ധിയും അവൎക്ക് ക്ലേശങ്ങളിൽ നിന്നുണ്ടായ സമ്പാദ്യങ്ങളാണ്. ചെറുപ്പകാലത്തിൽ, അവർ അരക്കില്ലത്തിൽ നിന്ന് തെററിപ്പിഴച്ച് നിരാശ്രയന്മാരായി കാടുകളിൽ ചുററിത്തിരിയുമ്പോൾ കൂടിയും അവരെ നൈരാശ്യമോ ഭയമോ ബാധിച്ചിട്ടില്ല. സ്ഥിരമായ വിശുദ്ധോദ്ദേശ്യത്തോടു കൂടിയാണെങ്കിൽ ദുസ്സാധമായി ലോകത്തിൽ ഒന്നും തന്നെയില്ലെന്ന് അവൎക്ക് ദൃഢബോധമുണ്ടായിട്ടുണ്ട്. പ്രതിബന്ധങ്ങളെയൊന്നും അവർ വകവെച്ചില്ല. ഉൽകൎഷേച്ഛയാൽ അവരുടെ മനസ്സ് പ്രബുദ്ധമായിരുന്നു. ഭയംകരാകാരനായ ഹിഡിംബനെ കണ്ടപ്പോൾ അവനോട് എതിൎക്കുന്നതിൽ ഭീമന് കൂസലോ മററുള്ളവൎക്ക് ആപൽശങ്കയോ ഉണ്ടായില്ല. പൊതുവെയുള്ള

ഗ്രഹണത്തിനായി ബകനോട് നേരിടുവാൻ ഭീമൻ ഒരുങ്ങിയപ്പോൾ അവരുടെ ആരുടെയും മനസ്സിനെ സ്വാതന്ത്ര്യത്തിൽ സങ്കുചിതമാക്കുവാൻ കഴിഞ്ഞില്ല. രാജാക്കന്മാരെയൊക്കെയും മുഖംതിരിപ്പിച്ച് പാഞ്ചാലിയെ വേൾക്കുന്ന കാര്യം അസാദ്ധ്യമാണോ എന്ന് അവർ സംശയിച്ചില്ല. പാതിരാജ്യമെന്ന ഭാവത്തോടേ കാടും മലയും നിറഞ്ഞ പാണ്ഡവപ്രസ്ഥത്തെ ധൃതരാഷ്ട്രൻ അവർക്ക് കൊടുത്തപ്പോൾ അവർ അതൃപ്തരാകയോ അതു നന്നാക്കാനുള്ള പ്രയാസത്തെ നിനച്ച് മനസ്സ് ക്ഷീണിക്കയോ ചെയ്തില്ല. സ്ഥിരപ്രയത്നത്താൽ ആ ഭൂഭാഗത്തെ സ്വർഗ്ഗതുല്യമാക്കിത്തീർത്തു. അത്ഭുതകരവും അന്യാദൃശവുമായ രാജധാനിയെയും അവിടെ നിർമ്മിച്ചു. ലോകത്തിലെ രാജാക്കന്മാരെയൊക്കെയും ജയിച്ച് കേമമായി രാജസൂയ യാഗം നടത്തുകയും ചെയ്തു. മനോഗുണം തികഞ്ഞവർക്ക് നരകത്തെക്കൂടെയും സ്വർഗ്ഗമാക്കുവാൻ കഴികയില്ലയോ? പാഞ്ചാലിയെ സഭയിൽ കൊണ്ടുവന്ന് അവമാനിക്കുമ്പോൾ പാണ്ഡവന്മാർ പ്രദർശിപ്പിച്ച ന്യായബോധവും സഹനശക്തിയും വിസ്മയാവഹം തന്നെ. പാഞ്ചാലീപരിണയാവസരത്തിൽ ഒട്ടേറെ രാജാക്കന്മാരെ ഒന്നിച്ചു മടക്കിയ ആ കൈകൾ ഭീമാർജ്ജുനന്മാരിൽ നിന്ന് എവിടെയും പോയിരുന്നില്ല. ന്യായബോധത്താൽ മാത്രം ആ അവമാനത്തെ അവർ കണ്ണടച്ചു സഹിച്ചതാണ്. നാടും വീടും വെടിഞ്ഞ് അവർ കാട്ടിൽച്ചെന്നു കൂടിയപ്പോൾ അവിടവും അവർ സുഖവാസോചിതമാക്കി. പതിമൂന്നു കൊല്ലത്തെ വനവാസവും ഒരു കൊല്ലത്തെ അജ്ഞാത വാസവും കഴിച്ചു മടങ്ങി വരികയെന്നത് പാണ്ഡവർക്ക് കഷ്ടസാദ്ധ്യമാണെന്നു തോന്നിയില്ല. ധാർത്തരാഷ്ട്രർ ഗന്ധർവ്വന്മാരുടെ കൈക്കൽ കുടുങ്ങിയപ്പോൾ പാണ്ഡവർ കൂടി ഒന്ന് ഉത്സാഹിച്ചുവെങ്കിൽ ധാർത്തരാഷ്ട്രകുലം അന്നോടേ മുടിയുമായിരുന്നു. ധർമ്മനിഷ്ഠ അവരെ അതിന് അനുമതിച്ചില്ല. ഗന്ധർവ്വന്മാരോട് പൊരുതി ധാർത്തരാഷ്ട്രരെ മോചിപ്പിച്ചയക്കയാണ് അവർ ചെയ്തത്. അജ്ഞാതവാസകാലത്തിൽ വിരാടന്റെ പശുകുലത്തെ ധാർത്തരാഷ്ട്രന്മാർ അപഹരിച്ചപ്പോൾ, തങ്ങൾക്ക് ദോഷം വന്നാലും തങ്ങളെ രക്ഷിക്കുന്ന

വന്റെ ഗുണത്തിനായി പ്രയത്നിക്കേണ്ടത് ധർമ്മമെന്നു കരുതി അവർ ശത്രുക്കളോടെതിരിട്ടു. അജ്ഞാതവാസം കഴിഞ്ഞ് യുദ്ധത്തിനുള്ള കോപ്പുകളൊക്കെയും കൂട്ടിയിരിക്കുമ്പോൾ കൂടിയും അവർ ആഗ്രഹിച്ചത് സമാധാനത്തെയാണ്. ഇങ്ങിനെ അവരുടെ ഗുണവിശേഷങ്ങളെ എണ്ണി എണ്ണിപ്പറഞ്ഞു തുടങ്ങിയാൽ അറ്റമുണ്ടാകയില്ല. ശത്രുപക്ഷത്തിൽ നിൽക്കുന്ന ഭീഷ്മദ്രോണശല്യന്മാർ പാണ്ഡവന്മാരുടെ ഗുണഭാവത്താൽ വശീകൃതരായി. അവരിലുണ്ടായിരുന്ന ചില്ലറ ദോഷങ്ങളൊക്കെയും ഗുണങ്ങൾക്കിടയിൽ മറഞ്ഞ് നിഷ്പ്രഭങ്ങളായി. സഹനശക്തി, സ്ഥൈര്യം, പ്രയത്നശീലം, മനശ്ശുദ്ധി ഇന്നീ ഗുണങ്ങളാൽ എന്നുംകാലത്തും തേഞ്ഞുമാഞ്ഞു പോകാത്ത യശസ്സ് അവർ നേടി.

## യുധിഷ്ഠിരൻ.

യുധിഷ്ഠിരന്റെ ബുദ്ധഗതി കുറേ കവിഞ്ഞ നിലയിലായിപ്പോയി. ബന്ധു ശത്രു ഭേദം അദ്ദേഹത്തിനുണ്ടായിട്ടില്ല. തനിക്കെന്നപോലെ എല്ലാവർക്കും അദ്ദേഹം നന്മയെ അർത്ഥിച്ചിരുന്നു. തിന്മ ചെയ്യുന്നവരിൽ സഹതാപമല്ലാതെ ഒരിടത്തും അദ്ദേഹത്തിന് ദ്വേഷഭാവം ഉണ്ടായിട്ടേയില്ല. അദ്ദേഹം പ്രശാന്തനാണെങ്കിലും അനുകമ്പാകുലനും, ധർമ്മജ്ഞനാണെങ്കിലും ക്ഷത്രിയധർമ്മത്തിന് യോജിക്കാത്തവണ്ണം ശത്രുക്കളിൽ കൂടിയും ദയാലുവും ആയിരുന്നു. സംശയമോ അവിശ്വാസമോ അദ്ദേഹത്തിന് ആരിലും ഉണ്ടായിരുന്നില്ല. ദുര്യോധനൻ തന്റെയും അനുജന്മാരുടെയും നാശത്തിനായി പരസ്യമായി പ്രവർത്തിച്ചു തുടങ്ങിയപ്പൊഴും ആ ദുര്യോധനനിൽ അദ്ദേഹത്തിന് സഹോദരവാത്സല്യമേ ഉണ്ടായുള്ളു. ഭീമനെ ദുര്യോധനൻ നശിപ്പിക്കാൻ ശ്രമിച്ചപ്പോഴോ, തന്നെയും അനുജന്മാരെയും അരക്കില്ലത്തിലിട്ടു കൊള്ളി വെച്ചപ്പോഴോ ഈ വക അക്രമങ്ങളെപ്പറ്റി ഗുരുജനങ്ങളോടു പോലും അദ്ദേഹം ആവലാതിപ്പെട്ടില്ല. കുടുംബഛിദ്രത്തെപ്പറ്റി പരക്കെ അറിയിക്കുന്നത് കുരുകുലത്തിന്റെ മാന്യതയ്ക്കും പ്രതിഷ്ഠയ്ക്കും ഹാനികരമാണെന്ന് വിശ്വസിച്ച് അദ്ദേഹം അട

ങ്ങിയിരുന്നതേയുള്ളൂ. ഇത്രത്തോളം ശുദ്ധഗതി ലൌകികജീവിതത്തിന് അനുകൂലമായുള്ളതല്ല. കയ്യിരുപ്പൊന്നും കൂടാതെ മനസ്സിലുള്ള സർവ്വത്തെയും പെരുവഴിയിൽ തുറന്നു വെയ്ക്കുന്നവനെ ലോകം വിലവെയ്ക്കയില്ല. അവൻ മററുള്ളവർക്ക് ഒരു കളിപ്പാട്ടമായിട്ടാണ് തീരുക. അങ്ങിനെയുള്ളവൻ സന്ന്യാസിക്കയാണുത്തമം. ഭീമാർജ്ജുനന്മാർ കൂടെയില്ലെന്നിരിക്കിൽ യുധിഷ്ഠിരൻ പണ്ടേ കാട്ടു കയറുമായിരുന്നു. വാസ്തവത്തിൽ, പാണ്ഡവർ അത്രയേറെ കഷ്ടപ്പെട്ടതിനൊക്കെയും കാരണം യുധിഷ്ഠിരൻെറ നിലകവിഞ്ഞ ശുദ്ധതയാണ്. ധാത്തരാഷ്ട്രരുടെ കൌടില്യത്തെ അറികയും യുവരാജാവായിരിക്കുമ്പോൾ തന്നെ തൻെറ നിലയെ ഉറപ്പിക്കത്തക്കവണ്ണം പ്രവത്തിക്കയും യുധിഷ്ഠിരൻ ചെയ്യേണ്ടതായിരുന്നു. ധാത്തരാഷ്ട്രർക്ക് പ്രാബല്യം മുഴുക്കും മുമ്പേ തന്നെ ഗുരുജനസമ്മതത്തോടേ തനിക്ക് ന്യായമായുള്ള രാജ്യാവകാശത്തെ കയ്യിലാക്കുവാൻ ശ്രമിക്കേണ്ടതുമായിരുന്നു. അദ്ദേഹം എല്ലാരെയും ഒരുപോലെ വിശ്വസിച്ചുകൊണ്ടിരിക്കയാൽ, ഒടുക്കം ശത്രുക്കളുടെ വഞ്ചനയിൽ പെട്ട് കാട്ടും മലയും ചുററിത്തിരിഞ്ഞുഴലേണ്ടതായി വന്നു.

പണ്ട് ഭാരതവർഷത്തിലെ രാജാക്കന്മാരൊക്കെയും ഓരോ പ്രത്യേക വ്രതം അനുഷ്ഠിക്കുക പതിവായിരുന്നു. ഈ സ്വഭാവം മനസ്സൈര്യത്തെ വളർത്തുന്നതിനും അവരവർക്കുള്ള അറിവും അനുഭവവും പലേടത്തും ചിന്നിച്ചിതറി ദുർബ്ബലമാവാതെ ഒരേ ലക്ഷ്യത്തിൽത്തന്നെ ചേർത്തുറപ്പിച്ച് ബലവത്താക്കുന്നതിനും ഏറെ ഉപകരിച്ചിരുന്നു. എല്ലാ കാലത്തും എല്ലാവർക്കും ഇങ്ങിനെയുള്ള വ്രതാനുഷ്ഠാനശീലം ആവശ്യമാണ്. യുധിഷ്ഠിരൻെറ വ്രതം സമത്വമുള്ളവർ പോരിനോ ചൂതിനോ വിളിച്ചാൽ പിന്മാറുകയില്ലെന്നാണ്. ഈ മർമ്മം ഗ്രഹിച്ചിട്ടാണല്ലോ ചതിയറിയാത്ത അദ്ദേഹത്തെ കള്ളച്ചൂതിൽ തോല്പിച്ചയച്ചത്. പാണ്ഡവർ ചെന്നേടത്തൊക്കെ വിജയം നേടുകയും ഘോരാരണ്യങ്ങൾ കൂടിയും സ്വർഗ്ഗോപമങ്ങളാക്കുകയും ചെയ്തത് ഭീമാർജ്ജുനന്മാരുടെ സാമർത്ഥ്യം കൊണ്ടല്ല; യുധിഷ്ഠിരൻെറ മനശ്ശുദ്ധി കൊണ്ടാകുന്നു. ശുഭവിചാരങ്ങളല്ലാതെ അദ്ദേഹത്തിൽ വേറെ

യില്ല. എവിടെയും ഗുണത്തെയല്ലാതെ അദ്ദേഹം ദോഷത്തെ കാണുന്നതുമില്ല. അദ്ദേഹത്തിന്റെ ഈ ഗുണഭാവവും അതിനൊത്ത കർമ്മങ്ങളും അദ്ദേഹം ചെന്നെടത്തൊക്കെ ഗുണത്തെ വർഷിച്ചുകൊണ്ടിരുന്നു. ഗന്ധർവ്വന്മാർ ധാർത്തരാഷ്ട്രരെ പിടിച്ചു കെട്ടിയപ്പോൾ അവരെ വീണ്ടെടുത്ത് നിഷ്കന്മഷമായ സഹോദരസ്നേഹത്തോടേ അദ്ദേഹം അവരെ സമാശ്വസിപ്പിച്ചയക്കുന്നതും, യുദ്ധത്തിനുള്ള ഒരുക്കങ്ങളൊക്കെയും കഴിഞ്ഞ പിന്നെ, സഹോദരന്മാരുടെ ക്രോധഭാവത്തെ വകവെയ്ക്കാതെ, ഒരൊററ വീടെങ്കിലും കിട്ടിയാൽ ഞങ്ങൾ ഒതുങ്ങിയിരുന്നേക്കാമെന്ന് ശത്രുക്കളോട് അദ്ദേഹം യാചിക്കുന്നതും യുദ്ധഭൂമിയിൽ നിരായുധനായി ശത്രുസൈന്യത്തിന്റെ ഇടയിൽ കൂടി നടന്നു ചെന്ന്, തന്നോട് എതിർക്കുവാൻ ഒരുങ്ങി നില്ക്കുന്ന ഗുരുജനത്തെ അദ്ദേഹം ഭിക്തിപൂർവ്വം നമസ്കരിക്കുന്നതും ഓർക്കുമ്പോഴൊക്കെയും ആനന്ദബാഷ്പം തൂകാത്തവർ ആരുണ്ട്? പാണ്ഡവരുടെ കഷ്ടങ്ങൾക്കെന്നപോലേ തന്നെ ഗുണങ്ങൾക്കും അദ്ദേഹം തന്നെയാണ് കാരണം. ഭീമാർജ്ജുനന്മാരെ പതറാൻ വിടാതെ ക്ഷമയോടേ പിടിച്ചു നിർത്തുകയും, അങ്ങിനെ ഇവരിൽ സഹനശീലത്തെ വളർത്തുകയും ചെയ്തില്ലെങ്കിൽ, ഇവർ അന്നു തന്നെ ശത്രുക്കളോട് കുട്ടി മുട്ടുകയും കാര്യമൊക്കെയും കശപിശയാക്കുകയും ചെയ്യുമായിരുന്നു.

യുദ്ധാവസരത്തിൽ യുധിഷ്ഠിരൻ ദേഹമാകെ കീറി മുറിയുകയാൽ കൈനിലയിൽ തിരിച്ചു ചെന്ന് ആകപ്പാടെയോർത്ത് ക്ഷുഭിതനായിരിക്കുമ്പോൾ, അവിടെ വന്നെത്തിയ അർജ്ജുനനെ വിശിഷ്ടമായ ഗാണ്ഡീവത്തെക്കൂടിയും പുച്ഛിച്ചു കൊണ്ട് കറെയേറെ ശകാരിക്കയുണ്ടായി. ശുദ്ധാശയന്മാർ തീക്ഷ്ണമായ വേദന അനുഭവിക്കുമ്പോൾ തന്നെത്താൻ മറന്ന് ആരെയെങ്കിലും കഠിനമായി ശകാരിക്കയെന്നത് സാധാരണമാണ്. യുധിഷ്ഠിരന്റെ മനസ്സ് ശുദ്ധമാണെങ്കിലും ഗംഭീരവുമാണ്. സാധാരണന്മാരെപ്പോലേ അത്ര വേഗത്തിലൊന്നും അത് ഇളകി മറികയില്ല. പല നാശങ്ങളെയും സഹോദരന്മാരുടെ നോട്ടക്കുറവാലുണ്ടാകുന്ന ദോഷങ്ങളെയും തന്റെ

ദേഹം നിറയെ അമ്പുകൾ കുത്തിക്കയറിയിരിക്കുന്ന അവസ്ഥയേയും, എല്ലാം കൂടിയോർത്തപ്പോൾ അദ്ദേഹം എന്തോ ചിലതെല്ലാം പറഞ്ഞു പോയിയെന്നേയുള്ളു. അർജ്ജുനൻ യുധിഷ്ഠിരന് തിരിച്ചു കൊടുത്ത ശകാരം വളരേ കവിഞ്ഞ നിലയിലായിപ്പോയി. അദ്ദേഹം ദുസ്സഹമായ ദുഃഖത്തെ അപ്പോൾ അനുഭവിച്ചു. അദ്ദേഹം തന്റെ ശുദ്ധഗതിയാൽ സഹോദരന്മാരെ പലപ്പോഴും ദുഃഖിപ്പിക്കേണ്ടി വന്നതിന്റെ ഫലം അപ്പോൾ ഒന്നായി അനുഭവിച്ചു.

യുദ്ധമൊക്കെയും കഴിഞ്ഞ പിന്നെ വിജയലാഭത്തെപ്പറ്റി ഹർഷിക്കേണ്ട യുധിഷ്ഠിരൻ മർമ്മവ്രണം പിടിപെട്ട പോലെ സന്താപിക്കയാണുണ്ടായത്. കർണ്ണൻ തന്റെ ജ്യേഷ്ഠസഹോദരനാണെന്ന് അറിക കൂടി ചെയ്തപ്പോൾ അദ്ദേഹം ഒരു ബാലനെപ്പോലെ കരഞ്ഞു തുടങ്ങി. ഭീഷ്മപിതാമഹനും ഗുരുജനങ്ങളും ബന്ധുജനങ്ങളുമെല്ലാം ചത്തൊടുങ്ങിയ പിന്നെ താൻ ആരെ സന്തോഷിപ്പിക്കാനാണ് ജീവിച്ചിരിക്കേണ്ടത്? സഹോദരന്മാരെ കൂട്ടത്തോടേ നശിപ്പിച്ച് പിടിച്ചെടുത്ത രാജ്യത്തെ അനുഭവിക്കുന്നതിൽ തനിക്ക് എന്തൊരു സ്വാദാണുള്ളത്? മർമ്മഭേദകമാംവണ്ണം സ്ത്രീജനങ്ങൾ വാവിട്ടു കരയുന്നതിനിടയിൽ തനിക്ക് എന്തൊരു സമാധാനമാണുള്ളത്? ഭീഷ്മദ്രോണന്മാരും കർണ്ണദുര്യോധനാദികളും ഇല്ലാതെ വിജനമായ ഗൃഹം പോലെ കഴിഞ്ഞു കിടക്കുന്ന ആ രാജധാനിയിൽ താൻ ചെല്ലുന്നതെന്തിന്? ഇങ്ങിനെയെല്ലാം കൂടിയോർത്തപ്പോൾ സർവ്വത്തെയും ഉപേക്ഷിച്ച് കാട്ടിലേക്ക് പോകയാണ് ഇനി നല്ലതെന്ന് യുധിഷ്ഠിരന് തോന്നി. മരത്തോലുടുക്കയും, ആരോടുമൊന്നും ആവശ്യപ്പെടാതെയും ഒന്നിനെയും ഉപദ്രവിക്കാതെയും കിട്ടിയത് ഭുജിക്കയും, ചെന്നെത്തിയെടത്ത് കിടക്കയും ചെയ്തുകൊണ്ട് ഒന്നിലും ആഗ്രഹം വെയ്ക്കാതെയും, ആരെന്തു ചെയ്താലും ഭാവഭേദമെന്നിയേ അനുഭവിച്ചുകൊണ്ടും സർവ്വത്ര സമദർശനനായും ദേഹമുള്ളതു വരെ ചുറ്റിത്തിരിയുവാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം എല്ലാരെയും അറിയിച്ചു. ലൌകിക ജീവിതത്തിന്റെ ഗുണത്തെയും ആവശ്യകതയെയും പറ്റി അനുജന്മാർ യുക്തിയോടേ പ്രസംഗിച്ചതൊ

നും അദ്ദേഹം ശരിവെച്ചില്ല. ശരശയ്യയിൽ കിടക്കുന്ന ഭീഷ്മൻ ജീവിതതത്വങ്ങളെയും ലോകരഹസ്യങ്ങളെയും മുഴുവൻ വെളിവാക്കിക്കൊണ്ട് ഒരു ദീർഘപ്രസംഗം ചെയ്തു. കൃഷ്ണനും പല ഋഷീശ്വരന്മാരും പ്രത്യേകം പ്രത്യേകം പ്രസംഗിച്ചു. ഇങ്ങിനെയെല്ലാം കൂടി യുധിഷ്ഠിരൻ ഒരു വിധം സമാധാനിക്കയും രാജ്യഭാരം കയ്യേല്ക്കുകയും ചെയ്തു.

യുധിഷ്ഠിരന്റെ മനശ്ശുദ്ധിയെയും ധർമ്മനിഷ്ഠയെയും പററിയോർക്കുമ്പോൾ അദ്ദേഹം ക്ഷത്രിയകുലത്തിൽ ജനിക്കേണ്ട ഒരാളല്ലെന്നു തോന്നിപ്പോകുന്നു. ബ്രാഹ്മണകുലത്തിലാണ് അദ്ദേഹം ജനിച്ചതെങ്കിൽ ബ്രഹ്മർഷികളുടെ തപോഗുണത്തെപ്പോലും അധഃകരിക്കത്തക്ക ഗുണവൈശിഷ്ട്യം അദ്ദേഹത്തിനുണ്ടാകുമായിരുന്നു. സർവ്വസംഗപരിത്യാഗിയായി കാട്ടിൽ ചെന്ന് താടിയും തലയും നീട്ടിയില്ലെങ്കിലും നാട്ടിലിരുന്ന് സുഖഭോഗങ്ങൾ അനുഭവിച്ചു കൊണ്ട് ഒരു രാജർഷി എന്ന നിലയിൽ അദ്ദേഹം യശസ്വിയായിത്തീർന്നിട്ടുണ്ട്. നിഷ്കാമഭാവത്തോടേ കർമ്മം ചെയ്തു കൊണ്ട് ജീവന്മുക്തനായ ജനകനെപ്പോലേ സമദർശനനായും വിശുദ്ധാശയനായും രാജ്യം ഭരിച്ചുകൊണ്ട് യുധിഷ്ഠിരൻ ഒരു രാജർഷിയായിട്ടുണ്ട്.

## ഭീമസേനൻ.

യുധിഷ്ഠിരൻ സർവ്വകർമ്മങ്ങളെയും ദൈവത്തിൽ സമർപ്പിച്ചിരിക്കുന്നു. പൌരുഷത്തിന് ഒട്ടെങ്കിലും വിലയുണ്ടെന്ന് അദ്ദേഹത്തിന് തോന്നീട്ടില്ല. ദൈവേച്ഛ പോലെയല്ലാതെ എന്നും ഒന്നും നടക്കുകയില്ലെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. സർവ്വവ്യാപിയായ ഈശ്വരനിൽ അദ്ദേഹത്തിനുള്ള ഭക്തിയാൽ എല്ലാരെയും അദ്ദേഹം ഒരുപോലേ സ്നേഹിക്കയും മഹാജനങ്ങൾക്ക് അദ്ദേഹം കീഴ്പ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഭീമസേനന്റെ നില നേരേ മറിച്ചാണ്. പൌരുഷത്തെ മാത്രം മാനിക്കയല്ലാതെ ദൈവത്തെപ്പററി അന്വേഷിക്കപോലും ഭീമൻ ചെയ്യുന്നില്ല. എങ്ങും പൌരുഷപൂർണ്ണമായും എല്ലാരിലും പൌരുഷം ഒന്നുമാത്രം പ്രവർത്തിക്കുന്നതായുമാണ് അദ്ദേഹം

കാണുന്നത്. ഭീഷ്മർ ദൈവത്തെയും പൌരുഷത്തെയും ഒന്നുതന്നെയായിട്ടു വിശ്വസിക്കുന്നു. ഭീമനാവട്ടെ, പൌരുഷത്തെ മാത്രമെ വിശ്വസിക്കുന്നുള്ളൂ. സർവ്വകർമ്മഫലങ്ങളും മരണംകൂടിയും സ്വേച്ഛാധീനമാണെന്നാണ് അദ്ദേഹത്തിൻെറ സങ്കല്പം. അദ്ദേഹം പ്രാണായാമപരിശീലനത്താൽ ഇന്ദ്രിയങ്ങളെ സ്വാധീനമാക്കുകയും ഇച്ഛാശക്തിയെ ബലവത്താക്കുകയും ചെയ്തിട്ടുണ്ട്. ദുര്യോധനൻ അദ്ദേഹത്തെ പാമ്പുകളെക്കൊണ്ട് കടിപ്പിച്ചപ്പോഴും ഗംഗയിൽ കെട്ടിത്താഴ്ത്തിയപ്പോഴും ദേഹാപായം നേരിടാതിരുന്നത് ബാല്യത്തിൽ തന്നെ വിശ്വാസം ഉറപ്പിച്ചുകൊണ്ടിരുന്ന ഇച്ഛാശക്തി പ്രയോഗത്താലാകുന്നു. യശസ്വിയാവേണമെന്നോ നാടും ധനവും നേടി സമ്പന്നനാവേണമെന്നോ ഭീമന്ന് ആഗ്രഹമില്ല. ആശ്രിതന്മാരെ രക്ഷിക്കാതെയും ദുഷ്ടന്മാരെ നിഗ്രഹിക്കാതെയും വിടുകയില്ലെന്നാണ് അദ്ദേഹത്തിൻെറ വ്രതം. ഭൂമിയിൽ അന്നുണ്ടായിവന്ന ദുഷ്ടന്മാരെ മിക്കവാറും വധിച്ചത് അദ്ദേഹമാണ്. ദുര്യോധനൻ മുതൽ നൂറ്റെണ്ണത്തെയും തച്ചു തകൎത്തതും അദ്ദേഹം തന്നെ. ഹിഡിംബി ഒരു രാക്ഷസിയായിരുന്നിട്ടും തന്നെ ആശ്രയിക്കയാൽ അവളെ പരിഗ്രഹിച്ചു. അവളിലുണ്ടായ സന്താനമാണല്ലോ ബലിഷ്ഠനായ ഘടോൽകചൻ. കൃഷ്ണാർജ്ജുനന്മാർ ചെയ്ത ചതിയാൽ കർണ്ണൻെറ വരായുധമേററ് ഘടോൽകചൻ യുദ്ധഭൂമിയിൽ വീണുപോയി. ഇക്കഥയറിഞ്ഞിട്ടും ഭീമന് ക്ലേശലൊട്ടും ഉണ്ടായിട്ടില്ല. ഹർഷശോകങ്ങളൊന്നും അദ്ദേഹത്തിനില്ല. ദുഷ്ടജനത്തെ കാണുമ്പോൾ മാത്രം ഒരുതരം വിരഹാസം അദ്ദേഹം പ്രകടിപ്പിക്കാറുണ്ടെന്നേയുള്ളൂ. ഏതു ദുഷ്കരമായ കാര്യത്തിലും അദ്ദേഹം ചെന്നു കയ്യിടും. ഒന്നും അസാധ്യമായിട്ട് അദ്ദേഹത്തിന് തോന്നിട്ടില്ല. കൃഷ്ണൻെറ സഹായം ഭീമന്ന് പലപ്പൊഴും ഉണ്ടായിക്കൊണ്ടിരുന്നതായി കാണാം. ഏതിലായാലും വിശുദ്ധവും നിശ്ചലവുമായ വിശ്വാസമുണ്ടെങ്കിൽ അവന്ന് ദൈവസഹായവുമുണ്ട്. ഭീമൻ പൌരുഷത്തെ പരിപൂർണ്ണമായി കാണുകയും അതിനെ ദൃഢമായി വിശ്വസിക്കയും ചെയ്യുന്നു. സൂക്ഷ്മത്തിൽ, അതു തന്നെയാണ് ഈശ്വരവിശ്വാസം. അതുകൊണ്ട്, ഭീമൻ

ആവശ്യപ്പെടാതെയാണെങ്കിലും അദ്ദേഹത്തോടൊന്നിച്ചു തന്നെ ദൈവം നിന്നിരുന്നു. ഇതാണു് കൃഷ്ണൻ ഭീമനെ സഹായിക്കുന്നതിന്റെ രഹസ്യം. ഭീമനാവട്ടെ, കൃഷ്ണനെ മററുള്ളവർ പോലെ മാനിക്കാറില്ല; ഒരു സ്നേഹിതൻ എന്ന നിലയിൽ മാത്രമെ ഗണിച്ചിട്ടുള്ളു. പരിപൂർണ്ണപൌരുഷത്തെ ആരാധിക്കുന്ന ഭീമൻ പരിപൂർണ്ണനായ സർവ്വേശ്വരനാൽ അനുഗൃഹീതനായിട്ടുണ്ടെന്നു് കാണിപ്പാൻ വേണ്ടി, ഭീമൻ ഇങ്ങോട്ടു് മാനിച്ചില്ലെങ്കിലും കൃഷ്ണനു് അങ്ങോട്ടു് സഹായിക്കേണ്ടിവന്നു. പാഞ്ചാലീവസ്ത്രാക്ഷേപഘട്ടത്തിൽ ജ്യേഷ്ഠനെയൊരാളെ വിചാരിച്ചിട്ടാണു് അദ്ദേഹം ഒതുങ്ങി നിന്നതു്. ഗദ ചുഴററി സഭയിലേക്കു് അദ്ദേഹം ചാടിപ്പോയിരുന്നെങ്കിൽ പിന്നെ ഒന്നിനെയെങ്കിലും ബാക്കി വെയ്ക്കുമോ എന്നു് സംശയമാണു്. പാഞ്ചാലിയിൽ മററുള്ളവരെക്കാൾ അധികം പ്രേമം ഭീമനുണ്ടായിരുന്നു. അവളുടെ പല ആവശ്യങ്ങളെയും നിവർത്തിച്ചതും പല ദുഃഖങ്ങളെയും അകററിയതും ഭീമനാണു്. ഭാര്യയിലുള്ള പ്രണയാധിക്യം നിമിത്തം കഷ്ടങ്ങൾ പലതും അദ്ദേഹത്തിനു് സഹിക്കേണ്ടതായി വന്നിട്ടുണ്ടു്. ഭാര്യ എന്തു പറഞ്ഞാലും അതിലേക്കു് അദ്ദേഹം മുമ്പും പിമ്പും നോക്കാതെ കുതിച്ചു ചാടിയേക്കും. പിടിച്ചു നിർത്തുവാൻ യുധിഷ്ഠിരനില്ലെന്നിരിക്കിൽ ഭീമൻ പല കുണ്ടാമണ്ടികളിലും കുടുങ്ങുമായിരുന്നു. എവിടെയും നേരേ നിന്നു പൊരുതുകയല്ലാതെ ശത്രുക്കളിൽ വഞ്ചന പ്രയോഗിക്കുന്നതു് ഭീമനു് ഇഷ്ടമല്ല. മററാരിലും സ്നേഹബഹുമാനമാവട്ടെ വിദ്വേഷമാവട്ടെ അദ്ദേഹത്തിന്റെ മനസ്സിലില്ല. ദുഷ്ടന്മാരെ കണ്ടാൽ ഉടൻ തന്നെ കഥ കഴിക്കയല്ലാതെ കാര്യം നീട്ടിവെക്കയുമില്ല. മഹാന്മാരെ അദ്ദേഹം ഒട്ടും അനാദരിക്കയില്ലെന്നല്ലാതെ അവർക്കു് ഒരിക്കലും തല കുനിക്കയില്ല. താൻ ആരെയും സ്തുതിക്കയില്ല; ആരോടും ആവലാതിപ്പെടുകയുമില്ല; മറെറാരാളുടെയും സഹായത്തെ അർത്ഥിക്കയുമില്ല. ഇങ്ങിനെ ഭീമന്റെ സ്വഭാവവിശേഷങ്ങളൊക്കെയും അന്യാദൃശമാണു്. പൌരുഷത്താൽ മദോന്മത്തനായിരുന്നുവെന്നല്ലാതെ ഗർവ്വം അദ്ദേഹത്തിനില്ല. എല്ലാം കൂടിനോക്കിയാൽ അദ്ദേഹം ഒരു വിശിഷ്ട പുരുഷൻ തന്നെയെങ്കിലും അദ്ദേ

ഹത്തെ ഒരു കയ്യൂക്കുള്ളവൻ എന്നു ഗണിക്കയല്ലാതെ മഹാന്മാർ അദ്ദേഹത്തെ അത്രയേറെ പുകഴ്ത്താറില്ല. ഭീമൻ മഹാന്മാരെ ബഹുമാനിക്കാതിരുന്നതുകൊണ്ടായിരിക്കാം, അതിന്റെ ഫലമായി, അദ്ദേഹം ബഹുമാന്യനാവാഞ്ഞത്. കയ്യൂക്കിനെപ്പററിയല്ലാതെ, അദ്ദേഹത്തിൽ അന്യാദൃശങ്ങളായുണ്ടായിരുന്ന മററു ഗുണങ്ങളെ ലോകം വെളിവായി അറികയോ ശ്ലാഘിക്കയോ ചെയ്യാറില്ല. യാതൊരു ശങ്കയോ മനോ മാലിന്യമോ മനശ്ചാഞ്ചല്യമോ ഇല്ലാത്ത ഭീമസേനന്റെ മനോവിശിഷ്ടതയോ, കയ്യൂക്കോ ഏതാണ് വലിയതെന്ന് സൂക്ഷ്മദൃക്കുകൾക്കു മാത്രമെ അറിവാൻ കഴികയുള്ളു.

## അർജ്ജുനൻ

യുധിഷ്ഠിരന്റെയും ഭീമന്റെയും ജീവിതഗതി അനുകരിക്കാൻ അസാദ്ധ്യമായുള്ളതാണ്. ആരെങ്കിലും അതിനൊരുങ്ങിയാൽത്തന്നെ പൂർണ്ണമാവാതെ ഇടയിൽ തങ്ങി നിന്ന് തിണ്ടാടേണ്ടി വരികയാണുണ്ടാകുക. എന്നാൽ അർജ്ജുനന്റെ ജീവിതഗതിയാവട്ടെ, ആർക്കും പിൻപററാവുന്നതാണ്. ദൈവത്തെയും പൌരുഷത്തെയും അർജ്ജുനൻ ഒരുപോലെ വിശ്വസിക്കുന്നു. ദൈവം കൂടാതെ പൌരുഷമോ പൌരുഷം കൂടാതെ ദൈവമോ പ്രവർത്തിക്കയില്ല. വിത്തും വയലുമെന്ന പോലെയാണ് ദൈവത്തിന്റെയും പൌരുഷത്തിന്റെയും നില. രണ്ടും എപ്പൊഴും യോജിച്ചുകൊണ്ടിരിക്കുന്നതായാലേ ശരിയായ ഫലം ഉണ്ടാകയുള്ളു. ഇവ തമ്മിൽ ഇടയുമ്പൊഴാണ് കാര്യമൊക്കെയും തകരാറാവുകയും ദുഃഖിക്കേണ്ടി വരികയും ചെയ്യുന്നത്. പൌരുഷത്തെ ഒട്ടും പ്രവർത്തിപ്പിക്കാതെ ദൈവത്തെ മാത്രം വിശ്വസിച്ചിരിക്കയും ദൈവത്തെ തള്ളിക്കളഞ്ഞ് പൌരുഷത്തെ മാത്രം ജീവിതാധാരമാക്കുകയും ചെയ്യുന്ന ഇരുകൂട്ടർക്കും ലോകത്തിൽ വിജയമുണ്ടാകയില്ല. അർജ്ജുനന്റെ ഈ ദൃഢവിശ്വാസത്തിനൊത്ത വണ്ണം തന്നെ ദൈവവും പൌരുഷവും അദ്ദേഹത്തിൽ ഒരുപോലേ പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിനുണ്ടായ ഏതു വിജയവും സ്വസാമർത്ഥ്യവും കൃഷ്ണസഹായവും യോജിച്ചു നിന്നതിന്റെ ഫലമാണ്. അദ്ദേഹം എല്ലാവർക്കും നല്ലവനാണ്. ബഹുജനാഭിപ്രായമനുസരിച്ചേ

ഏതു കാൎയ്യവും ചെയ്യുകയുള്ളൂ. മഹാന്മാരെ ഭക്തിപൂൎവ്വം വന്ദിക്കയും സാധാരണന്മാരെ സ്നേഹപൂൎവ്വം ആദരിക്കയും ചെയ്തുവന്നു. അനശ്വരമായ യശസ്സു നേടേണമെന്നും ലൌകിക സുഖഭോഗങ്ങളൊക്കെയും പൂൎണ്ണമായി അനുഭവിക്കേണമെന്നും അദ്ദേഹത്തിന് നല്ലവണ്ണം ആഗ്രഹമുണ്ടു്. പൂൎണ്ണഭക്തിയാൽയുധിഷ്ഠിരനിൽ തികഞ്ഞു കാണുന്ന ശാന്തി രസമോ പൌരുഷാധിക്യത്താൽ ഭീമനിൽ വളൎന്നു കാണുന്ന രൌദ്രരസമോ അല്ലാ അൎജ്ജുനനിൽ കാണുന്നത്. ശാന്തിയും പൌരുഷവും ഇടകലൎന്നിരുന്നതിനാൽ അദ്ദേഹം സുന്ദരകളേബരനായിരുന്നു. ദണ്ഡനീതിയിലും, അൎത്ഥവിജ്ഞാനീയത്തിലും സംഗീതസാഹിത്യകലകളിലും അദ്ദേഹം നല്ല പാണ്ഡിത്യം സമ്പാദിച്ചിട്ടുണ്ട്. സുഖവും യശസ്സും നേടുകയും പൊതുവേ ഗുണം വളൎത്തുകയും ദുഷ്ടതയെ നിഗ്രഹിക്കയും ചെയ്തു് വിജയിയാവേണമെങ്കിൽ ഇടയ്ക്കിടെ ചില ഒളിയമ്പുകൾ പ്രയോഗിക്കാതെ കഴികയില്ലെന്നാണ് അൎജ്ജുനന്റെ നിശ്ചയം. ദുഷ്ടരോട് എതിൎക്കുമ്പോൾ നേർവഴിയിൽനിന്നു തെററി കുറെയൊക്കെ വളഞ്ഞു ചെരിഞ്ഞു പോകുവാൻ അൎജ്ജുനന്നു് മടിയില്ല. കൃഷ്ണാൎജ്ജുനന്മാർ കൂടക്കൂടെ ചില വഞ്ചനകൾ പ്രയോഗിച്ചില്ലെന്നിരിക്കിൽ ഭാരതയുദ്ധത്തിൽ പാണ്ഡവർ ജയിക്കയോ, ദുഷ്ടത നീങ്ങുകയോ, ബഹുജനങ്ങൾക്കു് ക്ഷേമം ഏറുകയോ ഉണ്ടാകുന്നതാണോ? ഉള്ളടക്കം പുറമേ വിടാതെയും, സ്വാൎത്ഥതയാൽ പ്രേരിതനാവാതെയും, ആളും തരവും അറിഞ്ഞു പ്രവൎത്തിക്കുവാനുള്ള ഉചിതജ്ഞത എത്രത്തോളമുണ്ടോ, അത്രത്തോളം അവൻ ലൌകിക ജീവിതത്തിൽ വിജയിയായിത്തീരും. ആരെയും അവിശ്വസിക്കരുതു്; എന്നാൽ എല്ലാരെയും ഒരുപോലെ വിശ്വസിക്കയുമരുതു്. ഉള്ളിൽ കപടമരുത്; എന്നാൽ ഉള്ളിലുള്ളതൊക്കെയും എങ്ങും എല്ലാരെയും തുറന്നു് പറകയുമരുത്. അൎജ്ജുനന്റെ സ്വഭാവം ഇങ്ങിനെയാണ്. ഇത്തരക്കാരെ ശോകഹൎഷദ്വന്ദ്വഭാവങ്ങൾ ഇടവിടാതെ ബാധിച്ചുകൊണ്ടിരിക്കും. എന്നാൽ അവ ഗുണദോഷജ്ഞതയെ വളൎത്തുന്നതിനും ജീവിതത്തെ ഉൽകൃഷ്ടതമമാക്കുന്നതിനുമുള്ള ഉപകരണങ്ങളായിട്ടാണ് ഭവിക്കുക. അൎജ്ജുനന്റെ മന

സ്സ് ചികഞ്ഞു നോക്കിയാൽ അവിടെ ദോഷങ്ങൾ പലതും കാണാം. അവയിൽ നിന്ന് അദ്ദേഹം ദുഃഖമനുഭവിക്കുന്നതായും കാണാം. എന്നാൽ ആ വക ദോഷങ്ങൾ ബഹുജനങ്ങളെത്തെയോ, പരോപദ്രവകരമല്ലാത്ത സദ്ഗുണത്തെയോ ഉദ്ദേശിച്ച് അദ്ദേഹം ചെയ്തിട്ടുള്ളവയാണ. ആകപ്പാടെയൊന്നുക്കിപ്പറകയാണെങ്കിൽ അർജ്ജുനൻ ഒരു ഉത്തമ മാതൃകാ ലൌകിക ജീവിതത്തെ ലോകത്തിൽ പ്രകാശിപ്പിച്ച ഒരു വിശിഷ്ട പുരുഷനാണ്. മഹാഭാരത കഥ ഇത്രയേറെ രസജ്ഞകമായിരിക്കുന്നതു തന്നെ അർജ്ജുനൻെറ ജീവിതവിലാസത്താലാകുന്നു. പാഞ്ചാലീ സ്വയംവരം, ഖാണ്ഡവദാഹം, ഇന്ദ്രപ്രസ്ഥനിർമ്മാണം, അർജ്ജുനദിഗ്വിജയം, സുഭദ്രാഹരണം, ദേവലോകപ്രവേശം, ഗോഗ്രഹണയുദ്ധം, ഭഗവൽഗീത, അഭിമന്യുവിയോഗദുഃഖം എന്നിങ്ങിനെ അർജ്ജുനനെ സംബന്ധിച്ച കഥകളെക്കൊണ്ടാണ് മഹാഭാരതം പൂർണ്ണമായിരിക്കുന്നത്. അതിലെ കഥാനായകനാണ് അർജ്ജുനൻ. ഭാരതത്തിനുള്ളേടത്തോളം പ്രസിദ്ധിയും പ്രശസ്തിയും അർജ്ജുനനും ഉള്ളതു തന്നെ.

## പാഞ്ചാലി.

അർജ്ജുനനു വേണ്ടി ഉഴിഞ്ഞുവിടുകയും അർജ്ജുനൻെറ വിദഗ്ദ്ധതയാൽ സമ്പാദിക്കുകയും ചെയ്ത സ്വത്താണ് പാഞ്ചാലി. എന്നാൽ അവളെ പാണ്ഡവന്മാരഞ്ചു പേരും കൂടിയാണ് അനുഭവിക്കുന്നത്. ഈ അഞ്ചു പേരെയും ഒരു പോലെ സ്നേഹിക്കയും, അഞ്ചുപേരുടെയും സ്നേഹത്തെ തന്നിൽ ഒരുപോലെ ഉറപ്പിക്കയും ചെയ്യുന്ന പാഞ്ചാലിയുടെ പാതിവ്രത്യനിഷ്ഠ അത്യത്ഭുതകരം തന്നെ. യുധിഷ്ഠിരനെ പൂർണ്ണഭക്തിയോടേ അവൾ ആരാധിക്കുന്നു; ഭീമനെ പ്രിയഭർത്താവെന്ന നിലയിൽ അവൾ ആശ്രയിക്കുന്നു; അർജ്ജുനനെ പ്രേമാകുലയായി അവൾ ശുശ്രൂഷിക്കുന്നു; നകുലസഹദേവന്മാരെ അനുരാഗപരവശയായി അവൾ പരിചരിക്കുന്നു. പാഞ്ചാലിയുടെ ഈ സാമർത്ഥ്യവും ആ വിഷയത്തിൽ പാണ്ഡവന്മാൎക്കുള്ള യോജിപ്പും ഐക്യം അനുക

ഭിക്കുവാൻ ആകാത്തതാകയാൽ അതിനെപ്പററി അത്രയേറെ ആഴത്തിൽ ആലോചിച്ച് നാം ബുദ്ധിമുട്ടാതിരിക്കയാണ് നല്ലത്. പാണ്ഡവന്മാരെപ്പോലേ യോജിപ്പുള്ള ജ്യേഷ്ഠാനുജന്മാർ എങ്ങാനും ഉണ്ടായിയെന്നു വരാം. പാഞ്ചാലിയെപ്പോലെ ഒരു സ്ത്രീ അതിനു മുമ്പും പിമ്പും ഉണ്ടായതായി കേട്ടിട്ടേയില്ല; ഉണ്ടാകാവുന്ന ഒരു സൃഷ്ടിവിശേഷമാണെന്നു തോന്നുന്നതുമില്ല. അർജ്ജുനന്നു നൽകുവാൻ ദ്രുപദൻ ആററുനോററിരുന്നിട്ടുണ്ടായ മകളാണ് പാഞ്ചാലി. തന്റെ പ്രിയതമനായി വരാൻ പോകുന്ന അർജ്ജുനന്റെ ഗുണഗണങ്ങളെ ഒന്നൊന്നായി ഓർത്തോർത്ത് ആനന്ദിച്ചുകൊണ്ടും, മനസ്സങ്കല്പത്താൽ അർജ്ജുനനിൽ നിന്ന് ഭർത്തൃസുഖത്തെ അനുഭവിച്ചുകൊണ്ടുമായിരിക്കാം പാഞ്ചാലിയുടെ ആദ്യത്തെ ജീവിതം. പാണ്ഡവന്മാർ അരക്കില്ലത്തിൽ കിടന്ന് ദഹിച്ചുപോയിയെന്ന് പരക്കേ വിശ്വസിക്കാൻ ഇടയായപ്പോൾ പാഞ്ചാലിയുടെ മനോഗതി മാറിത്തിരിഞ്ഞു. അച്ഛൻ സ്വയംവരത്തിനു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു തുടങ്ങിയതിൽ പിന്നെ ആരെയാണ് വരിക്കേണ്ടതെന്ന് അവൾ ആലോചിച്ചു തുടങ്ങുകയും സങ്കല്പത്താൽ യോഗ്യന്മാരായ പലരുടെയും ഭാര്യയായിരുന്ന് സുഖദുഃഖങ്ങൾ അനുഭവിച്ചു നോക്കുകയും ചെയ്തിട്ടുണ്ടാവേണം. ഇങ്ങിനെ— ദുരുദ്ദേശം കൂടാതെയാണെങ്കിലും— മനസ്സ് വ്യഭിചരിച്ചതിന്റെ ഫലമായിട്ടായിരിക്കാം, പാഞ്ചാലിക്ക്— ലോകാപവാദത്തിന് ഇടയാവാതെയാണെങ്കിലും— ഒന്നിലധികം ഭർത്താക്കന്മാരുണ്ടായി വന്നത്. സീതാ, സാവിത്രി, ദമയന്തി, എന്നിവർ ഒരാളെത്തന്നെ സ്നേഹിക്കയും, മറെറാരാളെപ്പററിയും വിചാരിക്കപോലും ചെയ്യാതെ, ആയാളെത്തന്നെ വരിക്കയുമാണുണ്ടായിട്ടുള്ളത്. അർജ്ജുനനെപ്പററി നിനച്ചിരുന്ന പാഞ്ചാലി അദ്ദേഹം മരിച്ചുപോയിയെന്നറിഞ്ഞിട്ടും സ്വയംവരാഘോഷത്തെ അനുകൂലിച്ചു തന്നെയാണിരുന്നത്. ഈ ഭാവം നോക്കുമ്പോൾ പുരാണപ്രസിദ്ധകളായ മററു പതിവ്രതാരത്നങ്ങളോളം പ്രഭാവം പാഞ്ചാലിക്കുണ്ടോ എന്നു സംശയമാകുന്നു. എന്നാൽ വിവാഹത്തിനു പിന്നീടുള്ള നില നോക്കിയാൽ മററുള്ളവർക്ക് അപ്രാപ്യമാംവണ്ണം അത്രയേറെ വിദൂരവും ദു

ശ്ലമവുമായ പാതിവ്രത്യനിഷ്ഠയിൽ അവൾ സ്ഥിരതയോടെ സ്ഥിതി ചെയ്തിരുന്നു എന്നു കാണാം. ധൈൎയ്യവീൎയ്യപരാക്രമങ്ങൾ മൂൎത്തീകരിച്ച ഭൎത്താക്കന്മാർ തനിക്ക് ഒന്നു രണ്ടല്ലാ ഉള്ളത് എന്ന ഗൎവ്വം പാഞ്ചാലിക്ക് നല്ലവണ്ണമുണ്ടായിരുന്നു. അവരിരിക്കേ തന്നോളം ഭാഗ്യവതിയും ബഹുജനവന്ദ്യയുമായി മറെറാരു സ്ത്രീയില്ലെന്നു അവൾ ഗൎവ്വിച്ചിരുന്നു. ഇന്ദ്രപ്രസ്ഥരാജധാനിയിൽ സൎവ്വസുഖഭോഗമദാകുലയായി ചക്രവൎത്തിനിപദത്തിൽ ഞെളിഞ്ഞിരുന്നുകൊണ്ടു സ്ഥലജലഭ്രാന്തിയിൽ ഉഴലുന്ന ദുൎയ്യോധനനെ നോക്കി കൈകൊട്ടിചിരിച്ച പാഞ്ചാലി അതിന്റെ ഫലം വേണ്ടപോലെ അനുഭവിച്ചിട്ടുണ്ടു. സൎപ്പത്തിന്റെ തലയിൽ കളിയായി മണ്ണു വാരിയിട്ടവൻ അതുപോലെ നിസ്സാരഭാവത്തിലായിരിക്കയില്ലല്ലോ ഫലം അനുഭവിക്കുന്നതു. വസ്ത്രാക്ഷേപത്തിനു ശേഷവും അവൾ തുടരെത്തുടരെ ആധിയും അവമാനവും അനുഭവിച്ചുകൊണ്ടേയിരുന്നു. ഇങ്ങിനെയുള്ള അനുഭവങ്ങളാൽ അടക്കവും ഒതുക്കവും മിക്കവാറും അകന്നു ഒരുവക വീരോചിതഭാവം അവളിൽ പ്രകാശിച്ചു. ഭൎത്താക്കന്മാർ സൎവ്വശക്തന്മാരാണെന്ന ഗൎവ്വം അസ്തമിക്കയും ചെയ്തു. ധാൎത്തരാഷ്ട്രന്മാരുടെ നാശത്തെപ്പററിത്തന്നെ അവൾ എപ്പൊഴും ചിന്തിച്ചുകൊണ്ടിരുന്നു. ഈ ദോഷചിന്തക്കു ഒടുക്കം അവളെ ദുസ്സഹമായ ദുഃഖത്തെ അനുഭവിപ്പിച്ചു. മക്കളൊക്കെയും ഒരു രാത്രി കൊണ്ട് ഭസ്മമായിപ്പോയിയെന്നുള്ളതാണത്. ഗൎവ്വം, പരപരിഹാസം, പരദോഷചിന്ത എന്നിവയാൽ പാഞ്ചാലിയുടെ ജീവകാലം മിക്കവാറും ദുഃഖഭൂയിഷ്ഠമായിരുന്നു. എന്നാൽ അവളിലുണ്ടായിരുന്ന ഗുണവിശേഷങ്ങളാൽ അവൾ യശസ്വിനിയും, ഒടുക്കം ചക്രവൎത്തിനിയുമായിട്ടുണ്ടു്.

## കുന്തി.

അമ്മമാർ മക്കളെ വളൎത്തുന്നത് നിഷ്കാമഭാവത്തോടെയായിരിക്കണം. മക്കളിൽ നിന്ന് യാതൊരു പ്രതിഫലത്തെയും ഇച്ഛിക്കുന്നതിന് അവൎക്കവകാശമില്ല. മക്കളെ ജീവിതരണത്തിൽ സമൎത്ഥ

ന്മാരായ ഭടന്മാരാക്കി വിടുകയെന്നതു മാത്രമാണ് അമ്മമാരുടെ കടമ. മക്കൾ തങ്ങൾക്ക് ഗുണം ചെയ്യേണ്ടുന്നവരാണെന്നോ, കണ്ടു കൊണ്ടാടുവാനുള്ള ഒരു വക സത്വങ്ങളാണ് അവരെന്നോ കരുതി അവരെ അതിന്മണ്ണം വളർത്തുന്ന അമ്മമാർ തീർച്ചയായും ദുഃഖിക്കാതെയിരിക്കയില്ല. കുന്തിയെ നോക്കുക. സപത്നിയായ മാദ്രിയുടെയും തന്റെയും മക്കളെ ഒരേ ഭാവത്തിൽ തന്നെയാണ് കുന്തി വളർത്തിയത്. അവർ ലോകത്തിൽ എന്തിനും സമർത്ഥന്മാരായിത്തീരേണമെന്നു മാത്രമല്ലാതെ, അവരിൽ നിന്ന് തനിക്ക് വല്ലതും ഗുണം നേടേണമെന്ന ആഗ്രഹം കുന്തിക്കില്ല. ബാല്യത്തിൽത്തന്നെ മക്കളെ നല്ലവണ്ണം ക്ലേശിപ്പിച്ചു വളർത്തി. തന്റെ ഭർത്താവ് സ്വാതന്ത്ര്യത്തോടേ രാജ്യം ഭരിച്ചിരുന്നപ്പോൾ മക്കൾക്കായി വല്ലതുമൊക്കെ സമ്പാദിച്ചു വെയ്ക്കുവാൻ കുന്തിക്ക് കഴിയുമായിരുന്നിട്ടും അങ്ങിനെ ചെയ്തില്ല. യഥാർത്ഥസുഖത്തിനും വിജയത്തിനും ഉള്ള മാർഗ്ഗം മക്കളെ ഗ്രഹിപ്പിക്കയും അവരെ അതിലേക്ക് സജ്ജന്മാരാക്കുകയും ചെയ്കയല്ലാതെ, വേറേ താല്ക്കാലിക രസത്തിനുള്ള വക വല്ലതും അവർക്ക് കൊടുത്ത് അവരിൽ പ്രയത്നവൈമുഖ്യത്തെ ജനിപ്പിച്ചു കൂടെന്നാണ് കുന്തിയുടെ സിദ്ധാന്തം. രാജപത്നിയായിരുന്നിട്ടും എത്രയോ ഏറെ ചുരുങ്ങിയ നിലയിലായിരുന്നു കുന്തിയുടെ ജീവിതം. അതേ രീതിയിൽ തന്നെ മക്കളെയും വളർത്തി; അവരിൽ ഗുണഭാവങ്ങളെ നട്ടുകയും ചെയ്തു. ഇനി തന്റെ മക്കൾ എവിടെയും അപജയപ്പെടുകയില്ലെന്ന ധൈര്യത്തോടേ അവരെ ജീവിതത്തിലേക്ക് ഇറക്കി വിട്ടു. എന്നിട്ട് ആ മാതൃകാ മാതാവായ കുന്തി തപസ്വിനിയുടെ നിലയിൽ വിദുരന്റെ ഗൃഹത്തിൽ പാർത്തുവന്നു. അതിനുമുമ്പ് അരക്കില്ലത്തിൽ നിന്ന് പിഴച്ച് കാടുകളിൽ ചുററിത്തിരിഞ്ഞ് ഏകചക്ര നഗരത്തിൽ എത്തിയപ്പോൾ താൻ ചെന്ന ഗൃഹത്തിൽ, തങ്ങളുടെ ഏക സന്താനത്തെ ബകന്ന് ബലികൊടുക്കേണമല്ലോ എന്ന് സന്തപിച്ചുകൊണ്ടിരുന്ന ആ മാതാപിതാക്കന്മാരെ സമാശ്വസിപ്പിച്ച്, തനിക്ക് അഞ്ചെണ്ണമുള്ളതു കൊണ്ട് ഒന്ന് വിട്ടുപോയാലും തരക്കേടില്ലെന്നു വെച്ച് ഭീമനെ അയച്ചുകൊടുത്ത കുന്തിയുടെ മനോഗുണത്തെ

യും, പ്രത്യേകിച്ച് ധൈര്യത്തെയും പററി പുകഴ്ത്തുവാൻ ഞാൻ ശക്തനല്ല. ഭാരതയുദ്ധം കഴിഞ്ഞ് മക്കൾ സ്വാതന്ത്ര്യമായി രാജ്യം അനുഭവിച്ചു തുടങ്ങിയ കാലത്തിൽ, ധൃതരാഷ്ട്രനെയും വിദുരനെയും പിന്തുടൎന്നു കൊണ്ട് കുന്തി വനത്തിലേക്ക് പോകയാണ് ചെയ്തത്. മക്കളോടൊന്നിച്ച് സുഖഭോഗങ്ങൾ അനുഭവിക്കേണമെന്ന ആഗ്രഹം കുന്തിക്കില്ലെന്നതിന് ഇതുതന്നെ മതിയല്ലോ തെളിവ്. കുന്തിയുടെ ജീവിതഗതി ലോകത്തിലെ അമ്മമാരൊക്കെയും അനുകരിക്കേണ്ടതാണെന്നതാണ്.

## ഉ പ സം ഹാ രം.

ഇങ്ങിനെ മഹാഭാരതത്തിലെ കഥാപാത്രങ്ങളെപ്പററി നിരൂപണം ചെയ്തു തുടങ്ങിയാൽ ജീവിതതത്വങ്ങൾ പലതും വെളിവായിക്കാണാം. ഇനിയുള്ള ഭാരം വായനക്കാൎക്കായി വിടുകയല്ലാതെ ഇതിലധികം വിസ്തരിക്കുന്നതിനും ഇനിയുള്ള പാത്രങ്ങളെപ്പററി നിരൂപിക്കുന്നതിനും എനിക്ക് ഇപ്പോൾ സൌകൎയ്യമില്ല. വഴികാട്ടിത്തരിക എന്നു മാത്രമേ ഞാൻ ഇവിടെ ചെയ്തിട്ടുള്ളു. ഈ വഴിയിൽ കൂടി കടന്നു പോകുന്നവർ സുന്ദരങ്ങളായ കാഴ്ചകൾ പലതും കാണാറാകും; അങ്ങിനെ അവർ സുഖജീവിതത്തെ പ്രാപിക്കയും ചെയ്യും.

ശുഭം.

# കുചേലൻ

ഗ്രന്ഥകൎത്താ

കുന്നത്ത് ജനാൎദ്ദനമേനോൻ.

(വില നാലണ)

... ... ...“ഭംഗിയായ വാചകരീതിയാലും ഈ പുസ്തകം വായിക്കത്തക്കതായിരിക്കുന്നു.”

——“മലയാളി” - പുസ്തകം ൧൩. ലക്കം ൭

* * * *

“മലയാളമെഴുത്തുകാരുടെ കൂട്ടത്തിൽ കുറെക്കാലമായി ഒരു നല്ല പേരു സമ്പാദിച്ചിട്ടുള്ള പാലക്കാട് കുന്നത്ത് മിസ്റ്റർ ജനാൎദ്ദനമേനവൻ ബുദ്ധിക്ക് തന്മയത്വമുള്ള ഒരാളാണെന്ന് പരക്കെ സമ്മതമുള്ള ഒരു സംഗതിയാകുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളും പുസ്തകങ്ങളും കൊണ്ട് മിസ്റ്റർ മേനവന്റെ ഈ സ്ഥിതി വിസ്പഷ്ടീഭവിച്ചിട്ടുള്ളതുമാണ്. പുരാണത്തിലെ കുചേലോപാഖ്യാനത്തെ എടുത്ത് ഈ കാലപരിഷ്കാരത്തിനനുസരിച്ച് തേച്ചു മിനുക്കി പുതിയ അലങ്കാരങ്ങളും ചെയ്ത് ഒരു നോവലിന്റെ രീതിയിൽ എഴുതിട്ടുള്ള ഈ പുസ്തകം സൎവ്വഥാ വായിക്കത്തക്കതു തന്നെയാകുന്നു... ...
... ... ... മിസ്റ്റർ മേനവന്റെ ലളിതമായ മണിപ്രവാള ഭാഷയും ശുദ്ധം തന്നെ. അദ്ദേഹത്തിന്റെ ഈദൃശങ്ങളായ ശ്രമങ്ങളെ ഞങ്ങളനുമോദിക്കുന്നു”

—“കേസരി” - പുസ്തകം ൧ - ലക്കം ൧൦.

* * * *

“ഇതു... ... ... ... ... ... ...
... ... അതിസരസമായ ഒരു ചെറിയ മലയാള ഗ്രന്ഥമാണ്. മേനോൻ അവർകളുടെ കുചേലനാവട്ടേ, നിൎദ്ധനനാണെങ്കിലും അ[illegible] ശാസ്ത്രപാണ്ഡിത്യവും സദാചാരനിഷ്ഠയും അസാമാന്യമായ ലോ

കപരിചയവുമുള്ള ഒരു യോഗ്യനാണ്. കുടുംബത്തിലും, വിശേഷിച്ച് തന്റെ അനുരക്തയും സതിയുമായ പ്രിയതമയിലും അഗാധമായ പ്രേമവും, ഉള്ളിലെ സങ്കടങ്ങൾ പുറത്തു കാട്ടാൻ ഒരിക്കലും അനുവദിക്കാത്ത സ്വാഭിമാനവുമുള്ള ഒരു മാന്യപുരുഷൻ ആണ്. പാത്രങ്ങളെ വർണ്ണിക്കുന്നതിൽ ഗ്രന്ഥകർത്താവ് തന്റെ സഹജമായ വിചാരശീലവും, സ്വഭാവനിരീക്ഷണശക്തിയും നല്ലവണ്ണം ഉപയോഗിച്ചിട്ടുണ്ട്. കുചേലൻ, സരോജിനി, ശ്രീകൃഷ്ണൻ ഈ മൂന്നുപാത്രങ്ങളെ സന്ദർഭാനുരൂപമായ രസങ്ങൾക്ക് ഹാനികൂടാതെ പുതിയ മട്ടിൽ വളരെ മനോധർമ്മത്തോടു കൂടി വർണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. ഭാഷാരീതി നല്ലതും ഒഴുക്കുള്ളതുമാണ്. കഥാഘടനയും ഭംഗിയായിട്ടുണ്ട് * * * * * * * കുചേലന്റെ ആകപ്പാടെയുള്ള ഈ വേഷപ്പകർച്ച, ഒരു മുണ്ടും തോർത്തും മാത്രം ധരിച്ചു നടന്നിരുന്ന ആൾ പെട്ടെന്ന് കുപ്പായവും തലക്കെട്ടുമായി വരുന്നതു കാണുമ്പോൾ തോന്നാറുള്ള ഒരു മനോവികാരം ചിലർക്ക് ഉണ്ടാക്കിയേക്കാം. എന്നാൽ അങ്ങിനെയുള്ള ഒരു മാററം സകാരണമാണെന്നറിയുമ്പോൾ, നിന്ദാഗർഭമായ ആ വിസ്മയം ശമിക്കയും അതിൽ യഥാർഹമായ ഗൌരവം ജനങ്ങൾക്ക് തോന്നിത്തുടങ്ങുകയും ചെയ്യും. പുരാണകഥാപുരുഷന്മാരുടെ ജീവിതത്തെ ഈ മാതിരി പുതുക്കിയെഴുതുന്നതും, അതുപോലെ കലാശത്തിൽ മഹാജനങ്ങൾക്ക് രുചിക്കുക തന്നെ ചെയ്യും. അതുകൊണ്ട് മിസ്റ്റർ മേനോനെ ഞങ്ങൾ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുന്നു. * * ”

—“വിവേകോദയം”— പുസ്തകം ൧൦— നമ്പർ ൪—

* * * *

## ഒരു നിരൂപണം.

(കെ. എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മ.)

---

കാലചക്രത്തിരിവിൽ പ്രായേണ പൂർവ്വികസമ്പ്രദായങ്ങൾ നശിക്കയും അവയ്ക്കു പകരം നവീനചട്ടങ്ങൾ ആവിർഭവിക്കയും ചെയ്യുന്നത് ഒരിക്കലും ഒരു പുതുമയായി കരുതേണ്ടതല്ല. പ്രാചീനകാലങ്ങളിലെ കഥാപുരുഷന്മാരുടെ നടവടികളും മററും സൂക്ഷ്മം പരിശോ

ധിച്ചു നോക്കുന്നതായാൽ അവർ ആധുനികകാലങ്ങളുമായി എത്രത്തോളം വേർപിരിഞ്ഞു നില്ക്കുന്നു എന്നു വെളിപ്പെടുന്നതാണ്. രാമായണത്തിലെ ഒരു ഹനൂമാനോ, ഭാരതത്തിലെ ഒരു അഭിമന്യുവോ ഇക്കാലം ഉണ്ടായിരുന്നെങ്കിൽ അവർ ചെയ്യുന്ന സംഭാഷണരീതി മുതൽ സർവ്വകാര്യങ്ങളും അഭിനവകാലത്തെ അനുസരിച്ചു മാത്രമെ സംഭവിക്കയുള്ളു.

എത്രയോ നൂററാണ്ടുകൾക്കു മുമ്പ് ഒരു കാലത്ത് കഴിഞ്ഞതായി കരുതപ്പോരുന്ന ഒരു കഥയെ, അതിൽ അന്തർഭവിച്ചു കിടക്കുന്ന സാരോദ്ദേശ്യങ്ങളെയും, തത്വമർമ്മങ്ങളെയും വ്യത്യാസപ്പെടുത്താതെ, നവീനലോകഗതിക്കനുസരണമായി എഴുതിത്തീർക്ക എന്നുള്ള ദുർഘടപരിശ്രമത്തിൽ, കഥാകാലത്തേയും ഇപ്പൊഴത്തേയും ലോകാചാരങ്ങൾ ധാരാളത്തിലധികം അറിഞ്ഞിരിക്കേണ്ടതും, അവ തമ്മിലുള്ള സമാസമവൃത്തികൾ പാടുള്ളെടത്തോളം മനസ്സിലാക്കിയിരിക്കേണ്ടതും എത്രയോ ആവശ്യമാണ്. പൌരാണികകാലചരിത്രം, ഭാരതത്തെ സംബന്ധിച്ച്, വളരെ വിശദമായും വിസ്തൃമായും നമുക്കിനിയും കിട്ടീട്ടില്ലായ്കയാൽ ആ കാലങ്ങളിലെ കഥാപുരുഷന്മാരുടെ വിവിധചരിത്രങ്ങളെ കൂലങ്കഷമായി നാം അറിയുന്നത് ദുസ്സാധ്യമാണെങ്കിൽ കൂടി, ചിന്നിച്ചിതറിക്കിടക്കുന്ന നാനാ പഴങ്കഥകളും മററും വായിച്ച് ഗ്രഹിച്ച് ആകപ്പാടെ ഒരു സംഘടിതജ്ഞാനം സമ്പാദിപ്പാൻ ആൎക്കും പരിശ്രമത്താൽ സാധിക്കുന്നതായിരിക്കും.

പൌരാണിക പാത്രമായ കുചേലൻ എങ്ങിനെ ജീവിച്ചുപോന്നു എന്നും, ആരെ എല്ലാം ആത്മപൂർവ്വം സ്നേഹിച്ചുവെന്നും, എങ്ങിനെ ജനസമുദായത്തിൽ പെരുമാറി എന്നും മററും ഇക്കാലത്ത് യുക്തിയുക്തം ഉൽഘോഷിക്കുന്നവർ ഏറെയുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ രാജശ്രീ കുന്നത്ത് ജനാർദ്ദനമേനോൻ അവർകൾ തന്റെ നൈസൎഗ്ഗികങ്ങളായ വ്യുല്പത്തിശുദ്ധതയെയും ബുദ്ധിപരിപാകതയെയും ആലോചനാശക്തിയെയും അവലംബിച്ച് ഇപ്പൊൾ ഈ ലോകരംഗത്തിൽ കെട്ടി പ്രവേശിപ്പിച്ച കുചേലനെ ആമൂലചൂഡം സൂക്ഷിച്ചു കഴിഞ്ഞ മാത്രയിൽ ഏവനും, സ്വാനുഭവചരിത്രങ്ങൾ അനായാസേന ധാരണയിൽ വരുന്നതാണെന്ന് പറഞ്ഞേ തീരു.

രണ്ടാമധ്യായത്തിൽ കാണുന്ന "കഠിനമാ[illegible] ദാരിദ്ര്യത്താൽ മുച്ചൂടും ഗ്രസിക്കപ്പെട്ട ജീവിതത്തിൽ കുടുങ്ങിയിരിക്കുന്ന" കുചേലന്റെ പാപ്പിടം ആൎക്കാണ് ഇക്കാലത്തെ സുലഭസാധാരണങ്ങളായ ക്ഷാമ

കുടിലുകളെ പരിചയപ്പെടുത്താത്തത്? "വയർ വീൎത്തു തള്ളിയും, നെഞ്ഞ് കുൎത്തും, എല്ലുകളെല്ലാം ഒന്നൊന്നായി പെറുക്കി എടുക്കാവുന്നവണ്ണം വെളിപ്പെട്ടും . . . . നാറിക്കീറിപ്പറിഞ്ഞ തുണിക്കഷണം അരയിൽ കെട്ടിപ്പൊതിഞ്ഞും" നാം കണ്ടുവരുന്ന ദാരിദ്ര്യസന്താനങ്ങൾ തന്നെയാണ് കുചേലന്റെ വീട്ടിലും ഉള്ളത്.

എങ്കിലും ആത്മികമായി കുചേലനുള്ള വിവിധമാഹാത്മ്യങ്ങളെ ഗ്രന്ഥകൎത്താവ് വ്യക്തമായി ഈ ദാരിദ്ര്യക്കോപ്പിന്നിടയിൽ പ്രതിബിംബിപ്പിക്കുന്നുണ്ട്. സതീശിരോമാലികയായ സരോജിനിയുടെ ആശയശുദ്ധിയും ഭക്തപരായണനായ ശ്രീകൃഷ്ണഭഗവാന്റെ ആദരവും, രുഗ്മിണീഭാമമാരുടെ ശുശ്രൂഷയും, എന്നു വേണ്ട എല്ലാ ഘട്ടങ്ങളും പ്രസ്തുത പുസ്തകത്തിൽ നിൎദ്ദോഷസ്ഥിതിയിൽ പ്രതിപാദിച്ചിട്ടുള്ളതിന്നു പുറമെ അവയെല്ലാം പ്രത്യേകം പ്രത്യേകം ഒരു നവീനതയും ലാളിത്യവും കൊടുത്ത് മിനുക്കിവെച്ചിരിക്കുന്നു. ശ്രീകൃഷ്ണന്റെ സംഭാഷണത്തിൽ ഈശ്വരതത്വത്തെക്കാൾ അധികം വായനക്കാരെ ആകൎഷിക്കുന്നത് അവിടുത്തെ നേരംപോക്കും മിത്ര വാത്സല്യവും ആണ്. ഈ ഉപായവിദ്യ മിസ്റ്റർ മേനവൻ സ്വീകരിച്ചത് കാലത്തിന് യോജ്യത വരുത്തുവാൻ വേണ്ടിയായിരിക്കണം.

കാമദാനത്തിനു ശേഷം യഥാൎത്ഥനിഷ്കൎമ്മിയായ കുചേലനെ മുന്നൂറായിരം വരാഹൻ മാസപ്പടിയിൽ' ശ്രീകൃഷ്ണൻ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽ നിശ്ചയിച്ചത്" മിസ്റ്റർ ജനാൎദ്ദനമേനവന്റെ വെറും വിദ്യയായിപ്പോയിരിക്കുന്നു! എങ്കിലും മഹാനുഭാവനായ ആ ബ്രാഹ്മണനെ മറ്റൊരു വകുപ്പിലും തട്ടിവിടുവാൻ മിസ്റ്റർ മേനവന്റെ കൈപ്പഴക്കം സമ്മതിക്കാഞ്ഞത് ആശ്വാസജനകം തന്നെ.

കുചേലന്റെ ഗദ്യരീതി പറകയാണെങ്കിൽ, ആകപ്പാടെ പ്രൌഢമായും, സുഗമമായും, ചിലെടം ഫലിതമായും ഇരിക്കുന്നുണ്ട്. അവിടവിടെയായി ഒളിച്ചു കിടക്കുന്ന ചില ദേശ്യപദങ്ങൾ, പക്ഷേ, മുന്നോട്ടു തള്ളി നില്ക്കുന്ന സുലളിതപദങ്ങളെ അതിക്രമിക്കയില്ലായിരിക്കാം.

ഇപ്രകാരം ഇനിയും പ്രാചീനകഥാനായകന്മാരെ വേണ്ടുംവിധം ചൊടിയും കുത്തി, കച്ചയും ഉടുപ്പിച്ച് ഏതൽകാലരംഗത്തിൽ പുറപ്പെടുവിക്കേണ്ട ഉദ്ദേശ്യവും ഉത്സാഹവും സരസപണ്ഡിതനായ മിസ്റ്റർ ജനാൎദ്ദനമേനവന്ന് ഈശ്വരൻ കൊടുക്കുമാറാവട്ടെ.

—"കേരളപത്രിക—" പുസ്തകം ൩൦— നമ്പർ ൧.

THE MALAYALAM IMPROVEMENT COMMITTEE. ★ COCHIN GOVERNMENT.